
# = പരുമലപ്പെരുനാൾ =

# മാർ ഗ്രീഗോറിയോസ് വിയോഗം.




# പൊൻജൂബിലി സുവനീർ

**1952.**

പരിശുദ്ധനായ




മാർ ഗ്രീഗോറിയോസ് – ചാത്തുരുത്തി.

# വിഷയവിവരം.


പ്രസാധകപ്രസ്താവന — പുറം. i

ചില സ്മരണകൾ—കെ. സി. മാമ്മൻമാപ്പിള. — 1

അത്ഭുതയോഗി—വി. വി. ജോർജ്ജ്. — 6

മാർ ഗ്രീഗോറിയോസ്—എം. സി. കുറിയാക്കോസു റമ്പാൻ. — 7

ഊർശ്ലേംയാത്ര–എഴുത്തുകൾ—മലങ്കര മല്പാൻ. — 33

ഒന്നാംവാർഷികസ്മരണ–മനോരമ–1903. — 37

അത്ഭുതവാന്റെ അത്ഭുതങ്ങൾ–കെ.എം.വറുഗീസു മുതലായവർ. — 39

മരണാനന്തരം—സി. വി. ചാണ്ടി. — 58

കൊച്ചുതിരുമേനിയുടെ കുടുംബം—മാത്യു ചാത്തുരുത്തി. — 60

പിതൃസ്മരണ—കെ. ഇ. തോമ്മസ്കത്തനാർ. — 64

പരുമല ബാവാ പഴഞ്ഞിപ്പള്ളിയിൽ—ചാക്കോരുമാസ്റ്റർ. — 70

മലങ്കരയിലെ ആധുനികപരിശുദ്ധൻ-ഫാദർ ദാനിയേൽ. — 82

ആ ഭാഗ്യം—ഫാദർ ഗീവറുഗീസുപണിക്കർ. — 74

പരുമല കൊച്ചുതിരുമേനി— 1. ജേക്കബ്കുഴ്യൻ. — 76

2. ഒ. എം. ചെറിയാൻ — 77

3. എ. എം. വർക്കി. — 79

— പരുമലപ്പെരുനാൾ —

മാർ ഗ്രീഗോറിയോസ് വിയോഗം

# പൊൻജൂബിലി സൂവെനീർ

പരുമല സിമ്മനാരിയിൽനിന്നും
പ്രസിദ്ധപ്പെടുത്തുന്നത്

1952.

1952-ലെ രണ്ടു ജൂബിലേറിയന്മാർ.



മാർ തോമ്മാശ്ലീഹായും
മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും.

മൈലാപ്പൂരിൽ–മ്ശിഹായെ പ്രതിതൻ–ജീവൻ വച്ചവനേ,
നിരണം മുതലായവയേഴു–ഭവനം സംസ്ഥാപിച്ചവനേ,
ഇൻഡ്യായുടെ കാവല്ക്കാരാ–മാന്യപിതാവേ മാർ തോമ്മാ,
ഓർക്കണമേ–ഞങ്ങളെയെന്നാളും.*

ബാല്യത്തിൽതന്നെ–ദൈവത്തിനുവേണ്ടി–സ്വയമർപ്പിച്ചോനേ,
ആജീവനവുമനന്തരവും—ഭവ്യാൽഭുതകരനേ, ദിവ്യ,
പരനുടെ പരിമളഭാജനമേ—പരുമലെ മരുവും തിരുമേനീ,
ഓർക്കേണമേ –ഞങ്ങളെയെന്നാളും.*

# പ്രസാധക പ്രസ്താവന

ക്രിസ്താബ്ദം 1952–ാകുന്ന ഇക്കൊല്ലം രണ്ടുജൂബിലികൾ നമ്മെ ആശീർവദിക്കുന്നു. "നമുക്കും അവനോടുകൂടെ മരിക്കുന്നതിനു പോകാം", എന്നു സഹശ്ളീഹന്മാരെ ധൈര്യപ്പെടുത്തിയ ഭക്തധീരനായ മാർ തോമ്മാശ്ളീഹാ സുവിശേഷഘോഷണാർത്ഥം വിദൂരെ നിന്നും നമ്മുടെ ദേശത്തു ആഗതനായിട്ടു് ഇക്കൊല്ലം 19 ശതാബ്ദം തികയുന്നു. നമ്മുടെ മലങ്കരസഭയിലെ ഏകപ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് ദിവംഗതനായിട്ടു് ഈ വത്സരം അമ്പതുവർഷം പൂർത്തിയാകുന്നു. നമ്മുടെ രക്ഷാകർത്തൃവിശ്രുന്റെ ജൂബിലി അദ്ദേഹത്തിന്റെ പൗരസ്ത്യകാതോലിക്കാസിംഹാസനത്തിൻ കീഴുള്ള പള്ളികളിൽ ആഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു: പൊതുവായ ഒരു ആഘോഷം അദ്ദേഹത്താൽ സ്ഥാപിതമായ നിരണത്തുപള്ളിയിൽ വച്ചു് ഈ വർഷംതന്നെ നടത്തപ്പെടുന്നതാണെന്നു അറികയും ചെയ്യുന്നു. എന്നാൽ പരുമല ബാവായുടെ ചരമ പൊൻ ജൂബിലി അദ്ദേഹം കബറടങ്ങിയിരിക്കുന്ന ഈ സിമ്മനാരിപ്പള്ളിയിൽ അദ്ദേഹത്തിന്റെ ദുക്റാനാദിനംതന്നെ ആഘോഷിക്കപ്പെടേണ്ടതാണല്ലോ: യഥാശക്തി ആഘോഷിക്കപ്പെടുന്നതുമായിരിക്കും.

ദൈവാത്മപ്രചോദിതരായ പുണ്യാത്മാക്കൾ അവരുടെ ജീവിതകാലത്തിൽ മാത്രമല്ല,അവർ കാലയവനികക്കുള്ളിൽ മറഞ്ഞാലും ഭക്തജനങ്ങളുടെ സഹായത്തിനും രക്ഷയ്ക്കുമായി അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു അനുഭവസ്ഥന്മാർ സാക്ഷികളാണു്. ഈ പുണ്യവാന്റെ തിരുശേഷിപ്പുകൾ പള്ളിയുടെ വടക്കുവശത്തുള്ള കബറിൽ നിത്യവിശ്രമം കൊള്ളുന്നതിനാൽ അവിടെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. എന്നുമാത്രവുമല്ല തിരുസന്നിധിയിൽ ശരണംപ്രാപിച്ചിട്ടുള്ള ഏവരുടെയും അനുഭവവുമാണു് അതു്. ഏലിശാപ്രവാചകന്റെ അസ്ഥിക

* ഈ അടയാളമുള്ള ശീലുകളുടെ രീതി "ഉടയോൻ നാഥാ, ഗിരിസീനാ–" എന്നതാണു്.

ളാൽ സംഭവിച്ചതായിവി: വേദത്തിൽ പറയുന്ന അത്ഭുത സംഭവം അതിൻെറ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നുമുണ്ടല്ലോ.

ഭൂതാവേശത്താൽ വലയുന്നവർ, തീരാവ്യാധികൾ പിടിപെട്ടവർ,സന്താനമില്ലായ്മയാൽ സന്തപിക്കുന്നവർ, ആപൽശങ്കയിൽ അസ്വാളിക്കുന്നവർ, ചിത്തഭ്രമത്താൽ സംഭ്രാന്തരായവർ, പാപത്തിന്മേൽ ജയത്തിനായി പോരാടുന്നവർ എന്നിങ്ങനെ ശാരീരികമായും ആത്മീകമായുമുള്ള അനുഗ്രഹ നിവൃത്തിക്കുവേണ്ടി ഈ പരിശുദ്ധൻെറ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നവരും അതുപോലെതന്നെ ആശാനിവൃത്തി വന്നശേഷം തങ്ങൾക്കുള്ള കൃതജ്ഞതയെ സൂചിപ്പിക്കുന്നതിനെന്നവണ്ണം വീണ്ടും സമീപിക്കുന്നവരുമായ അനേകം ആളുകളുമായി പരിചയപ്പെടുന്നതിനു് എനിക്കു ഇടയായിട്ടുണ്ടു്. വിദൂരദേശങ്ങളിൽ നിന്നുപോലും ഇവിടെവരുന്നവരും മദ്ധ്യസ്ഥത അർത്ഥിക്കുന്നവരുമായ ജനങ്ങളുടെ സംഖ്യയും ഒട്ടും ചുരുങ്ങിയിതല്ല.

ജാതിമത ഭേദമെന്യേ ഇവിടെ വന്നു് തിരുമേനിയുടെ കബറിങ്കൽ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ആരും ആവശ്യപ്പെടാതെതന്നെ അവരുടെ അനുഭവം പ്രസ്താവിക്കുകയും ചെയ്യുന്നതു് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഇഹത്തിലും പരത്തിലും ക്ഷയിച്ചുപോകാത്ത ദൈവാത്മപ്രസാദത്തിൻെറ മഹനീയതയെക്കുറിച്ചു് ആർക്കും ആകർഷണീയത ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

പരിശുദ്ധനായ തിരുമേനിയെ കീർത്തിച്ചുകൊണ്ടു് ഒരു സുവെനീർ, അഥവാ സ്മാരകഗ്രന്ഥം പ്രസിദ്ധപ്പെടുത്തേണ്ടതു അദ്ദേഹത്താൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൻെറ കടമ ആകുന്നുവല്ലോ. ഇതിലേക്കു പുണ്യവാനെപ്പററി പുണ്യസ്മരണകളും ലേഖനങ്ങളും കവിതകളും അനുഭവസാക്ഷ്യങ്ങളും അയച്ചുതന്നിട്ടുള്ള ഏവരോടും ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു. പരിശുദ്ധനോടുള്ള ഭക്തി വർദ്ധനവിനു ഈ സുവെനീർ അല്പമെങ്കിലും പ്രയോജനപ്പെടാതിരിക്കയില്ല എന്നു പ്രതീക്ഷിക്കുന്നു. അവിടുത്തെ മദ്ധ്യസ്ഥത ലേഖകന്മാർക്കും വായനക്കാർക്കും പ്രസാധകനും അദ്ദേഹത്തെ സ്മരിക്കുന്ന ഏവർക്കും അനുഗ്രഹപ്രദായകമായിരിക്കട്ടെ.

എന്നു്

പരുമല സിമ്മനാരി,
മാന്നാർ, 20–10–1952

**ഫാദർ കെ. ബി. മാത്യൂസ്**
(മാനേജർ)

### പുണ്യസ്മരണീയനായ

# പരുമലത്തിരുമേനി

## എൻെറ ബാല്യകാലസ്മരണകളിലെ ചില ഇതളുകൾ

(കെ. സി. മാമ്മൻമാപ്പിള)

ലൌകികമായ ബുദ്ധിസാമർത്ഥ്യം, കർമ്മകുശലത, ചൊടിപ്പ്, വാചാലത, നേട്ടങ്ങൾ, ആദിയായവയെക്കാൾ മനുഷ്യരുടെ സ്ഥായിയായ സ്നേഹാദരങ്ങളെ ആർജ്ജിക്കുന്നതു് ആന്തരികമായ ദൈവഭക്തിയും ജീവിതനൈർമ്മല്യവുമാണെന്നുള്ളതിനു് അനേകം ഉദാഹരണങ്ങൾ നമ്മുടെ മുമ്പിൽതന്നെ കാണാറുണ്ടു്. ലൌകികങ്ങളായ സാമർത്ഥ്യവിശേഷങ്ങൾ പൂമ്പൊടിപോലെ താൽക്കാലികമായ ഒരു ശോഭ കാണിച്ചു മറയുകയേ ചെയ്യുകയുള്ളു. എന്നാൽ ആന്തരികമായ ആത്മവിശുദ്ധിയാകട്ടെ, നിലവിലിരിക്കുന്ന പരിസരങ്ങളിലും ഭാവി തലമുറകളിലും വെളിച്ചം വീഴ്ത്തിക്കൊണ്ടേയിരിക്കും. അങ്ങനെയുള്ള പുണ്യാത്മാക്കൾ തലമുറകളിൽ വല്ലപ്പോഴും മാത്രമേ ആവിർഭവിക്കാറുള്ളു. അവർ മനുഷ്യസമുദായത്തിൻെറ കെടാവിളക്കുകളാണ്.


മലങ്കര സഭാചരിത്രത്തിൻെറ ആകാശവീഥിയിൽ, ഇക്കഴിഞ്ഞ ഒരു ശതാബ്ദക്കാലത്തിൻെറ പൂർവ്വാർദ്ധത്തിൽ ശോഭിച്ചുനിന്ന ഒരു ധ്രുവനക്ഷത്രമായിരുന്നു പുണ്യാത്മാവായ (കാലംചെയ്ത) മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി.

"പരുമലത്തിരുമേനി" എന്ന സ്നേഹാദരനിർഭരമായ അപരാഭിധാനത്തിൽ ഇന്നും മലങ്കരയെങ്ങും വാഴ്ത്തപ്പെടുന്ന ആ തിരുമേനിയുടെ അമ്പതാം ചരമവാർഷികം പ്രമാണിച്ചു്, അവിടുത്തെ പാവനസ്മരണയോടുള്ള ബഹുമാനസൂചകമായി ഇങ്ങനെയൊരു വിശേഷാൽ പ്രസിദ്ധീകരണം പുറപ്പെടുവിക്കുന്നതിനും അതു ഭംഗിയായി നിർവഹിക്കുന്നതിനു് ആവശ്യമായ ക്ലേശങ്ങൾ സഹിക്കുന്നതിനും തിരുമാനിച്ച ഭാരവാഹികളെ ഞാൻ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു.

മലങ്കര സഭ നവീകരണകക്ഷിമത്സരത്തിൻെറ കാററും കോളും കൊണ്ടു് ഒരു പ്രക്ഷുബ്ധസമുദ്രമായി രൂപാന്തരപ്പെട്ടിരുന്ന കാല

ഘട്ടത്തിലായിരുന്ന ആ അഭിവന്ദ്യ തിരുമേനി തന്റെ പ്രശാന്തസുന്ദരമായ ജീവിതമാതൃക കൊണ്ടു സഭയ്ക്കു നേതൃത്വമരുളിക്കൊണ്ടിരുന്നതു്.

അക്കാലത്തു ഞാൻ ഒരു ബാലനായിരുന്നു. എന്റെ ജനനം ക്രിസ്തുവർഷം 1873-ലാണു്. പരുമലത്തിരുമേനി മെത്രാൻ പട്ടമേറ്റതു 1876—ലൊ മറ്റോ ആണെന്നു തോന്നുന്നു. പ്രായത്തിൽ അത്ര അന്തരമുണ്ടായിരുന്നു ഞങ്ങൾ തമ്മിൽ. അക്കാലത്തു സർവ്വജനസമാരാദ്ധ്യനായ ഒരു മെത്രാപ്പോലീത്തായെപ്പറ്റി, തിരുമനസ്സിലെ



കെ. സി. മാമ്മൻമാപ്പിള

സവിശേഷമായ സ്നേഹവാത്സല്യങ്ങൾക്കു് പാത്രീഭവിച്ചിരുന്ന ഒരു കുടുംബത്തിലെ അംഗമായ ഒരു ബാലനു് ഉണ്ടാകാവുന്ന സ്മരണാശകലങ്ങളിൽ കൂടുതലായി തിരുമേനിയെപ്പറ്റി എന്തെങ്കിലും സവിസ്തരം എഴുതത്തക്കവണ്ണം, എനിക്കു പ്രായപൂർത്തിയായശേഷം, ഞങ്ങൾ തമ്മിൽ, സഭാരംഗത്തോ പൊതുജനജീവിതരംഗത്തോ അടുത്തു പെരുമാറാൻ അവസരമുണ്ടായിട്ടില്ല. ഞങ്ങൾ തമ്മിലുണ്ടായിരുന്ന ഗണ്യമായ പ്രായവ്യത്യാസമായിരുന്നു അതിനു കാരണം. എങ്കിലും എനിക്കു് ഒരു ബാലനെന്ന നിലയിൽ തിരുമേനിയെ പലപ്പോഴും അടുത്തു കാണുന്നതിനും, തിരുമേനിയുടെ വാത്സല്യമസൃണമായ സൌഹാർദ്ദസൽക്കാരങ്ങൾക്കു പാത്രീഭവിക്കുന്നതിനും ഇടയായിട്ടുള്ള സന്ദർഭങ്ങൾ ഞാൻ ഈ എൺപതാം വയസ്സിലും സുവ്യക്തമായി ഓർക്കുന്നു.

എന്റെ പിതാവും പരുമലത്തിരുമേനിയും തമ്മിൽ വളരെ അടുപ്പത്തിലായിരുന്നു കഴിഞ്ഞുകൂടി വന്നതു്. സാധാരണയിൽ കവിഞ്ഞ ഒരു സ്നേഹബന്ധം അവരെ ഇരുവരെയും തമ്മിൽ ബന്ധിച്ചിരുന്നു. അക്കാലത്തു ഞങ്ങളുടെ നിരണം ദിക്കിൽനിന്നു പലരും പലപ്പോഴും പരുമല സിമ്മനാരിയിൽ പോയി മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിക്കുക പതിവായിരുന്നു. അക്കൂട്ടത്തിൽ ഞങ്ങളുടെ തയ്യിൽ വീട്ടിൽനിന്നു് എന്റെ കുടുംബാംഗങ്ങളും പോകുമായിരുന്നു. മെത്രാപ്പോലീത്തന്മാരെ കാണാൻ പോകുമ്പോൾ പലതരം പലഹാരങ്ങൾ ഉണ്ടാക്കിക്കൊണ്ടുചെന്നു കാഴ്ചവയ്ക്കുക സുറിയാനി ക്രിസ്ത്യാനികളുടെ പണ്ടേയുള്ള ഒരു ഉപചാരരീതിയാണല്ലോ. ചിലപ്പോൾ വീട്ടിൽനിന്നു പലഹാരങ്ങൾ ഉണ്ടാക്കി തിരുമേനിക്കു കൊണ്ടുചെന്നു കൊടുക്കാൻ എന്നെ നിയോഗിച്ചയയ്ക്കും. ഞാൻ അവ കൊണ്ടുചെന്നു കൊടുക്കും. മെത്രാപ്പോലീത്താതിരുമേനി ധരിച്ചിരുന്ന തെളുതെളെ മിന്നുന്ന പട്ടുകുപ്പായവും മുടിയും മററും അന്നു് എന്നെ ആകർഷിച്ച ഒരു കാഴ്ചയായിരുന്നു. ഉജ്ജ്വലമായ ആ വേഷഭൂഷാദികളിൽ ഞാൻ സശ്രദ്ധം നോക്കി വളരെനേരം നിന്നിട്ടുള്ളതോർക്കുന്നു. തിരുമേനി എന്നെ വാത്സല്യപൂർവ്വം അരികിൽ വിളിച്ചു കുശലപ്രശ്നങ്ങൾ ചെയ്യുകയും എനിക്കു പലഹാരങ്ങൾ തരുകയും ചെയ്തിരുന്നതും ഞാൻ ഓർക്കുന്നു.

പിന്നീടു് എന്റെ അക്കാലത്തെ ബാല്യകാലസ്മരണകളിൽ ഉദിക്കുന്ന മറെറാരു രംഗം, അന്നു തിരുവിതാംകൂർ ദിവാൻജിയായിരുന്ന രാമയ്യങ്കാരവർകൾ, മെത്രാപ്പോലീത്താ തിരുമനസ്സിലെ ആസ്ഥാനമായിരുന്ന പരുമലസിമ്മനാരി സന്ദർശിച്ചഅവസരത്തിൽ മെത്രാപ്പോലീത്താതിരുമനസ്സിലെ നേതൃത്വത്തിൽ ദിവാൻജിക്കു നൽകപ്പെട്ട സ്വീകരണസമ്മേളനമാണു്. സമീപത്തുംദൂരദിക്കിലുമുള്ള അനേകമാളുകൾ അന്നേദിവസം പരുമലെ വന്നുകൂടിയിരുന്നു.ഒരു ചെറുബാലനായിരുന്ന ഞാൻ ആ മഹാസമ്മേളനരംഗത്തിൽ വച്ചു, ദിവാൻജിയുംമെത്രാപ്പോലീത്തായും മററും ഉപവിഷ്ടരായിരുന്ന വിശിഷ്ടാസനങ്ങൾക്കു തൊട്ടരികിലാണു നിന്നതു്. അങ്ങനെ നിൽക്കുന്ന വേളയിൽ ഞാൻ, ബാല്യപ്രായസാധാരണമായ ജിജ്ഞാസാകൌതുകങ്ങളാൽ, പുറകിൽനിന്നു ദിവാൻജിയുടെ കസവു തലപ്പാവിൽ വിരൽകൊണ്ടു് ഒന്നു തൊട്ടുനോക്കിയതും ഓർക്കുന്നു. ദിവാൻ രാമയ്യങ്കാരുടെ ഭരണനയത്തെപ്പററി, ആയിടയ്ക്കു നാട്ടിൽ പൊതുജനങ്ങളുടെയിടയിൽ കുറെയൊക്കെ അസംതൃപ്തി ഉണ്ടായിരുന്നെങ്കിലും, അദ്ദേഹം വാസ്തവത്തിൽ രാജ്യക്ഷേമകാംക്ഷയും ദീർഘദൃഷ്ടിയുമുള്ള ഒരു ഭരണാധികാരിയായിരുന്നു. അന്നത്തെ സമ്മേളനത്തിൽവച്ചു്, ദിവാൻജിക്കു സ്വാഗതമരുളിക്കൊണ്ടു മെത്രാപ്പോലീത്താ തിരുമേനി ചെയ്ത ഒരു ലഘുപ്രസംഗത്തിൽ, രാജ്യഭരണം സംബന്ധിച്ചുള്ള രാമയ്യങ്കാർ ദിവാൻജിയുടെ നയത്തെയും നേട്ടങ്ങളെയും പ്രശംസിച്ചിരുന്നു. തുടർന്നു ദിവാൻജിചെയ്ത മറുപടിപ്രസംഗത്തിൽ, മെത്രാപ്പോലീത്തായെപ്പറ്റി

ലെ ബുദ്ധിയും തിരിച്ചറിവും, കാര്യവിവരവുമുള്ളവരുടെ പിന്തുണയെയാണ താൻ വിലമതിക്കുന്നതെന്നും പ്രസ്താവിച്ചിരുന്നു. ആ സന്ദേശമുള്ള നരംഗം ഇന്നും ഞാൻ നല്ലവണ്ണം ഓർക്കുന്നു.

തിരുമേനി, ചിലപ്പോൾ, പരുമലപ്പള്ളിയിൽനിന്നു, പരിവാരസമേതം, നിരണത്തു പള്ളിയിലേക്കു പല്ലക്കിൽ എഴുന്നെള്ളിവരുന്ന കാഴ്ചയും എൻെറ സ്മൃതിപഥത്തിൽ തങ്ങിനിൽക്കുന്ന ഒന്നാണ്.

ഒരിക്കൽ തിരുമേനി നിരണത്തുവന്ന് ആ പള്ളിയിടവകയിലെ ജനങ്ങളെ വിളിച്ചുകൂട്ടി അവർ തമ്മിലുള്ള കക്ഷിവഴക്കുകൾ പറഞ്ഞു രമ്യമാക്കാൻ ശ്രമിക്കുകയായിരുന്നു. തിരുമേനി ആവുന്നത്ര സൽപ്രബോധനങ്ങൾ നൽകിയിട്ടും ഇടവകാംഗങ്ങൾ തമ്മിലുള്ള കക്ഷിവഴക്കുകൾ തീർക്കാൻ സാധിച്ചില്ല. പള്ളിയിൽ ഒരു ഇടവകയോഗത്തിൽ വച്ചു തിരുമേനി സൌമ്യതയുടെയും പരസ്പര രഞ്ജനയുടെയും മഹത്വത്തെപ്പററി ഉൽബോധ രൂപേണ പ്രസംഗിച്ചുകൊണ്ടിരുന്ന വേളയിലാണ ഞാനും എൻെറ അനുജൻ കെ. സി. ഈപ്പനും കൂടി (ഞങ്ങൾ അന്ന് എട്ടും പത്തുവയസ്സുമാത്രം പ്രായമുള്ള കുട്ടികളാണ്) വീട്ടിൽ നിന്നു തന്നയച്ച പലഹാരങ്ങൾ എടുപ്പിച്ചുകൊണ്ട് പള്ളിയകത്തേക്കു കയറിച്ചെന്നതു്. തിരുമേനി ഞങ്ങളെ കണ്ടപ്പോൾ, പ്രസംഗഗതിയിൽ ജനങ്ങളോടായി, "നിങ്ങൾ മനസ്സുതിരിഞ്ഞു ശിശുക്കളെപ്പോലെയായിത്തീരുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗ്ഗരാജ്യത്തിനവകാശികളായിത്തീരുന്നതല്ല" എന്ന വേദവാക്യത്തെ സ്പർശിച്ചു ചിലതു പറഞ്ഞു. അകാര്യംഞാനിപ്പോഴും ഓർക്കുന്നു.

തിരുമേനിയുടെ ജീവിതത്തിൻെറ അന്ത്യഘട്ടത്തിൽ ഒന്നുരണ്ടു മാസക്കാലം അതികഠിനമായ ശരീരവേദന അനുഭവിച്ചുകൊണ്ടു രോഗശയ്യയിൽ കഴിച്ചുകൂട്ടി. അന്നു തിരുമേനിയെ കാണാനും രോഗാന്വേഷണത്തിനും മററുമായി ഒട്ടനവധിയാളുകൾ പരുമല സിമ്മനാരിയിൽ വന്നുപൊയ്ക്കൊണ്ടിരുന്നു. വരുന്നവർക്കെല്ലാം പള്ളിയിൽ നിന്നുതന്നെ ഭക്ഷണം കൊടുക്കുന്നതിനു വേണ്ട ശട്ടംകെട്ടുകൾ ചെയ്തിരുന്നു. അക്കൂട്ടത്തിൽ ഞാനും കോട്ടയത്തുനിന്നു തിരുമേനിയെ കാണാൻ പോയി. അന്നു ഞാൻ കോട്ടയത്തു എം. ഡി. സിമ്മനാരി ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു. ദീനക്കിടക്കയിൽ അതികഠിനമായ ശരീരവേദനയനുഭവിച്ചുകൊണ്ടു കിടക്കുന്ന ആ വേളയിലും തിരുമേനി എന്നെക്കണ്ടയുടൻ തിരിച്ചറിഞ്ഞു, "നീ എപ്പോഴാണുവന്നതു്? വന്നിട്ട് ആഹാരം വല്ലതും കഴിച്ചോ?" എന്നിങ്ങനെ എന്നോടു സ്നേഹപുരസ്സരം കുശലംചോദിച്ചതും മററും, ഇന്നും തിരുമേനിയെപ്പററി അനുസ്മരിക്കുമ്പോൾ മനസ്സിൽ പൊന്തിവരുന്ന മധുരസ്മരണകളാണ്.

തിരുമേനി കഠിനമായ രോഗാസ്വാസ്ഥ്യം കൊണ്ടു പീഡിതനായിരുന്ന അന്ത്യഘട്ടത്തിലും പള്ളിയിലെ ആരാധനാശുശ്രൂഷകളിലും

മാറും മുടക്കം കൂടാതെ പങ്കെടുക്കണമെന്നും, അവയിൽ മെത്രാൻ സ്ഥാനത്തിനടുത്ത് തന്റെ കർമ്മങ്ങൾ സ്വയം അനുഷ്ഠിക്കണമെന്നും, അഭംഗമായ നിഷ്ഠ പുലർത്തിവന്നു. തിരുമേനി കാലം ചെയ്യുന്നതിനു് ഏതാനും മാസങ്ങൾക്കു മുമ്പ് കഷ്ടാനുഭവ ആഴ്ചയിൽ ദുഃഖവെള്ളിയാഴ്ച തിരുമേനി പള്ളിശുശ്രൂഷയിൽ സംബന്ധിക്കുന്നതിനിടയിൽ, ധൂപക്കുററിവീശുക, മുതലായ കർമ്മങ്ങൾ തന്നത്താൻ നടത്തിയതിൽ പ്രദർശിപ്പിച്ച ആത്യന്തികമായ ശരീരപാരവശ്യം കാണികളായ ബഹുജനങ്ങളെ സംഭ്രമവിഹ്വലരാക്കി. ആ ആരാധനാശുശ്രൂഷയ്ക്കിടയിൽ തിരുമേനി അവിടെത്തന്നെ നിലംപതിച്ചു കാലം ചെയ്തുപോകുമെന്നു ജനങ്ങൾക്കു തോന്നി. പള്ളിയകത്തു കൂടിയിരുന്ന ജനക്കൂട്ടം വാവിട്ടു നിലവിളിച്ചുപോയി.

1876–ാമാണ്ടു പത്രോസ് പാത്രിയർക്കീസുബാവാ മലങ്കരവന്നു് ആറു മെത്രാന്മാരെ വാഴിച്ചിട്ടാണല്ലോ മടങ്ങിപ്പോയതു്. അതിനുശേഷം മലങ്കരസഭയിലെ കക്ഷിമത്സരങ്ങളെപ്പററി ഇവിടെനിന്നു പലരും പലവിധത്തിലുള്ള റിപ്പോർട്ടുകൾ ബാവായിക്കു് എഴുതി അയച്ചുകൊണ്ടിരുന്നു, എങ്കിലും പരുമല തിരുമേനിയുടെ കത്തുകൾ ബാവാ പ്രത്യേകം വിലമതിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന സംഗതി ഈയവസരത്തിൽ സവിശേഷം സ്മരണീയമാണു്.

തിരുമേനിയെപ്പോലെ ഉയർന്ന ജീവിതപവിത്രതയുടെ മഹത്വം കൊണ്ടു അനുഗ്രഹീതരായ പുണ്യാത്മാക്കളിൽ സാധാരണ ജനങ്ങൾ ദിവ്യത്വം ആരോപിച്ചുപോകുന്നതാശ്ചര്യമല്ല. മനുഷ്യത്വത്തിന്റെ സാധാരണ നിരപ്പിൽ നിന്നു ഉയർന്നുനില്ക്കുന്ന സ്വഭാവനന്മയുടെ ഭാവകോടികളെല്ലാം ദൈവസ്വഭാവത്തോടഭിമുഖമായ സാമീപ്യപുരോഗതിയാണെന്നുള്ള അർത്ഥത്തിൽ ഈ ദിവ്യത്വം സാധൂകരിക്കത്തക്കതുമാണെന്നു പറയാം.

ഈ തത്വത്തെ അനുസ്മരിപ്പിക്കുന്ന ഒരു സംഭവം ഒരിക്കൽ ഉണ്ടായി.

1901–ാമാണ്ടു് പുലിക്കോട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ വൈദിക ജൂബിലി മഹോത്സവം കോട്ടയത്തുവച്ചു് അഭൂതപൂർവ്വമായ ആഘോഷസമേതം നടത്തപ്പെടുകയുണ്ടായല്ലൊ. മലങ്കരയുടെ നാനാഭാഗങ്ങളിൽ നിന്നു് അനേകായിരം ജനങ്ങൾ തദവസരത്തിൽ കോട്ടയത്തു പഴയസിമ്മനാരിയിൽ വന്നുകൂടുകയുണ്ടായി. വമ്പിച്ച ഘോഷയാത്രയ്ക്കും പൊതുയോഗത്തിനും മററുമുള്ള വിപുലമായ സജ്ജീകരണങ്ങളെല്ലാം ചെയ്തിരുന്നു. അതു മഴക്കാലമായിരുന്നു. ആഘോഷത്തീയതിയുടെ തലേദിവസം ഒരു വലിയ പെരുമഴയ്ക്കുള്ള ലക്ഷണങ്ങൾ കാണപ്പെട്ടു. പിറേറദിവസം മഴ ഉണ്ടായേക്കുമെന്നും, അങ്ങനെ സംഭവിച്ചാൽ ഘോഷയാത്രയും മററു ചടങ്ങുകളും അലങ്കോലപ്പെട്ടുപോയേക്കുമെന്നും പലരും ഭയപ്പെട്ടു.

തലേദിവസം പഴയസിമ്മനാരി പള്ളിയാരാധനാശുശ്രൂഷയ്ക്കിടയിൽ പരുമലത്തിരുമേനി ചെയ്ത ഒരു പ്രസംഗത്തിൽ, വരുവാനുള്ള കാര്യങ്ങൾ തൻെറ ജ്ഞാനദൃഷ്ടിയിലൂടെ മുൻകൂട്ടി കണ്ടിട്ടെന്നപോലെ ഉറപ്പായി പ്രസ്താവിച്ചു പിറേറദിവസം മഴ ഉണ്ടാവുകയില്ലെന്ന്.

അതുപോലെതന്നെ ജൂബിലിയാഘോഷദിവസം മഴ ഉണ്ടായതുമില്ല. ഈ സംഭവം പരുമലത്തിരുമേനിയുടെ ദിവ്യത്വത്തോടനുബന്ധിച്ച ഒരു അത്ഭുതസംഭവമായി ബഹുജനങ്ങൾ പരിഗണിച്ചുപോരുന്നു. അങ്ങനെ പലതും പറയാനുണ്ട്. മലങ്കര സുറിയാനിസഭയിൽ, പ്രത്യേകിച്ചു കോട്ടയത്തിനു തെക്കോട്ടുള്ള പ്രദേശങ്ങളിൽ, തലയെടുത്തുനിന്ന വൈദികപ്രമുഖരെന്ന നിലയിൽ ശോഭിച്ചിരുന്ന വട്ടശ്ശേരിൽ മല്പാനച്ചൻ (പിന്നീടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ)മട്ടയ്ക്കലച്ചൻ, പുത്തൻകാവുകിഴക്കേത്തലയ്ക്കലച്ചൻ, ഓമല്ലൂർ വടക്കേടത്തച്ചൻ, പനയ്ക്കാമിററത്തച്ചൻ, ആദിയായവരെല്ലാം തന്നെ ആദ്യകാലത്തു പരുമല സിമ്മനാരിയിൽ താമസിച്ചു പരുമലത്തിരുമേനിയുടെ കീഴിൽ സുറിയാനി വിദ്യാഭ്യാസം കഴിച്ചവരാണ്.

ആ അഭിവന്ദ്യപുണ്യാത്മാവിനെപ്പററിയുള്ള പരിപാവന സ്മരണ നമ്മുടെ സഭയ്ക്ക് എന്നെന്നും അഭിമാനം കൊള്ളാനുള്ള ഒരു അനർഘ സമ്പത്താണ്. ആ തിരുമേനിയുടെ ആത്മാവു പരലോകത്തിൽ നിന്നു നമ്മുടെ സമുദായത്തിൻെറ ഭാഗധേയഗതികളെ സശ്രദ്ധം സൂക്ഷ്മാവലോകനം ചെയ്തുകൊണ്ടിരിക്കുന്നു എന്നു നമുക്കു വിശ്വസിക്കാം. തിരുമേനിയുടെ വിശിഷ്ടസ്മരണയ്ക്കു അനുയോജ്യമല്ലാത്ത മാർഗ്ഗങ്ങളിൽ നിന്നു നാം പിന്മാറുകയും, തിരുമേനിയുടെ ആത്മാവിന് ആനന്ദം ചേർക്കുവാനുള്ള ജീവിതവിശുദ്ധിയിലേക്കും സ്വഭാവനൈർമ്മല്യത്തിലേക്കും ഉയരുവാൻ നമുക്ക് ഒരു സമുദായമെന്ന നിലയിൽ ശ്രദ്ധിക്കുകയും ചെയ്യാം.

---

# അത്ഭുതയോഗി

**(വെള്ളിയറ പി. വി. ജോർജ്)**

മഞ്ജരി

കാലത്തിൻ കണ്ണാടി തന്നിലൂടൊന്നു ഞാ—
നാലോകനംചെയ്തു നിന്നനേരം
അർദ്ധശതാബ്ദത്തിൻ സീമയ്ക്കുമേലെൻെറ
ചിത്തമിളകിപ്പറന്നു പററി,
സത്യസഭാനഭോമണ്ഡലം തന്നിലൊ—
രദ്ധ്യാത്മസൂര്യൻ വിളങ്ങിടുന്നു.

ഉജ്ജ്വലദീപ്തിയിലെന്മാനസാംബുജ-
മുൽഫുല്ലമായിത്തെളിഞ്ഞുമിന്നി.
അദ്ദിവ്യജ്ജ്വാലയിലെത്രപൈശാചിക-
ശക്തികൾ വെന്തെരിഞ്ഞില്ല പാർത്താൽ!
ക്രിസ്തീയയജ്ഞത്തിൻ ജീവിത സൂനത്തെ
നിസ്തുലംഹോമിച്ച യോഗിവര്യൻ
ഗ്രീഗോറിയോസഭിധാനനാം പുണ്യവാൻ,
സൽഗുരു, വൈരാഗി, സുപ്രസന്നൻ
അദ്ധ്യാത്മസൗരഭം വീശിമലങ്കര-
ക്കന്യൂനചൈതന്യം നൽകിമേന്മേൽ
ഭാവുകഭാസുര മന്ദാനിലാശ്ലേഷ-
ഭാഗ്യത്തിൽ മുങ്ങി സഭാംബ പാരം
അപ്രഭാപുഞ്ജമദൃശ്യമായിന്നിതാ-
ദ്വീപസ്ഥിതാശ്രമ പുണ്യഭൂവിൽ.
മൗനമാം ഭാഷയിൽ ലോകക്കുപദേശ-
ദാനംചെയ്തങ്ങുശയിച്ചിടുന്നു.
അല്ല! പരുമലേ നീയുമനുഗ്രഹ-
കല്ലോല പാളിയിൽനീന്തുകയോ?
പമ്പാസരിത്തുനിൻചുറ്റും വലയായി
നിൻ പാദസേവപിടിച്ചിടുന്നോ!
ആഗതരായുള്ള ഭക്തജനങ്ങളെ
സ്വീകരിക്കുന്നോ പാദ്യാംബുനൽകി!
അപ്പരിശുദ്ധൻതൻ ജീവിതാദർശങ്ങൾ
കെല്ലോടുനമ്മെയുണർത്തിയെങ്കിൽ!
ഈദൃശരായുള്ള പുണ്യാത്മതാരങ്ങൾ
ഈസഭാവാനത്തുദിച്ചുവെങ്കിൽ!!


---

# പരുമല മാർ ഗ്രീഗോറിയോസ്

## (എം. സി. കുറിയാക്കോസ് റമ്പാൻ)

രാത്രൗ,നേരം മണി ഒന്നായപ്പോൾ
പരുമലദയറായിൽ
പരിമളവും പ്രഭയും വീശി:
എന്തെന്നേവരുമാരായ്കെ
എൻ കർത്താവേ, എന്നു വിളി-
ച്ചാബൂൻ മാർ ഗ്രീഗോറിയോസ്
യാത്രയായ് വാനവരൊട്ടുകൂടെ.*

ക്രിസ്ത്വാബ്ദം 1902-ാമാണ്ടു തുലാമാസം 20-ാംതീയതി ഞായറാഴ്ച പരുമല സിമ്മനാരിയിൽവച്ച് സന്താപകരമായ ഒരു മരണം സംഭവിച്ചു. നേരം അർദ്ധരാത്രി കഴിഞ്ഞിരുന്നു. സിമ്മനാരി ശോഭിതമായി, അവിടെ മൂറോൻമണം വീശി. മലങ്കരയിലെ മഹാപരിശുദ്ധൻ ആബൂൻ മാർ ഗ്രീഗോറിയോസ് രോഗശയ്യയിൽ കിടന്നിരുന്നു.




അവിടെ അകത്തും പുറത്തുമായി വൈദികരും അത്മായരുമായ അനേകർ കൂടിയിരുന്നു. ആ അത്ഭുതം അവരെ അത്ഭുതപ്പെടുത്തി. അത് എന്ത് എന്ന് അകത്തുനിന്നവർ ചിന്തിച്ചു: പുറത്തു നിന്നവർ ആരാഞ്ഞു. സിമ്മനാരി മാനേജരായ കല്ലാശ്ശേരിൽ വന്ദ്യദിവ്യശ്രീ പുന്നൂസുറമ്പാച്ചൻ (ഇപ്പോഴത്തെ കാതോലിക്കാബാവാ) രോഗശയ്യയ്ക്ക് അടുത്തുനിന്ന് ശാന്തഗാംഭീര്യത്തിൽ "മ്ഹയിമെൻനോ" (ഞാൻ വിശ്വസിക്കുന്നു) എന്നു സുറിയാനിയിൽ ചൊല്ലി. അദ്ദേഹത്തോടുകൂടെ തുടർന്ന് വൈദികഗണം "ബ്ഹാദാലോഹോ ശാറീറോ ആബോവബ്രോ ഉറൂഹോകാദീശോ"(പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യേകദൈവത്തിൽ) എന്ന് ആലപിച്ചു. അതു മൂന്നുപ്രാവശ്യം നടന്നു.—ഏതൊരു സത്യവിശ്വാസിയുടെയും മരണനാഴിക സമീപിക്കുമ്പോൾ അപ്രകാരം ചെയ്യണം എന്നതു നമ്മുടെ ഒരു ആചാരം ആകുന്നുവല്ലൊ.—ആ സമയത്തു രാത്രിയുടെ ആ നിശ്ശബ്ദതയിൽ "എന്റെ കർത്താവേ" എന്നൊരു നേരിയ ശബ്ദം ആ ശയ്യയിൽനിന്നു പുറപ്പെട്ടു. അവരെല്ലാം സൂക്ഷിക്കവേ, ആ വിശുദ്ധ പിതാവു കണ്ണുകൾ അടച്ചു: അന്ത്യശ്വാസം വിട്ടു: കർത്താവിന്റെ തൃക്കൈകളിൽ ആത്മാവിനെ ഭരമേല്പിച്ചു. ആ വ്രദ എന്തായിരുന്നു? ആ പരിമളവാസനാ

യും എന്തായിരുന്നു? ലോകത്തിന്റെ പ്രഭയും പരിമള മൂറോനുമായ കർത്താവേശുമ്ശിഹാ, വിശുദ്ധ മാലാഖമാരോടുകൂടെ എഴുന്നള്ളിവന്നതിന്റെ അടയാളങ്ങൾ ആയിരുന്നില്ലയോ? ഹാ, എത്രയോ ഭാഗ്യകരമായ മരണം! സമാധാനത്തിന്റെ മനുഷ്യർക്കുള്ള നല്ല അവസാനം ഇ പ്രകാരമുള്ള അന്ത്യം അല്ലയോ? വർഷങ്ങൾ അമ്പതു തികയുന്നു.

സന്താപമേ, സന്താപമേ—എന്നും
തീരാതെകണ്ടുള്ള സന്താപമേ.

എന്ന് ഒരു അന്ധകവി അന്നു പാടി. അതു് ഇന്നും യഥാർത്ഥമായി നില്ക്കുന്നു.

നിദ്രകൊള്ളുന്നവരെക്കുറിച്ചു് ദുഃഖിക്കരുതു് എന്നാണു ക്രൈസ്തവ പ്രമാണമെങ്കിലും പരിശുദ്ധന്റെ വേർപാടിനെക്കുറിച്ചു് ഓർക്കുമ്പോൾ

ഉള്ളമുരുകുന്നെൻ ചങ്കുതകരുന്നെൻ
കണ്ണുനിറയുന്നെൻ രക്ഷകനേ.



പുന്നൂസ് റമ്പാച്ചൻ

എന്ന മട്ടിൽ അദ്ദേഹത്തെ കണ്ടറിഞ്ഞിട്ടുള്ള പലരും നെട്ടുവീർപ്പിട്ടു പറയാറുണ്ടായിരുന്നു: പറയുന്നുമുണ്ടു്.

പരുമല മാർ ഗ്രീഗോറിയോസിന്റെ ദേഹവിയോഗം! മലങ്കര സുറിയാനിസമുദായത്തെ ആകമാനം—ആബാലവൃദ്ധം—വ്യാകുലപ്പെടുത്തിയിട്ടുള്ള മരണം വേറെ ഉണ്ടായിട്ടില്ല. സകലരും കണ്ണുനീർ വാർത്തു. യാത്രയാകേണ്ടവൻ യാത്രയായല്ലോ എന്നു കണ്ടു് അന്നത്തെ വലിയ തിരുമേനി, മലങ്കരമെത്രാപ്പോലീത്താ മാർ ജോസഫ് ദീവ

നാസ്യോസ്—കൊച്ചനുജന്റെ വേർപാടിൽ സ്നേഹപൂർണ്ണനായ മൂത്ത ജ്യേഷ്ഠൻ, എന്നപോലെ—ദുഃഖിതനായിക്കിടന്നു കരഞ്ഞു. അന്നു് അവിടെ എവിടെ നോക്കിയാലും വാവിട്ടോ ഏങ്ങലടിച്ചോ കരയുന്നവരെയല്ലാതെ കാണ്മാനില്ലായിരുന്നു. ദൈവികവിഷയങ്ങളിൽ ജനങ്ങളെ ഇത്ര ആകർഷിച്ചിട്ടുള്ള ഒരു മഹാപുരുഷൻ—മഹാഭക്തൻ—ചരിത്രകാലങ്ങളിലാകട്ടെ ആധുനിക കാലത്താകട്ടെ കേരളക്കരയിൽ ഉണ്ടായിട്ടില്ല എന്നു് അദ്ദേഹത്തെപ്പറ്റി പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി, റാവുസാഹിബ് ഒ. എം. ചെറിയാൻ, പ്രിൻസിപ്പാൽ എം. എം. വർക്കി, ശ്രീ. കെ. എം മാത്തൻമാപ്പിള മുതലായവർ പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ടു്.

മലങ്കരയിലേക്കു് 1751-ാമാണ്ടു ബാർ ബസ്സേലിയോസുകാതോലിക്കായോടുകൂടെ വന്നവരും അഞ്ചൂർസഭയുടെ ഒന്നാമത്തെ മേല്പട്ടക്കാരനെ സ്വമേധയാ വാഴിച്ചവനുമായ മാർ ഗ്രീഗോറിയോസ് കബറടങ്ങിയിടമെന്ന പ്രാധാന്യം അർഹിക്കുന്ന മുളന്തുരുത്തിപ്പള്ളിയിടവകയിലുള്ള ചാത്തുരുത്തിഭവനത്തിൽ പെട്ടവരും, "ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ കല്പനകളിലും ന്യായങ്ങളിലും കുററമില്ലാത്തവരും" എന്നോണം ജീവിച്ചിരുന്നവരുമായ മത്തായി, മറിയം എന്നവരുടെ അഞ്ചാമത്തെ സന്താനം. അഥവാ ഇളയപുത്രനായി പരുമലമാർ ഗ്രീഗോറിയോസ് 1848 മിഥുനം 5-ാംനു ജനിച്ചു. * അദ്ദേഹത്തിന്റെ മാമോദീസാനാമം ഗീവറുഗീസ് എന്നായിരുന്നു. കുര്യൻ, ഏലി, വർക്കി, മറിയം എന്നവരായിരുന്നു അദ്ദേഹത്തിന്റെ സഹോദരങ്ങൾ.

ബാലനായ ഗീവറുഗീസിനു രണ്ടുവയസ്സു തികയുന്നതിനു മുമ്പു് മാതാവു മരിച്ചുപോയി. അപ്പോൾ മൂത്തസഹോദരിയായ മറിയാം ആയിക്കരെ പാലാൽ എന്ന ഭർത്തൃഗൃഹത്തിൽനിന്നും ചാത്തുരുത്തിൽ എത്തിത്താമസിച്ചു പെററമ്മ എന്നപോലെ ബാലനെ പരിപാലനം ചെയ്തു വളത്തി. അവക്കു് അതേപ്രായമുള്ള ഒരു സന്താനം ഉണ്ടായിരുന്നതു് അതിനു സഹായവുമായിരുന്നു.

അഞ്ചാമത്തെ വയസ്സിൽ ഗീവറുഗീസിനെ അന്നത്തെ രീതിയിൽ എഴുത്തിനിരുത്തി. ആദ്യം ഓണക്കാവിൽ അപ്പാ എന്ന ആശാന്റെയും, പിന്നീടു് മാമ്മൂട്ടിൽ മാണി എന്നു പേരായ വേറൊരു ആശാന്റെയും കുടിപ്പള്ളിക്കൂടങ്ങളിൽ അദ്ദേഹം വിദ്യ അഭ്യസിച്ചു. ഇന്നത്തെ വിദ്യാത്ഥികൾ അദ്ധ്യാപകന്മാരെ ബഹുമാനിക്കുന്നതിൽ വളരെ മെച്ചമായി അന്നത്തെ കുട്ടികൾ അവരുടെ ഗുരുക്കന്മാരെ ആദരിച്ചുവന്നു. ഗുരുത്വം ആ കുട്ടികളുടെ പ്രധാന ലക്ഷണം ആയിരുന്നു. ഗുരുത്വം, അഭ്യാസനതല്പരത, ബുദ്ധിവിലാസം, സൽസ്വഭാവം മുതലായി ഒരു വിദ്യാത്ഥിക്കു് ആവശ്യമായ സകല വിശേഷതകളും ബാലനിൽ തിക

*ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയുടെയും ജനനത്തീയതി അതുതന്നെയാണു്: വർഷം 1874.

ച്ചും വിളങ്ങിയിരുന്നു, അദ്ദേഹം പള്ളിക്കൂടം വിട്ട ശേഷവും, സ്ഥാനങ്ങളിൽ ഉയർന്നുവന്നപ്പോഴും, ആ ആശാന്മാരുടെ ക്ഷേമം അന്വേഷിക്കുകയും, അവരെ പലപ്പോഴും ക്ഷണിച്ചു സൽക്കരിച്ചു ബഹുമാനിക്കുകയും ചെയ്യുമായിരുന്നു. അവരുടെ മുമ്പാകെ ഇരിക്കുവാൻ അദ്ദേഹം തുനിഞ്ഞിരുന്നില്ല.

ഏവംവിധം ഗുരുഭക്തനും ഗുരുവത്സലനുമായി അഭ്യസനം നടത്തി, വിനയലളിത സംസ്കാരസമ്പന്നനായി, സിദ്ധചരിത പവിത്രാവ[illegible]യി, വസ്ത്രാഡംബരവിനോദവിരക്തനായി വളർന്നുവന്ന ബാലൻ ഗീവറുഗീസ് പിതൃസഹോദരനായ മല്പാൻ ഗീവറുഗീസുകത്തനാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. നമ്മുടെ വൈദികഭാഷയായ സുറിയാനി അദ്ദേഹം ബാലനെ പഠിപ്പിച്ചുതുടങ്ങി. അതിൽ ബാലൻ പ്രതീക്ഷാതീതമായി ശോഭിച്ചു. മല്പാനച്ചന്റെ ആകാംക്ഷ വികസിച്ചു. ബാലനെ വൈദികപന്ഥാവിലേക്കു തിരിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. "കുഞ്ഞേ നിന്റെ ദൈവഭക്തിയിൽ എനിക്കു വളരെ സന്തോഷമുണ്ടു്. നീ ഒരു ദൈവമനുഷ്യനായി തീരണം. നീ പട്ടമേൽക്കണം" എന്ന വിധത്തിൽ അദ്ദേഹം ബാലനെ ഉദ്ബോധിച്ചു. ആ വിളിക്കു ബാലൻ അനനുസരണക്കേടു കാണിച്ചില്ല. അവിടുത്തെ ഇഷ്ടംപോലെ ആകട്ടെ എന്നു ബാലൻ തലകുനിച്ചു. 1857-ാമാണ്ടു കന്നിമാസത്തിൽ കരിങ്ങാച്ചിറപ്പള്ളിയിൽവച്ചു് മാർ മാത്യൂസ് അത്താനാസ്യോസ് കോറൂയോ എന്ന വൈദികസ്ഥാനത്തേക്കു ബാലന്റെ ശിരസ്സിൽ കൈവച്ചു. അന്നു് ആ മെത്രാപ്പോലീത്താ നവീകരണപക്ഷക്കാരനായിരുന്നെങ്കിലും സത്യവിശ്വാസം പരസ്യമായി തിരസ്കരിച്ചിട്ടില്ലായിരുന്നു: മുടക്കപ്പെട്ടില്ലായിരുന്നു: മലങ്കരമെത്രാപ്പോലീത്തായായി തിരുവെഴുത്തുവിളംബരത്തോടെ ഭരണം നടത്തിക്കൊണ്ടുമിരുന്നു.

ഗീവറുഗീസുശെമ്മാശ്ശൻ ചിററപ്പനായ ഗീവറുഗീസു മല്പാനച്ചന്റെകൂടെ താമസിച്ചു വൈദികാഭ്യസനം തുടർന്നു. എന്നാൽ ഏഴാംവർഷം മല്പാനച്ചൻ മസൂരിരോഗബാധിതനായി മരിച്ചു. മുളന്തുരുത്തിപ്പള്ളിയുടെ തെക്കേ വരാന്തയിൽ അദ്ദേഹം അടക്കപ്പെട്ടു. ആ ദിവസത്തിൽ കരുണ കണ്ടെത്തപ്പെടുവാൻ കർത്താവു് അദ്ദേഹത്തിനു സംഗതിയാക്കട്ടെ.

രോഗിയെ ശുശ്രൂഷിക്കുകയാൽ ശെമ്മാശ്ശനും ആ ഭയങ്കരരോഗം പകർന്നു. രണ്ടാമത്തെ വയസ്സിൽ അദ്ദേഹം മാതൃവിരഹിതനായപ്പോൾ മുതൽ മാതൃവാത്സല്യത്തോടെ പോററിവളർത്തിയ സഹോദരി മറിയാമ്മ ആ ഘട്ടത്തിലും സഹോദരനെ ശുശ്രൂഷിക്കുവാൻ ചെന്നണഞ്ഞു. ആ ശുശ്രൂഷയിൽ ദൈവാധീനത്താൽ ശെമ്മാശൻ സൌഖ്യം പ്രാപിച്ചു. മസൂരിരോഗം പിടിപെട്ട അടയാളങ്ങളാകട്ടെ മായാതവണ്ണം മുഖത്തു കഴിഞ്ഞുപതിഞ്ഞിരുന്നു.

സുഖപ്രാപ്തിക്കുശേഷം ശെമ്മാശൻ പാമ്പാക്കുട സിമ്മനാരിയിൽ ചെന്നു ഒരു വർഷം പഠിത്തം തുടർന്നു. അക്കാലത്തു് അദ്ദേഹം താ

മസിച്ചതു് അവിടെ നെടുമ്പായിക്കട എന്ന വീട്ടിൽ വിവാഹം കഴിക്കപ്പെട്ടിരുന്ന ഏലി എന്ന സഹോദരിയോടുകൂടെ ആയിരുന്നു. തന്മൂലം ആ സഹോദരിക്കും പ്രിയ സഹോദരനെ പരിചരിക്കുവാൻ ഭാഗ്യം ഉണ്ടായി.

അക്കാലത്തു മാർ മത്യൂസ് അത്താനാസ്യോസിൻെറ നവീകരണഗതിയെപ്പററി അന്വേഷിക്കുവാൻ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മാർ ക്റിലോസ് എന്നൊരു മേല്പട്ടക്കാരൻ അയയ്ക്കപ്പെട്ടു. ശെമ്മാശൻ സിമ്മനാരിവിട്ടു് ആ ബാവായുടെ ശിഷ്യത്വം സ്വീകരിച്ചു. ആ വർഷങ്ങളിൽ ശെമ്മാശനുവേണ്ടി ഏതാനും വിവാഹാലോചനകൾ ഉണ്ടായെങ്കിലും അദ്ദേഹം ആ നേക്കു മുഖം തിരിച്ചില്ല. വിവാഹകാര്യം അദ്ദേഹത്തിനു് ഒരിക്കലും ആലോചനാവിഷയമേ ആയിരുന്നിട്ടുമില്ല. അവിവാഹിത വൈദികപദവിയിൽ സമുദായസേവനത്തിനു കാലൂന്നുന്ന ശെമ്മാശ്ശന്മാർക്കു് അദ്ദേഹം മാർഗ്ഗദർശി ആയിരിക്കട്ടെ.

കോറൂയോഗീവറുഗീസിനു ക്റിലോസുബാവാ 1855–തുലാമാസത്തിൽ ശെമ്മാശുപട്ടവും പിറെറ മാസത്തിൽ കശീശാപ്പട്ടവും കോറെപ്പിസ്ക്കോപ്പാസ്ഥാനവും നൽകി. ക്റിലോസുബാവായോടുകൂടെ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ സഞ്ചാരം തുടങ്ങി. തന്മൂലം, ഉപരിപരിശീലനം സിദ്ധിക്കുന്നതിനു മാത്രമല്ല, മലങ്കരയുള്ള മിക്ക പള്ളിക്കാരും പട്ടക്കാരുമായി പരിചയപ്പെടുന്നതിനും അദ്ദേഹത്തിനു സാധിച്ചു. പിന്നീടു 1872 മീനം 25–ാംതീയതി കോറെപ്പിസ്കോപ്പായെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ദയറായപദവിയിലേക്കു അഭിഷേകം ചെയ്തു. ദയറായപദവി എന്നതു് ഒരു വീണ്ടുംജനനമാണു്; ഒരു സ്വർഗ്ഗീയ വിവാഹമാണു്; ഒരു മരണം തന്നെയുമാണു്.

ഗീവറുഗീസുറമ്പാച്ചൻ മുളന്തുരുത്തിയിലുള്ള വെട്ടിക്കൽ ദയറായിൽ താമസം തുടങ്ങി. ദയറായപ്രസ്ഥാനസ്ഥാപകനായ മാർ അന്തോനിയോസ് ആയിരുന്നു, എല്ലാ ദയറായക്കാരുടെയുമെന്നപ്രകാരം, അദ്ദേഹത്തിൻെറയും ആദർശപുരുഷൻ.

മാർ അന്തോനിയോസ് മിസ്രയീമിലുള്ള ഒരു പ്രഭുകുടുംബത്തിൽ 251–ാമാണ്ടു ജനിച്ചു. ബാല്യകാലം മുതൽ അദ്ദേഹം പള്ളിയാരാധനയിൽ നിഷ്ഠയുള്ളവൻ ആയിരുന്നു. ഒരു മനുഷ്യൻ ലോകമൊക്കെയും സമ്പാദിക്കുകയും അവൻെറ ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്താൽ അവനു് എന്തു പ്രയോജനമുള്ളു എന്ന വാക്യം അടങ്ങിയ സുവിശേഷഭാഗമായിരുന്നു ഒരു ദിവസം അദ്ദേഹം വായിച്ചുകേട്ടതു്. നമ്മുടെ രക്ഷകൻെറ ആ ചോദ്യം ആ യുവഹൃദയത്തെ ആഴമായി സ്പർശിച്ചു. നീ നിൻെറ ദേശത്തെയും ജനത്തെയും വിട്ടു് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോവുക എന്ന അത്യുന്നതൻെറ ആജ്ഞയ്ക്കു അബ്രഹാം കീഴ്പ്പെട്ടപ്രകാരം ആ യുവാവും പ്രവത്തിച്ചു. അദ്ദേഹം ആ സ്വർഗ്ഗീയവിളിക്കു് അനുസരണകേട്ടു കാണി

ച്ചില്ല: അതനുസരിച്ചു പ്രവർത്തിക്കണമോ വേണ്ടയോ എന്നു ചിന്തിച്ചതുമില്ല. അദ്ദേഹം അന്ധകാരത്തിലേക്കു ചാടി. പുരാതനനായ ദൈവം നമ്മുടെ സങ്കേതം: കീഴെ ശാശ്വതകൈകൾ ഉണ്ടു് എന്നു് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ വസ്തുവകകളിൽ സ്വസഹോദരിയുടെ ജീവനത്തിനു വേണ്ടവ തിരിച്ചുവച്ചിട്ടു് ബാക്കി മുഴുവൻ ദരിദ്രർക്കു കൊടുത്തു. അനന്തരം അദ്ദേഹം മിസ്രയിമിലെ മരുഭൂമിയിലേക്കു പോയി. താപസ്സനായി അദ്ദേഹം ഉയൎന്നു. 325-ലെ നിഖ്യാസുന്നഹദോസിൽ അദ്ദേഹവും സംബന്ധിച്ചിരുന്നു. 356-ൽ 105-ാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. മാൻ നീർത്തോടുകൾക്കായി കാംക്ഷിക്കുന്നതുപോലെയും, ദാഹിച്ചും വരണ്ടും വെള്ളത്തിനായി അഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെയും ദൈവത്തിനായി അഗ്രഹം തോന്നിയ അനേകർ അദ്ദേഹത്തിനു ശിഷ്യപ്പെട്ടു് ആത്മശാന്തി കണ്ടെത്തി. ഗീവറുഗീസ്റമ്പാച്ചനും മാർ അന്തോനിയോസിനെ ആദർശപുരുഷനായി സ്വീകരിച്ചു് ജീവിതം നയിച്ചുതുടങ്ങി. ദയറായക്കാരൻ അതിഭക്ഷണത്തിലും വ്യർത്ഥസംസാരത്തിലും ഉൾപ്പെടാതെ ഇഹലോകവേർപാടിനായി നോക്കിപ്പാർത്തുകൊണ്ടു് നോമ്പിലും നമസ്കാരത്തിലും വിലാപത്തിലും വിശുദ്ധപുസ്തകധ്യാനത്തിലും ദൈവസംസർഗ്ഗത്തിലും ഉററിരിക്കണം എന്നത്രെ കാനോൻ 7-ാം അദ്ധ്യായം 10-ാം ഭാഗത്തിൽ വിധിച്ചിട്ടുള്ളതു്. ഗീവറുഗീസ്റമ്പാച്ചന്റെ ജീവിതം അതനുസരിച്ചുതന്നെ ആയിരുന്നു. പർദൈസാ സദൃശമായ പ്രശാന്തപരിസരങ്ങളോടുകൂടിയ വെട്ടിക്കൽ ദയറായിൽ ഒരു സത്യദയറായക്കാരനായി അദ്ദേഹം ജീവിതം തുടൎന്നു.

നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈ ദേഹം പരിശുദ്ധനായോരു ദൈവപുരുഷൻ ആകുന്നു എന്നു് ഏലീശാപ്രവാചകനെക്കുറിച്ചു് ശൂനേമ്യസ്ത്രീ സാക്ഷിച്ചപ്രകാരം ഗീവറുഗീസ്റമ്പാച്ചനെ വിശ്വാസികൾ ആദരിച്ചുതുടങ്ങി. "ദയറായക്കാരുടെ ശാരീരികപോഷണത്തിൽ അത്മായർ മടിയായിരിക്കരുതു്" എന്ന കാനോൻവിധിപ്രകാരമോ എന്നു തോന്നുമാറു് അവർ അദ്ദേഹത്തിനു പലവിധത്തിൽ സഹായഹസ്തം നീട്ടിക്കൊണ്ടിരുന്നു. നാനാഭാഗങ്ങളിൽനിന്നും അനേകം വിശ്വാസികൾ വാഴ്വിന്നായും, രോഗികൾ അദ്ദേഹത്തിന്റെ പ്രാർത്ഥനാമൂലമുള്ള സൗഖ്യത്തിനായും നേർച്ചകാഴ്ചകളോടുകൂടെ അദ്ദേഹത്തെ സമീപിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യത്വം ഒരു പദവിയായി കരുതി, ഗമാലിയേലിന്റെ പാദത്തിങ്കൽ ശൗൽ എന്നപ്രകാരം, പലർ വെട്ടിക്കൽ ദയറായിൽ ചെന്നു് അദ്ദേഹത്തിൽനിന്നും വൈദികവിദ്യാഭ്യാസം സ്വീകരിച്ചുകൊണ്ടുമിരുന്നു. വെട്ടിക്കൽ ദയറാ ഉയൎന്നുതുടങ്ങി. അതിന്റെ സ്വർണ്ണകാലവും അതുതന്നെ ആയിരുന്നു.

അക്കാലം മലങ്കരയിലെ നവീകരണത്തിന്റെ പ്രാരംഭവർഷങ്ങൾ ആയിരുന്നു. യൂറോപ്പിൽ ലൂതർ ഉണ്ടാക്കിയ നവീകരണം വ

ഴിപിഴച്ചതായിരുന്നു എന്നു് കീബിൾ, പുസി മുതലായ സിദ്ധപണ്ഡിതന്മാർ ഗ്രഹിച്ചു് ഓക്ക്സ്ഫോർഡു് മൂവ്മെൻറു് എന്ന സത്യോപദേശ ഹൈച്ചർച്ചുപ്രസ്ഥാനം ആരംഭിച്ചപ്പോൾ മലങ്കരയിൽ അബ്രഹാംമല്പാൻ എന്നൊരു രണ്ടാം ലൂതറിനെ നമുക്കു് ഒരു സഹായമിഷ്യനായി വന്ന മിഷ്യനറിമാർ എഴുന്നേല്പിച്ചതു എത്രയും നിർഭാഗ്യമായിപ്പോയി. "സുറിയാനിസഭയിലെ നവീകരണം വളഞ്ഞൊഴുകിയതു പരിതാപകരം തന്നെ. ആംഗ്ലിക്കൻ സഭയിലെ സി. എം. എസ്സു് കാർക്കു പകരം ഹൈച്ചർച്ചു് കാരാണു് ഇവിടെവന്നിരുന്നതെങ്കിൽ നവീകരണം വേറൊരു ഗതിയെ അവലംബിക്കുമായിരുന്നു." എന്നുള്ള മാർ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിടെ അഭിപ്രായം എത്രയോ ശരിയാണു്.

ഒരു മെത്രാൻെറ പിന്തുണ കൂടാതെ ആ പ്രോട്ടസ്റ്റൻറു നവീകരണം പുലർത്തുവാൻ ആ ലൂതറിനും അസാധ്യമായിരുന്നതിനാൽ അദ്ദേഹം അദ്ദേഹത്തിൻെറ സഹോദരപുത്രനായ മത്യൂസ് ശെമ്മാശനെ ശീമയിലേക്കു് അയച്ചു. അപ്പോൾ കാതോലിക്കാസിംഹാസനത്തിൽ അധിപൻ ഇല്ലായിരുന്നു. ആകയാൽ ശെമ്മാശൻ പാത്രിയർക്കീസിൻെറ അടുക്കൽ ചെന്നു. മലങ്കര മെത്രാൻെറ സമ്മതം അരായാതെ പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനാക്കി. അദ്ദേഹം മലങ്കരയിൽ എത്തി മിഷ്യനറിമാരുടെ പിന്തുണയോടെ തിരുവെഴുത്തുവിളംബരം സമ്പാദിച്ചു ഭരണം തുടങ്ങി. അദ്ദേഹത്തെ തടഞ്ഞുനിറുത്തുവാൻ മലങ്കരയുടെ ചേപ്പാട്ടു മാർ ദീവന്നാസ്യോസിനോ, ശീമയിൽനിന്നുവന്ന മാർ കൂറിലോസിനോ, ശീമയിൽ ചെന്നു അഭിഷിക്തനായിവന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനോ സാധിക്കായ്കയാൽ പത്രോസു പാത്രിയർക്കീസു ബാവാതന്നെ 1876-ൽ മലങ്കരെ എത്തി. അദ്ദേഹത്തിനു ഒരു ദ്വിഭാഷി ആവശ്യമായിരുന്നു. അതിനു് ഏററവും യോഗ്യനായി ഗീവറുഗീസ് റമ്പാച്ചൻ കണ്ടെത്തപ്പെട്ടു. പാത്രിയർക്കീസുബാവാ മാർ മത്യൂസ് അത്താനാസ്യോസിനെ മുടക്കുകയും, തിരുവെഴുത്തുവിളംബരം പിൻവലിപ്പിക്കുകയും, മുളന്തുരുത്തിൽവച്ചു് ഒരു സുന്നഹദോസു നടത്തി മലങ്കരയെ ഏഴു മെത്രാസനങ്ങളായി തിരിക്കുകയും, ആറു മെത്രാന്മാരെ വാഴിക്കുകയും ചെയ്തു. ആ സ്ഥാനത്തേക്കു നിയുക്തരായവരിൽ ഒരുവൻ ഗീവറുഗീസ് റമ്പാച്ചൻ ആയിരുന്നു. 1876 ഡിസംബർ 10-ാംതീയതി പറവൂർപള്ളിയിൽവച്ചു് അദ്ദേഹത്തെ മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമവാനായി പാത്രിയർക്കീസുബാവാ വാഴിക്കുകയും നിരണം മെത്രാസനത്തിൻെറ മേല്പട്ടക്കാരനായി നിയമിക്കുകയും ചെയ്തു. മലങ്കരെ ഉണ്ടായിരുന്ന ഏഴു മേല്പട്ടക്കാരിൽ ഏററവും പ്രായം കുറഞ്ഞവൻ അദ്ദേഹമായിരുന്നതുകൊണ്ടു് കൊച്ചുതിരുമേനി എന്നു് അദ്ദേഹം വിളിക്കപ്പെട്ടു.

പാത്രിക്കീസുബാവാ ശീമയ്ക്കു മടങ്ങിയശേഷം കൊച്ചുതിരുമേ



പത്രോസ് പാത്രിയർക്കീസ് ബാവാ

നിയുടെ അഭിലാഷപ്രകാരം മേല്പട്ടക്കാർ ഏഴുപേരും വെട്ടിക്കൽ ദയറായിൽ നാല്പതു ദിവസം നോമ്പിലും നമസ്കാരത്തിലും താമസിച്ചു. വിശുദ്ധ ശ്ലീഹന്മാർ യെരുശലേം മാളികയിൽ പത്തു ദിവസം കാത്തിരുന്നശേഷം അവരവർക്കു നിശ്ചയിക്കപ്പെട്ട ദേശങ്ങളിലേക്കു ആത്മനിറവിൽ പോയപ്രകാരമത്രെ ആ തിരുമേനിമാർ ചെയ്തതു്. ആ പ്രകാരം ഒരു കാത്തിരിപ്പു് പിന്നീടു് ഒരിക്കലും ഉണ്ടായിട്ടില്ല.

കോട്ടയം പഴയ സിമ്മനാരിയുൾപ്പെടെ ഉള്ള സമുദായസ്വത്തുക്കളെല്ലാക്കെയും അന്നു മാർ മത്യൂസ് അത്താനാസ്യോസിന്റെ കൈവശമായിരുന്നതിനാൽ മലങ്കര മെത്രാപ്പോലീത്താ പരുമലയത്രെ താമസിച്ചുകൊണ്ടിരുന്നതു്. ആ സ്ഥലം—മുപ്പതു ഏക്കർ സമചതുരം—അരികുപുറത്തു മാത്തൻ 1872-ാമാണ്ടു് മാർ ദീവന്നാസ്യോസിനു ദാനമായി എഴുതിക്കൊടുത്തതായിരുന്നു. അദ്ദേഹത്തിനു സമുദായത്തിനുവേണ്ടി പല വ്യവഹാരങ്ങളും നടത്തുവാനുണ്ടായിരുന്നതുകൊണ്ടു് അവിടം കൊച്ചുതിരുമേനിയെ അദ്ദേഹം ഭരമേല്പിച്ചു.

സഭാപുരോഗമനത്തിനു അത്യാവശ്യം ഉത്തമവൈദികന്മാരാണ് എന്നു കണ്ടു് മാർ ഗ്രീഗോറിയോസുമെത്രാപ്പോലീത്താ അവിടെ അഴിപ്പുരയിൽ ഒരു സിമ്മനാരി ആരംഭിച്ചു. പ്രധാന മല്പാൻ തിരുമേനിതന്നെ ആയിരുന്നു. വിശ്വാസാചാരങ്ങളിൽ ഹൃദയപൂൎവ്വനിഷ്ഠ ഉള്ളവനായിരുന്ന തിരുമേനി ശിഷ്യഗണത്തിനു മാതൃകയായി ശോഭിച്ചു. അവൎക്കു അദ്ദേഹത്തോടു് ആത്മാൎത്ഥമായ ഭക്ത്യാദരവുകൾ ഉണ്ടായിരുന്നു. കൊച്ചുതിരുമേനിയുടെ ശിഷ്യത്വം ഒരു പദവിയായി അവർ കരുതിയിരുന്നു. "ഞാൻ കൊച്ചുതിരുമേനിയുടെ ശിഷ്യനാണു്" എന്നു് അവരിൽ പലരും പിൽക്കാലങ്ങളിൽ അഭിമാനപൂൎവ്വം പറയുന്നതു് ഈ ലേഖകൻ കേട്ടിട്ടുണ്ടു്. കാനോനികപ്രാൎത്ഥനകളെയും വിശ്വാസാചാരങ്ങളെയും കർമ്മാനുഷ്ഠാനങ്ങളെയുംകുറിച്ചു് ആദരവും നിഷ്ഠാതല്പരതയും തോന്നുമാറാത്രേ അവരെ അദ്ദേഹം പഠിപ്പിച്ചിരുന്നതു്. കഴിഞ്ഞ തലമുറയിൽ ഉണ്ടായിരുന്ന ശ്രേഷ്ഠവൈദികരിൽ പലരും തിരുമേനിയുടെ ശിഷ്യന്മാർ ആയിരുന്നു. ദിവംഗതരായ വട്ടശ്ശേരിൽ തിരുമേനി, കോനാട്ടു മാത്തൻ മല്പാനച്ചൻ, മട്ടക്കൽ അലക്സന്ത്രയോസു മല്പാനച്ചൻ, പൂതക്കുഴിയിൽ അബ്രഹാംഅച്ചൻ, പയ്യമ്പള്ളിൽ ദാവീദച്ചൻ, പനസ്കാമിററത്തു അബ്രഹാംഅച്ചൻ, കിഴക്കേത്തലയ്ക്കൽ തോമസ് അച്ചൻ, കൊററാത്തുവള്ള ഗീവറുഗീസ് അച്ചൻ എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ടിരുന്നു. അനഹങ്കാരിയും സുറിയാനിഭാഷാവിദഗ്ദ്ധനും, വേദശാസ്ത്രനിപുണനും, പരമഭക്തനുമായ ആ സത്യവിശ്രുതമല്പാന്റെ കീഴിൽ പഠിച്ചിരുന്ന ആ വൈദികരൊക്കെയും അവരുടെ കാലത്തു സഭയിൽ ഓരോ ദീപമായി ശോഭിച്ചിരുന്നു.

തിരുമേനിയുടെ ദിനചൎയ്യ മാതൃകാപരമായിരുന്നു. നേരം വെളുത്തു കഴിയുവോളം കിടക്കയിൽ കിടക്കുന്നവൎക്കു പ്രഭാതനമസ്കാരം മിക്കവാറും പതിവില്ലല്ലോ. സാദ്ധ്യവുമല്ലല്ലോ: തിരുമേനിയാകട്ടെ, ദിവസവും നാലു മണിക്കു് എഴുനേല്ക്കുമായിരുന്നു. പാതിരാത്രിയുൾപ്പെടെ ഏഴു നേരമുള്ള യാമപ്രാൎത്ഥനകൾക്കും, പുലർകാലഭജനത്തിനും, സുത്താറാ വേദവായനക്കും തിരുമേനി അദ്ദേഹത്തിന്റെ ദിനചൎയ്യയിൽ പ്രഥമസ്ഥാനം നൽകിയിരുന്നു. നോമ്പുകാലങ്ങളിലും ബുധൻ വെള്ളി ദിവസങ്ങളിലും തിരുമേനി ഇരുപത്തിരണ്ടരവരെ ഉപവസിക്കുമായിരുന്നു. ഈ ക്രമമായ ദിനചൎയ്യകൾക്കു പഠിപ്പീരാകട്ടെ, ഭരണകാൎയ്യാന്വേഷണങ്ങളാകട്ടെ, പള്ളിസന്ദൎശനങ്ങളാകട്ടെ ബാധകമാകാതെ അദ്ദേഹം സൂക്ഷിച്ചിരുന്നു. സിമ്മനാരിയിൽ ആയിരിക്കുമ്പോൾ ഉച്ചയ്ക്കു മുമ്പും ഉച്ചയ്ക്കു ശേഷവും അദ്ദേഹം ഈരണ്ടു മണിക്കൂർ നേരം ശെമ്മാശ്ശന്മാരെ പഠിപ്പിക്കുകയും ബാക്കി സമയം ഭരണകാൎയ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തുവന്നു. തിരുമേനിയുടെ സുറിയാനിക്കൈപ്പട അച്ചടിതുല്യം മനോഹരമായിരുന്നു. പല കൈയെഴുത്തുപുസ്തകങ്ങൾ തിരുമേനി പകൎത്തിയെഴുതിയിട്ടുണ്ടു്. സമു

ദായക്കേസിൽ കാതോലിക്കാ ഭാഗത്തു നിന്നു ഹാജരാക്കപ്പെട്ടിട്ടുള്ള കാനോൻപുസ്തകം ആ വിശുദ്ധ തിരുമേനിയാൽ പകർത്തപ്പെട്ടതാകുന്നു.

തിരുമേനിയുടെ ദീനാനുകമ്പ വിസ്മയനീയമായിരുന്നു. കരുണ ഉള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണ ഉണ്ടാകും, എന്നതു് അദ്ദേഹത്തിന്റെ പ്രത്യേക പ്രബോധനാവിഷയമായിരുന്നുവത്രെ. 1885-ാമാണ്ടു തുമ്പമൺ ദേശത്തു കഠിനമായ മസൂരിബാധ ഉണ്ടായി. 1935-ൽ പ്ളേഗുമാരിക്കു കുന്നങ്കുളം വിധേയമായപ്പോൾ, ഇപ്പോഴത്തെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താതിരുമേനി അവിടേക്കു് എഴുന്നള്ളിയ പ്രകാരം, കൊച്ചുതിരുമേനി തുമ്പമൺ പള്ളിയിൽ എത്തി വീടുകൾ സന്ദർശിച്ചു് ഉപദേശങ്ങൾ നൽകിയും പ്രാർത്ഥനകൾ നടത്തിയും ജനത്തെ സമാശ്വസിപ്പിച്ചു എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ അനേകർ സുഖം പ്രാപിക്കുകയും ചെയ്തു. ബാധ നീങ്ങുവോളം അദ്ദേഹം അവിടെത്തന്നെ താമസിച്ചു. സകലരും അദ്ദേഹത്തിന്റെ ദീനാനുകമ്പയെ പ്രശംസിച്ചു.

പല ശെമ്മാശ്ശന്മാരും സന്ദർശകന്മാരും ഉണ്ടായിരുന്ന പരുമല അഴിപ്പുരയിലോ പുതുതായി സ്ഥാപിക്കപ്പെട്ട പുത്തൻമുറിയിലോ ഉള്ള താമസം സ്ഥലദൗർല്ലഭ്യവും സ്വസ്ഥതക്കുറവും മൂലം അത്ര സുഖകരമായിരുന്നില്ലെങ്കിലും തിരുമേനി അതു സസന്തോഷം വഹിച്ചു. പിറ്റെ നാളേക്കു കഞ്ഞിക്കു് അരി ഇല്ലാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തിരുമേനി ഒട്ടും ആകുലചിത്തനാകാതെ ആകാശത്തിലെ പറവകളുടെയും വയലിലെ താമരകളുടെയും സ്രഷ്ടാവിൽ വിശ്വസിച്ചിരിക്കുകയും വിസ്മയനീയമാംവിധത്തിൽ അപ്രതീക്ഷിതമാംവണ്ണം ആവശ്യങ്ങൾ നിറവേറുകയും ചെയ്തിട്ടുണ്ടു്. തിരുമേനിയുടെ ജീവിതക്രമവും ഭക്ഷണരീതിയും എത്രയും ലളിതമായിരുന്നു. സുറിയാനി സഭയിലെ മേല്പട്ടക്കാർ എക്കാലവും അപ്രകാരമാണല്ലോ ജീവിച്ചിട്ടുള്ളതും.

അവിടെ ആരാധനയ്ക്കായി അഴിപ്പുരയോടടുത്തു് അരികുപുറത്തു മാത്തൻവക ഒരു കൊട്ടിൽപ്പള്ളിയേ അക്കാലത്തു് ഉണ്ടായിരുന്നുള്ളൂ. അവിടെ മനോഹരമായ ഒരു പള്ളിയും സിമ്മനാരിയും ഉണ്ടായാൽ കൊള്ളാമെന്നു തിരുമേനി ആഗ്രഹിച്ചു. അതറിഞ്ഞ പള്ളിയുടമസ്ഥൻ അദ്ദേഹത്തിന്റെ ആൺസന്താനപരമ്പരകളുടെ പെൺമക്കൾ പള്ളിപ്പുതാർത്തിൽനിന്നു് ഒഴിവായിരിക്കണം എന്ന വ്യവസ്ഥയിൽ ആ സ്ഥലം മാർ ജോസഫ് ദീവന്നാസ്യോസിനു എഴുതിക്കൊടുത്തു. പിന്നീടും പല പള്ളിസ്ഥലങ്ങൾ പള്ളികളോടു കൂടെ തീറാധാരം മൂലം മേല്പട്ടക്കാർക്കു എഴുതിക്കിട്ടിയിട്ടുണ്ടെങ്കിലും അവയിലൊന്നിലും പള്ളിക്കു കൊടുക്കുന്നതിൽ നിന്നു സന്താനപരമ്പരകളെ വിലക്കുന്നതായ എന്തെങ്കിലും വ്യവസ്ഥ ഉള്ളതായി അറിവില്ല.

പുതുതായി ലഭിച്ച സ്ഥലത്തു, യാതൊരു മൂലധനവും കാണാതെ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു്, തിരുമേനി പള്ളിയും

സിമ്മനാരിയും പണിയിക്കുവാൻ ആരംഭിച്ചു. വിശ്വാസികൾ ലോഭമെന്യേ കരളും കൈയും തുറന്ന്, ഔദാര്യദാനങ്ങൾ നൽകി. ഒരു ചുരുങ്ങിയ കാലയളവിൽ ഇരുപതിനായിരത്തിൽപ്പരം രൂപാ പിരിഞ്ഞുകിട്ടി. കെട്ടിടങ്ങളുടെ പണി ധ്രുതിയിൽ നടത്തിത്തുടങ്ങി. എന്തുകൊണ്ടെന്നാൽ ഇതിനിടയിൽ പുണ്യസ്ഥലങ്ങൾ സന്ദർശിക്കണം എന്നൊരാഗ്രഹം പുണ്യവാനായ തിരുമേനിയിൽ അങ്കുരിച്ചിരുന്നു. കണ്ണിനു ചെവിയെക്കാൾ ഗ്രഹണശക്തിയുള്ളതുകൊണ്ടു കേട്ടു വിശ്വസിക്കുന്നതിനേക്കാൾ കണ്ടു വിശ്വസിക്കുന്നതിനു ഉറപ്പുണ്ടല്ലോ എന്നായിരുന്നു തിരുമേനിയുടെ അഭിപ്രായം. പള്ളിപണി തീരാറായപ്പോൾ മുതൽ ഈ തീർത്ഥയാത്രയ്ക്കുള്ള ഒരുക്കങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. പള്ളിപണിക്കെന്നപ്രകാരം, ഈ പുണ്യയാത്രയ്ക്കും ജനങ്ങളും പള്ളികളും ഭക്തിപൂർവ്വം കൈമുത്തുകളും വഴിപാടുകളും സമർപ്പിച്ചു. മൂന്നു മാസങ്ങൾക്കുള്ളിൽ അയ്യായിരത്തിൽപ്പരം രൂപാ ഉണ്ടായി.

തിരുമേനി തന്നെ എഴുതിയിട്ടുള്ളത് എന്തെന്നാൽ—സിമ്മനാരിപ്പള്ളിയുടെ പണി പൂർത്തിയായില്ലെങ്കിലും ഈ പരദേശയാത്രയ്ക്കു മുമ്പ് അതിൽ വിശുദ്ധ കുർബാന അനുഷ്ഠിക്കണമെന്ന് ഒരു വലിയ ആഗ്രഹം നമുക്ക് ഉണ്ടായിരുന്നു. 1895 മകരമാസം 15-ാം തീയതി ഞായറാഴ്ച നിതാന്ത വന്ദ്യ ദിവ്യശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടു കൂടെ പരുമലപ്പള്ളി നാം കൂദാശ ചെയ്തു. അടുത്ത ദിവസം പരുമലെ നിന്നും നാം പുറപ്പെട്ടു വഴിക്കുള്ള പള്ളികൾ സന്ദർശിച്ചു. മകരം 26-ാം തീയതി മുളന്തുരുത്തിയിൽ എത്തി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അസ്സാറേക്ക് അവിടെ വന്നുചേർന്നു. വലിയ തിരുമനസ്സു കൊണ്ടു നമ്മുടെ യാത്രയ്ക്കു വളരെ സഹായങ്ങൾ ചെയ്യുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും സ്നേഹപുരസ്സരം നമ്മെ ധൈര്യപ്പെടുത്തുകയും ചെയ്തു. 1895 കുംഭം 9-ാം തീയതി വ്യാഴാഴ്ച അന്യോന്യം വിലാപങ്ങളോടും സ്നേഹചുംബനങ്ങളോടും കൂടെ വലിയ തിരുമനസ്സിലെ അടുക്കൽനിന്നും യാത്ര പിരിഞ്ഞു. ഈ സമയത്തു ഞങ്ങൾ രണ്ടാളുകളുടെയും കൂടെയുണ്ടായിരുന്ന നമ്മുടെ ജനങ്ങളുടെയും വ്യസനം പറഞ്ഞു ധരിപ്പിക്കുവാൻ തക്കതല്ലായിരുന്നു. നാം മലയാളത്ത് അവസാനമായി പ്രവേശിച്ച പള്ളി ചാലശ്ശേരി ആയിരുന്നു. കുംഭം 18-ാം തീയതി അവിടെനിന്നും പുറപ്പെട്ടു പട്ടാമ്പിയിൽ നിന്നും തീവണ്ടി കയറി. നമ്മോടു കൂടെ പൗലൂസ് റമ്പാച്ചൻ, മല്ലാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ, തെക്കൻ പറവൂർ തോപ്പിൽ ലൂക്കോസ് കോറി, തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാർ, കടമ്പനിട്ട സ്കറിയാ കത്തനാർ എന്നീ അഞ്ച് ആളുകൾ ഉണ്ടായിരുന്നു. ഇവരെ കൂടാതെ ശീമക്കാരൻ സ്ളീബാശെമ്മാശ്ശനെയും പരുമലെ തോപ്പിൽ പീലിപ്പോസ് എന്ന കൊച്ചനെയും മുമ്പുകൂട്ടി ബോംബെയ്ക്കു് അയച്ചിട്ടുമുണ്ടായിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ടു ഞങ്ങൾ യാത്ര ആരംഭിച്ചു.

……..കുംഭം 21-ാം തീയതി ഞങ്ങൾ ബോംബെയിലെത്തി. സ്ളീബാശെമ്മാശ്ശൻ കൂലിക്കു വാങ്ങിയിരുന്ന ഒരു മുറിയിൽ മീനമാസം 5-ാം തീയതി വരെ ഞങ്ങൾ താമസിച്ചു. കപ്പിത്താൻ ഞങ്ങൾക്കായി കപ്പലിൽ ഒരു മുറി ഒരുക്കിച്ചു. മീനം 6-ാം തീയതി ഞങ്ങൾ കപ്പലിൽ കയറി. അന്നു കപ്പൽ പുറപ്പെടുമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. എന്നാൽ രണ്ടു ദിവസത്തെ താമസം നേരിട്ടു. പലർ ഞങ്ങളെ വന്നു കാണുകയും ആവശ്യങ്ങൾ അന്വേഷിച്ചുതരികയും ചെയ്തു. മീനം 8-ാം തീയതി അഞ്ചരമണിക്കു കപ്പൽ പുറപ്പെട്ടു. കപ്പൽ പുറപ്പെട്ടപ്പോൾ ജലപ്രളയത്തിൽവച്ചു നോഹിന്റെയും കുടുംബത്തിന്റെയും അവസ്ഥ ഞങ്ങൾക്കു ഓർമ്മവന്നു. പെട്ടിയിൽ എട്ടാത്മാക്കളെ പ്രളയത്തിൽനിന്നും രക്ഷിച്ച കർത്താവു ഞങ്ങൾ എട്ടാത്മാക്കളെ സമുദ്രത്തിന്റെ വായിൽനിന്നും രക്ഷിക്കുവാൻ ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. ബലഹീനരും പാപികളുമായ ഞങ്ങളുടെ പ്രാർത്ഥനകളെ ചെവിക്കൊണ്ടു് ക്ഷേമത്തോടെ ഞങ്ങളെ സകല അപകടങ്ങളിൽനിന്നും രക്ഷിച്ച കർത്താവിനു് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.”

പുണ്യയാത്രക്കാർ 15-ാം തീയതി ഏഡനിലും 23-ാം തീയതി പോർട്ടുസായിലും എത്തി. അവിടെയുള്ള ഒരു ഇഗുപ്തായപ്പള്ളിയിൽ 25-ാം തീയതി വചനിപ്പുപെരുനാളിൽ കുർബാന അണച്ചു. 26-ാം തീയതി ഓശാന ഞായറാഴ്ച രാവിലെ യോപ്പാത്തുറമുഖത്തു് അടുക്കുകയും രണ്ടു മണിക്കു തീവണ്ടി കയറി അഞ്ചുമണിക്കു യറുശലേമിൽ എത്തുകയും ചെയ്തു. ബോംബെയിൽനിന്നും പരിപാടിപ്രകാരം മീനം 6-ാം തീയതി കപ്പൽ പുറപ്പെടാതിരുന്നതു കൊണ്ടത്രെ ഈ ഞായറാഴ്ച ലംഘനം നേരിട്ടതു്. യാത്രക്കാർക്ക് അതു മനസ്താപത്തിനു ഇടയാക്കി. അവർ സ്റ്റേഷനിൽ എത്തിയപ്പോൾ ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസ് ബാവാ പരിവാരസമേതം കാത്തുനിന്നിരുന്നു. അവർ തിരുമേനിയെ സസന്തോഷം സ്വീകരിച്ചു മർക്കോസിന്റെ ദയറായിലേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോൾ പത്രോസ് പാത്രിയർക്കീസ് ബാവാ കാലം ചെയ്തിരുന്നു. പിൻഗമനായ അബ്ദൽ മ്ശിഹാ പാത്രിയർക്കീസ് സിംഹാസനാരൂഢനായിട്ടുമില്ലായിരുന്നു.

മർക്കോസിന്റെ ദയറാതന്നെ ഒരു പുണ്യസ്ഥലമത്രേ. നമ്മുടെ കർത്താവു ആഗ്രഹത്തോടെ ആഗ്രഹിച്ചു പഴയ പെസഹാ ഭക്ഷിച്ചതു്, ശ്ലീഹന്മാർക്കു പാദക്ഷാളനം നടത്തിയതു്, കുരിശു മരണത്തെ ബലിയാക്കിത്തീർത്ത പുതിയ പെസഹാസ്ഥാപിച്ചതു്, ഉയിർത്തെഴുന്നേൽപ്പിനുശേഷം ശിഷ്യന്മാർക്കു രണ്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ടതു്, എന്റെ കർത്താവും എന്റെ ദൈവവുമേ എന്നു നമ്മുടെരക്ഷകനു്, വിശുദ്ധനായ മാർ തോമ്മാശ്ലീഹാ സാഷ്ടാംഗപ്രണാമം ചെയ്തുവിശ്വാസത്തിൽ ഉറച്ചതു്, ശിഷ്യഗണം ദൈവമാതാവിനോടും മറ്റും കൂടെ പത്തുദിവസം ഉപവാസപൂർവ്വം കാത്തിരുന്നതു്, പെന്തിക്കോസ്തിയിൽ പരിശുദ്ധറൂഹായുടെ ആവാസം ഉണ്ടായതു്, മാർ യാക്കോബുശ്ലീ

ഹാ ആദ്യം കുർബാന ചൊല്ലിയതു്, കന്യാസ്ത്രീയമ്മയും മാത്തയും മ റിയയും മാമോദീസാമുഴുകിയതു് എന്നിവയൊക്കെയും ആ മാളികയി ൽ വച്ചായിരുന്നു എന്നതു് അതിന്റെ ഉടമസ്ഥയായ അന്ത്യോഖ്യാസഭ യ്ക്കുന്നപോലെ സഹോദരീസഭയായ മലങ്കരസഭയ്ക്കും അഭിമാനകരം തന്നെയാണു്.

കഷ്ടാനുഭവയാഴ്ച ഉൾപ്പെടെ17 ദിവസം തിരുമേനി ഊർശ്ലേ മിൽ താമസിച്ചു പുണ്യസ്ഥലങ്ങളൊക്കെയും വിശ്വാസത്തോടെ ഭക്തി പൂർവ്വം സന്ദർശിച്ചു. മനസ്സ് ദൈവത്തിൽ ലയിച്ചതുപോലെ തി രുമേനിക്കു അനുഭവപ്പെട്ടു. മേടം 12–ാം തീയതി തിരുമേനി പ ത്രിവാരസമേതം മടങ്ങി. ഇടവം 1–ാം തീയതി അവർ ബോംബെ യിൽ ഇറങ്ങി. അവർ 4–ാം തീയതി നാട്ടിൽ എത്തി. അന്നു കു മരകം പള്ളിക്കാർ തിരുമേനിയെ ജലമാർഗ്ഗം ആ പള്ളിയിലേക്കു എതിരേററു, പിറെറ ദിവസം കോട്ടയം പള്ളിക്കാർ തിരുമേനിയെ കുമരകത്തു നിന്നു താഴത്തങ്ങാടിയിലേക്കു ജലമാർഗ്ഗമായും അവിടെ നിന്നു കരമാർഗ്ഗം കനകപ്പല്ലക്കിൽ പട്ടണം ചുററി പഴയസിമ്മനാരി യിലേക്കും ആട്ടത്ത ദിവസം എം. ഡി. സിമ്മനാരി വിദ്യാർത്ഥികൾ തിരുമേനിയെ കനകപ്പല്ലക്കിൽ അങ്ങോട്ടും എതിരേററു ബഹുമാനി ച്ചു. അവിടെ നിന്നും തിരുമേനി പരുമലസിമ്മനാരിക്കു പുറപ്പെട്ടു. സസുഖം അവിടെ തിരിച്ചെത്തി. അടുത്തുള്ള ഇടവകക്കാർ തിരു മേനിയെ ആഘോഷപൂർവ്വം എതിരേററു സ്വീകരിച്ചു. സിമ്മനാരിപ്പ ള്ളിയിൽ വച്ചു തിരുമനസ്സുകൊണ്ടു താഴെക്കാണുന്ന പ്രസംഗം ചെയ്തു.

പ്രിയരേ,

നമുക്കു് ഏററവും പുണ്യസ്ഥലമായ ഊർശ്ലേം സന്ദർശിച്ച് ഇതാ ദൈവത്തിന്റെ അനുഗ്രഹത്താൽ നാം ഇന്നു തിരികെ വന്നി രിക്കുന്നു. കണ്ണിനു ചെവിയേക്കാൾ അധികം ഗ്രഹണശക്തിയുണ്ടെന്നു ള്ളതു സർവ്വസമ്മതമാകുന്നു. കേട്ടു വിശ്വസിക്കുന്നതിനേക്കാൾ കണ്ടു വിശ്വസിക്കുന്നതിൽ അധികം ഉറപ്പുണ്ടല്ലോ. നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവങ്ങളെയും ഉപദേശങ്ങളെയും നിർയ്യാണത്തെയും പററിവേ ദപുസ്തകത്തിൽ നിന്നും കിട്ടിയിരിക്കുന്ന അറിവു് ആ സംഭവങ്ങൾ നടന്ന സ്ഥലങ്ങളെയും, അവിടെ ഇപ്പോഴും നിലനിൽക്കുന്ന അടയാള ങ്ങളെയും കാണുമ്പോൾ മനസ്സിൽ എത്രത്തോളം ഉറയ്ക്കുമെന്നു് അനുഭ വിച്ചെങ്കിലേ അറിയൂ. “സാക്ഷാൽ ദൈവത്തെ വന്ദിക്കുന്നതു് ഈ മലയിലല്ല, ഊർശ്ലേമിലുമല്ല; ആത്മാവിലും സത്യത്തിലുമാണു്” ആകയാൽ ക്രിസ്ത്യാനികൾക്കു് ദൈവത്തെ എവിടെയിരുന്നും സേ വിക്കാം. എന്നാലും നാം അല്പവിശ്വാസികളും പാപികളുമാകയാൽ ചെവികൊണ്ടു് ഗ്രഹിക്കാവുന്നതിലധികം കണ്ണുകൊണ്ടു ഗ്രഹിക്കുമ്പോ ൾ ഉണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസ്സിന്റെ ഭക്തിയും ഊർശ്ലേം യാത്രയിൽ നിന്നുണ്ടാകുമെന്നു് നാം അനുഭവിച്ചറിഞ്ഞിരിക്കുന്നു. അ വിടെ ഓരോ പുണ്യസ്ഥലങ്ങളിലും ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ഞങ്ങ

ൾക്കണ്ടപ്പോ മനസ്സുള്ളവും ആനന്ദവും ശാന്തിയും ഞങ്ങളുടെ ആയുസ്സിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത മാതിരിയിലായിരുന്നു. ഞങ്ങളുടെ മനസ്സ് ദൈവത്തിൽ ലയിച്ചപോലെതോന്നി. അവിടെ നിന്നും എഴുന്നേല്ക്കാതെ സദാ പ്രാർത്ഥിച്ചുകൊണ്ടു കിടന്നാലോ എന്നു തോന്നി. ഞങ്ങളുടെ മനസ്സുരുകി.

അയ്യായിരമല്ല, അൻപതിനായിരം രൂപാ ചെലവിട്ടാലും ഇത്ര അഗാധമായും സ്ഥിരമായും ഉള്ള ഒരു വിശ്വാസവും അനുതാപവും പാപബോധവും ഉണ്ടാകുമോ എന്നു സംശയമാണ്. ആത്മാവിന്റെയും സത്യത്തിന്റെയും പൂർണ്ണ പ്രവൃത്തികൊണ്ടാണ് ഈ വക ഉണ്ടാവും. ഇവ യോഗമുള്ളവകകൊണ്ട് നമ്മുടെ ജനങ്ങളിൽ കഴിവുള്ളവരെല്ലാം ഈ പുണ്യസ്ഥലങ്ങളെ സന്ദർശിക്കേണ്ടതാണെന്നു നിങ്ങളോട് ഉപദേശിച്ചുകൊള്ളുന്നു.

ഇനിയും ദൈവത്തിന്റെ കല്പന തുടർന്നുചെയ്യുവാനാണ് അവിടുന്നു നമ്മോടു ആജ്ഞാപിച്ചിരിക്കുന്നതു്. അതുതന്നെ നാം ചെയ്യും.

ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടതു് എന്തെല്ലാമാണെന്നാലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്കു രാജപാതയിൽ സഞ്ചാരമോ സമസൃഷ്ടങ്ങളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നതു്. ഈ സാധുക്കൾക്കു സത്യമായ ദൈവവിശ്വാസം ഉണ്ടാക്കേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കികൊടുത്തു അവരെ പാപങ്ങളിൽനിന്നും കുററങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു. ഇവരെ ക്രിസ്തുമതത്തിൽ ചേർത്തു് ഇവർക്കു പ്രത്യേകം പള്ളികൾ തൽക്കാലം ഉണ്ടാക്കികൊടുക്കണം. ഇവരുടെ ഇപ്പോഴത്തെ താഴ്ന്ന സ്ഥിതിയിൽനിന്നും ഇവർ ഉയർന്നുവരുന്നതോടുകൂടി ഇവരെയും നമ്മുടെ പള്ളികളിൽ പ്രവേശിപ്പിച്ചുകൊള്ളാം. പള്ളിക്കൂടങ്ങളും ഇപ്രകാരം ആദ്യം പ്രത്യേകമായും പിന്നീടു സാധാരണമായും കൊടുക്കണം. ഈ വിഷയത്തിൽ നാം ചെയ്തിട്ടുള്ള ശ്രമം വളരെവളരെ വർദ്ധിപ്പിക്കാനുണ്ട്. ഇവരുടെ ഇടയിൽ സുവിശേഷപ്രസംഗങ്ങൾ നടത്തണം.

ഈ നാട്ടിൽ ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല മററു മതക്കാരുടെ ഇടയിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുന്നതു സുവിശേഷപ്രചാരത്തിനു് ഉത്തമമായ മാർഗ്ഗമാണ്. ദൈവാനുഗ്രഹം സിദ്ധിച്ചിട്ടുള്ള മഹാന്മാർ ഇംഗ്ലീഷിൽ എഴുതിയ പുസ്തകങ്ങളായിരിക്കുമല്ലോ വിദ്യാർത്ഥികൾ ഈ സ്കൂളുകളിൽ പഠിക്കുന്നതു്. ആ മഹാന്മാർ ക്രിസ്ത്യാനികളാണല്ലോ. അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയതത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നാതിരിക്കുന്നതെങ്ങനെ?

പിന്നെ ഈ വിദ്യാൎത്ഥികൾ കേവലം വേഷംകൊണ്ടു രൂപപ്പെട്ടു വരുന്നുയെന്നു് ഒരു വിശ്വാസം പരന്നുകാണുന്നതിൽ നാം വ്യസനിക്കുന്നു. ഇവർ മതം, സന്മാൎഗ്ഗനിഷ്ഠ ഇവയ്ക്കു വിപരീതമായ ഒരു നില അവലംബിക്കുന്നുയെന്നു കേൾക്കുന്നുണ്ടെങ്കിലും അതും നാം തീരെ വിശ്വസിക്കുന്നില്ല. അങ്ങനെ വരികയാണെങ്കിൽ ഈ അഭ്യസനം ക്രൂടിയേ തീരൂ എന്നില്ല. ഈവക പുസ്തകങ്ങൾ പഠിച്ച അനവധി ഇംഗ്ലീഷ്കാർ ഇങ്ങനെ തീൎന്നില്ലല്ലോ. ഇവിടെ മാത്രം ഈ പുസ്തകങ്ങളും ഈ അഭ്യസനവും ദോഷകരമായിത്തീരുമോ? ഒരിക്കലുമില്ല. അതിനാൽ ഇംഗ്ലീഷ്സ്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണം.

ജനങ്ങളുടെ ഇടയിൽ സത്യം, സന്മാൎഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പരബഹുമാനം ഇവയെ വളൎത്താൻ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാൎത്ഥന. നിത്യവും ദൈവപ്രാൎത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ, ദുൎമ്മാൎഗ്ഗിയൊ, അവിശ്വാസിയോ ഭക്തിഹീനനൊ, ജനവിദ്വേഷിയൊ, സ്വാമിദ്രോഹിയൊ ആയിത്തീരുന്നതല്ല. പ്രാൎത്ഥന എന്നതു ശൈശവത്തിലെ ഉത്സാഹവും യൌവനത്തിലെ ആശ്രയവും വാൎദ്ധക്യത്തിലെ സമാധാനവുമാകുന്നു. ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാൎത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരിയെ ലഭിക്കയും ചെയ്യും. സമസ്തവസ്തുക്കളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ അവനത്രേ ഉത്തമനായ ദൈവഭക്തൻ. എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്കു സ്നേഹിക്കാനാണു്. നമുക്കു സ്വപ്നത്തിൽപോലും വിചാരിക്കാൻ കഴിയുന്നതിലധികം കാൎയ്യങ്ങൾ പ്രാൎത്ഥനയാൽ സാദ്ധ്യമാണു്. ദൈവത്തെ അറിഞ്ഞിട്ടും കൈമലൎത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവൎക്കുംവേണ്ടി പ്രാൎത്ഥിക്കയില്ലെങ്കിൽ എങ്ങിനെയാണു മനുഷ്യനെ, ഭാവി ലേശംപോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു് പറയുന്നതു്? ഈശ്വരപ്രാൎത്ഥന, ഈ ലോകത്തെ പലവിധത്തിലും ദൈവത്തിൻെറ പാദാരവിന്ദങ്ങളോടു ചേൎക്കുന്ന പൊന്നിൻചങ്ങലയത്രേ. അതിനാൽ താങ്കൾ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തേ പ്രാൎത്ഥിപ്പിൻ. ഈ പ്രാൎത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളൎച്ച തീരാനും, വേണ്ട കാൎയ്യങ്ങൾ സാധിക്കുന്നതിനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാംവണ്ണം ഏററവും ഉത്തമമായ മാൎഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാൎത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ. സഹോദരങ്ങളെ! ദൈവം നിങ്ങളിൽ പ്രസാദിക്കും.

പിതാവായ ദൈവത്തിൻെറ സ്നേഹവും ഏകപുത്രൻെറ കൃപയും സമാധാനം നൽകുന്ന പരിശുദ്ധാത്മാവിൻെറ നിറവും നിങ്ങളിൽ സദാ വൎദ്ധിക്കുമാറാകട്ടെ.

ഊൎശ്ലേം യാത്ര തിരുമേനിക്കു ആത്മീയമായി വളരെ പ്രയോജനപ്പെട്ടു. "എൻ മനമേ, യഹോവയെ വാഴ്ത്തുക, എൻെറ

സർവാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമെ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങളൊന്നും മറക്കയുമരുത്", എന്ന കൃതജ്ഞാഭാവം തിരുമേനിയിൽ ഉദിച്ചു. ദൈവമേ നീ എനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കു മായി ഞാൻ നിനക്ക് എന്തു പകരം ചെയ്യേണ്ടു എന്നു സങ്കീർത്തകൻ പറഞ്ഞിട്ടുള്ള മനോഭാവത്തോടെ തിരുമേനി ഒരു പ്രദക്ഷിണ വെള്ളിക്കുരിശ് പണിയിച്ചു വഴിപാടായി ഉർശ്ലേമിലേക്ക് അയച്ചു. അങ്ങനെ തിരുമേനി കൃതജ്ഞതാർപ്പണം നടത്തി.

ആ കാലത്ത് മലങ്കരസഭ ആകമാനം കലുഷമായിരുന്നു. പാശ്ചാത്യമിഷ്യനറിമാരുടെ വിശ്വാസവിപരീതങ്ങൾക്കു വിധേയനായ അബ്രഹാം മല്പാൻ ഉൽഘാടനം ചെയ്ത വിശ്വാസവിപരീതപ്രസ്ഥാനം ഡേവിഡ്, വേഡ്സ്വർത്ത് മുതലായ പാഷണ്ഡോപദേഷ്ടാക്കന്മാരുടെ പിന്തുണയോടെ പ്രബലപ്പെട്ടുകൊണ്ടിരുന്നു. അതിനെതിരായി സഭാമക്കളെ സത്യവിശ്വാസത്തിൽനിന്നും ഇളകാതെ സുസ്ഥിരമാക്കി നിർത്തുവാൻ പള്ളികൾക്കു കല്പനകൾ അയച്ചും അവ സന്ദർശിച്ചു പ്രസംഗങ്ങൾ നടത്തിയും വിശ്വാസകലവറക്കാരനു കടപ്പെട്ടിരുന്ന പ്രകാരം തിരുമേനി സഭാസേവനം ചെയ്തു. അല്ലെങ്കിൽ നിരണം, തുമ്പമൺ, കൊല്ലം എന്നീ മെത്രാസനങ്ങളിൽ സ്തുതി ചൊവ്വാകപ്പെട്ട (ഓർത്തോദുക്സോ) വിശ്വാസം അവശേഷിക്കയില്ലായിരുന്നു. "എന്റെ പുത്രാ, നിന്റെ പിതാവിന്റെ നിയമത്തെ അനുസരിച്ചുകൊൾക എന്നും നിന്റെ മാതാവിന്റെ നിയമത്തെ മറക്കരുത് എന്നും ഉള്ള പരിശുദ്ധ റൂഹായുടെ വചനത്തെ ഓർത്തുകൊൾവിൻ. നമ്മുടെ പിതാവായ സർവ്വശക്തൻ നമുക്കു നിയമിച്ചിട്ടുള്ള വിശ്വാസനിയമത്തെയും, നമ്മുടെ മാതാവായ സഭ നമുക്കു നിശ്ചയിച്ചിട്ടുള്ള വിശ്വാസ നടപടികളെയും മറന്നുപോകരുത്. നമ്മുടെ ആ മാതാപിതാക്കന്മാരുടെ അനുസരണത്തിൽനിന്നും വിട്ടു വിശ്വാസവിപരീതികളോടു ചേർന്നു തോന്ന്യാസ നടപടികളിലും വിശ്വാസത്തെററിലും അഹങ്കരിച്ചുല്ലസിച്ചു നടപ്പാൻ ആരും ഒരിക്കലും മനസ്സുവച്ചുപോകരുത്. നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായി തീരുവാൻ തക്കവണ്ണം, അവരെ സത്യവിശ്വാസനടപടികളിലും ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ" —എന്നിപ്രകാരം തിരുമനസ്സുകൊണ്ടു് നിരന്തരമായി പ്രബോധിപ്പിച്ചുകൊണ്ടിരുന്നു.

വിശ്വാസവിപരീതഘോഷണങ്ങളെ മാത്രമല്ല, ഇടവകപ്പള്ളികളിലെ അന്തഃഛിദ്രങ്ങളെയും തിരുമേനിക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ചിലേടങ്ങളിൽ പട്ടക്കാരോ അത്മായരോ നിർബന്ധബുദ്ധിമൂലം തിരുമേനിയുടെ തീരുമാനങ്ങളെ ധിക്കരിച്ചു തിരുമേനിയെ വിഷമിപ്പിച്ചിട്ടുണ്ടെങ്കിലും, അവർക്കു നേരിട്ട അനന്തര വിപത്തുകൾ തന്മൂലമുള്ള ശാപശിക്ഷയാണെന്നു ബോദ്ധ്യപ്പെട്ടു ക്ഷമാപണം

ചെയ്യുകയും "തിരുമനസ്സിലെ കല്പന അടിയങ്ങൾക്കു ചട്ടം" എന്നു കീഴ്‌വഴങ്ങി തിരുമനസ്സിലെ വിധികൾ സ്വീകരിച്ചു സമാധാനപ്പെടുകയും ചെയ്തിട്ടുണ്ട്.

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അനേകർക്കു പട്ടം കൊടുക്കുകയും പല പള്ളികൾക്കു ശിലാസ്ഥാപനവും കൂദാശയും നടത്തുകയും ചെയ്തിട്ടുണ്ട്. കവിയൂർ സ്ലീബാപ്പള്ളിയുടേയും തിരുവനന്തപുരം സെൻറു് ജോർജ്ജ് പള്ളിയുടേയും ശിലാസ്ഥാപനവും കൂദാശയും നടത്തിയതു തിരുമനസ്സുകൊണ്ടായിരുന്നു എന്നതു പ്രത്യേകം പ്രസ്താവയോഗ്യമത്രേ. ആ സന്ദർഭങ്ങളിൽ മലങ്കര മെത്രാപ്പോലീത്തായും സന്നിഹിതനായിരുന്നു. ഏവംവിധ കർമ്മാനുഷ്ഠാനങ്ങൾ മാറി നിന്നു കൊച്ചുതിരുമേനിയെക്കൊണ്ടു നടത്തിക്കുന്നതായിരുന്നു ആ വലിയ തിരുമേനിയുടെ പതിവ്.

ഒരു പ്രാർത്ഥനാമനുഷ്യനായിരുന്ന തിരുമേനിയുടെ പ്രാർത്ഥനാഫലമായി അനേകം രോഗികൾക്കു സൗഖ്യപ്രാപ്തി വന്നിട്ടുണ്ട്. ആ



മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നേകം ഭൂതബാധിതർ വെടിപ്പാക്കപ്പെട്ടിട്ടുണ്ട്. അനേകം വന്ധ്യകൾ മക്കളുടെ സന്തുഷ്ടമാതാക്കളായി തീർന്നിട്ടുണ്ട്. ജലമാർഗ്ഗയാത്രയിൽ കൊടുങ്കാറ്റു ശമിച്ചിട്ടുണ്ട്. 1901—ൽ മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടു മാർ ജോസഫ് ദീവന്നാസ്യോസിന്റെ വൈദിക പൊൻ ജൂബിലി വേളയിൽ മഹാമാരി നീങ്ങിയിട്ടുണ്ട്. തലേദിവസം ഞായറാഴ്ചവരെ ഇടവിടാതെ വർഷം കോപിച്ചുകൊണ്ടിരുന്നു. ആ ഞായറാഴ്ച പഴയസിമ്മനാരിപ്പള്ളിയിൽ മാർ ഗ്രീഗോറിയോസ് തിരുമേനി വിശുദ്ധ കുർബാന അനുഷ്ഠിച്ചു. "തീർച്ചയായും സമയമാകുമ്പോൾ ഈ ഘോരമാരി മാറിക്കിട്ടും" എന്നു തിരുമനസ്സുകൊണ്ടു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. സമയം മൂന്നു മണിയായി. മഴ മാറി. ജനപ്രവാഹം വർദ്ധിച്ചു. ജൂബിലി ദിവസം വിശുദ്ധ കുർബാന ഭംഗിയായി നടന്നു. അന്നും തലേദിവസവുമായി 1200 പറ അരിയുടെ സദ്യ കേമമായി നടന്നു. എം. ഡി. സിമ്മനാരിയിൽനിന്നു പഴയസിമ്മനാരിയിലേക്കു തിരുമേനിയെ ആനയിച്ചുകൊണ്ടുള്ള രാജോചിതമായ ഘോഷയാത്ര അത്യാഡംബരമായി നടന്നു. "അതു കണ്ടവനാണു ഞാൻ. മലങ്കരസഭയുടെ കഴിവ് ഇന്നത്തെ യുവ തലമുറക്കാർക്ക് അറിഞ്ഞുകൂടാ. നമുക്ക് അതുപോലെ ഉയരണം" എന്നു 1934-ലെ കാതോലിക്കേറ്റ് നിധിസംഭരണ പ്രചരണയോഗങ്ങളിൽ റാവു സാഹിബ് ഒ. എം. ചെറിയാൻ പ്രസംഗിച്ചു ജനത്തെ ഉന്മേഷചിത്തരാക്കിയിട്ടുണ്ട്. പ്രസ്തുത ജൂബിലി ദിവസം നടന്ന ആ അത്ഭുതം, തലേദിവസംവരെ ഇടവിടാതെ കോപിച്ചുകൊണ്ടിരുന്ന വർഷം ജൂബിലിയുടെ പ്രത്യേക ആവശ്യത്തിനെന്ന പ്രകാരം മാറിനിന്നതു, വർഷകാലം പെട്ടെന്നു വേനൽക്കാലംപോലെ രൂപാന്തരപ്പെട്ടതു്, ഏവരേയും ജാതിമതഭേദമെന്യേ അത്ഭുതപ്പെടുത്തി. ഈ ഒറ്റ അത്ഭുതംതന്നെ മലങ്കരയുള്ള ജനങ്ങളെ അദ്ദേഹത്തിങ്കലേക്ക് ആകർഷിക്കുന്നതിനു പ്രേരകമായി ഭവിച്ചു. "ഭൂമിയിലെ വിശുദ്ധരോ, അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠർതന്നെ" എന്നു ദൈവം സങ്കീർത്തകൻ മൂലം അരുളിച്ചെയ്തിട്ടുള്ളതു തിരുമേനിയെക്കുറിച്ച് എത്രയോ യോജിച്ചിരിക്കുന്നു!

ശെമ്മാശ്ശന്മാർക്കായി പരുമല സിമ്മനാരി എന്നോണം അത്മായ ബാലന്മാർക്കായി ഒരു ഹൈസ്കൂൾ തിരുവല്ലായിൽ സ്ഥാപിക്കുവാൻ തിരുമേനി ആഗ്രഹിച്ചു. 1902-ലെ വലിയനോമ്പു ദിവസങ്ങൾ പാലിയേക്കരപ്പള്ളിയിലാണു തിരുമേനി കഴിച്ചുകൂട്ടിയതു്. അടുത്തുള്ള പള്ളിക്കാരെ അവിടെ വിളിച്ചുകൂട്ടി ആലോചിക്കുകയും സ്ഥാനസ്ഥലം നിശ്ചയിക്കുകയും ഏപ്രിൽ മാസത്തിൽ അതിനു കല്ലിടുകയും പണി ആരംഭിക്കുകയും ചെയ്തു. പിന്നാലെ അതു പൂർത്തിയാക്കുവാൻ സാധിച്ചതു തിരുമനസ്സിലെ കബറിങ്കൽ വന്ന വഴിപാടുകൾമൂലവും കൂടെ ആയിരുന്നു.

തീക്ഷ്ണതയുള്ള മതാദ്ധ്യക്ഷനു വേണ്ടിയിരിക്കുന്ന പ്രകാരം ഏവംവിധമൊക്കെയും സഭാസേവനം ചെയ്തുകൊണ്ടിരുന്ന തിരുമേനി

1902 ചിങ്ങമാസത്തിൽ രോഗബാധിതനായി. മനുഷ്യന്റെ ആയുഷ്കാലം എഴുപതു വർഷം: ഏറെയായാൽ എൺപതു വർഷം എന്ന് എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അറുപതിനും മുമ്പെയാണു തിരുമേനി കിടപ്പായതു്. ചികിത്സകൾ മുറയ്ക്കു് ആരംഭിച്ചു. എങ്കിലും മരണം സമീപിക്കുന്നു എന്നു രോഗാരംഭം മുതൽ തിരുമേനിക്കു തോന്നി. അങ്ങനെ കല്പിക്കുവാനും തുടങ്ങി. കൊച്ചുതിരുമേനി വിഷ്ണു യായിരിക്കുന്നു എന്ന വാർത്ത നാട്ടെല്ലാം പരന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനച്ചൻ മുതലായ ശിഷ്യഗണം ശുശ്രൂഷയ്ക്കായി സിമ്മനാരിയിൽ ചെന്നുചേർന്നു. സമുദായത്തെക്കുറിച്ചു വളരെ ഭാരപ്പെട്ടു തിരുവനന്തപുരത്തു താമസിച്ചിരുന്ന വലിയ തിരുമേനി രോഗവാർത്ത അറിഞ്ഞയുടൻതന്നെ ബദ്ധപ്പെട്ടു പരുമല എത്തി. അദ്ദേഹത്തിന്റെ പിൻഗാമിയും സഭയുടെ ഭാവിയുമായി അദ്ദേഹം മനസ്സിൽ ഉന്നിയിരുന്ന കൊച്ചുമെത്രാച്ചന്റെ രോഗാവസ്ഥ കണ്ടു നില്പാൻ അദ്ദേഹം അശക്തനായി ഭവിക്കയാൽ ദുഃഖനിമഗ്നനായി സ്വന്ത മുറിയിൽ ചെന്നു കിടന്നു എങ്കിലും ചികിത്സാന്വേഷണത്തിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. രോഗിയാകട്ടെ, ശരീരത്തെ കുറിച്ചുള്ള ചിന്ത വിട്ടു് ആത്മചിന്തയിലായി. രോചനകളു ഫലിക്കയില്ല എന്നു മനുഷ്യന്റെ അന്ത്യഘട്ടത്തെക്കുറിച്ചു മഹാജ്ഞാനി എഴുതിയിട്ടുള്ള പ്രകാരം ഔഷധങ്ങൾക്കു രോഗത്തെ ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. മലങ്കര സുറിയാനിസമുദായം മുഴുവൻ സന്തപ്തയായി. ജാതിമതഭേദമെന്യേ അനേകർ പരുമല ചെന്നു തിരുമേനിയെ ദർശിച്ചുകൊണ്ടിരുന്നു.

ആയിരംപേർ വരുന്നേരം ആയിരങ്ങൾ പിരിയുന്നു:
ആയിരംപേർ തിരുമുമ്പിൽ കരഞ്ഞിടുന്നു.
തിങ്ങിവിങ്ങി അടുക്കുന്ന ജനങ്ങൾക്കു സംഖ്യയില്ല
അങ്ങു താതൻ സുതരേക്കണ്ടുരുകിടുന്നു.

എന്നത്രെ ആ രംഗം വർണ്ണിക്കപ്പെട്ടിട്ടുള്ളതു്. അങ്ങനെ ദിവസങ്ങൾ ഓരോന്നു കഴിഞ്ഞുകൊണ്ടിരുന്നു. തുലാമാസം പകുതി കഴിഞ്ഞു. ഇന്നു് എത്രാം തീയതിയാണ്എന്നു തിരുമേനി ചോദിച്ചു. പതിനെട്ടാം തീയതി എന്നു മറുപടി കിട്ടിയപ്പോൾ "ഇനി രണ്ടു ദിവസംകൂടെ ഈ കഷ്ടത ഞാൻ സഹിക്കണമല്ലോ, എന്റെ കർത്താവേ" എന്ന മൊഴി തിരുമേനിയിൽനിന്നും പുറപ്പെട്ടു. അനന്തരം തനിക്കുവേണ്ടിയും, തന്നോടുകൂടെ ഉണ്ടായിരുന്നവർക്കുവേണ്ടിയും, താൻ ജീവിതാർപ്പണം ചെയ്തിരുന്ന സഭയ്ക്കുവേണ്ടിയും തിരുമേനി എരിവോടെ പ്രാർത്ഥിച്ചു. എല്ലാവരും ഇരുപതാം തീയതിക്കായി കാത്തിരുന്നു. സംഭ്രമകരമായ ആ ദിവസം ആഗതമായി. രോഗാരംഭത്തിൽ തന്നെ തൈലാഭിഷേക ക്രമാശ നടത്തപ്പെട്ടിരുന്നെങ്കിലും തിരുമേനിയുടെ ആഗ്രഹപ്രകാരം 20—ാംതീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം തിരുമേനിക്കു മുറിമാറത്തു മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

കന്തീലാ നടത്തി. അന്ന് തിരുമേനി വിശുദ്ധ കുർബാനയും അനുഭവിച്ചു. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും: അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും," എന്ന കർത്തൃമൊഴിയുടെ ആശ്വാസം അന്നു തിരുമേനിയിൽ പ്രത്യക്ഷപ്പെട്ടു. തിരുമേനി മരണത്തിനായി ഒരുങ്ങിക്കിടന്നു. നാഴികകൾ കടന്നു. പാതിരാത്രി കഴിഞ്ഞു. വൈദികരും ആത്മായരുമായ പലർ അടുക്കൽ നിന്നിരുന്നു. രോഗിയിൽ അന്ത്യലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവർ അന്ത്യപ്രാർത്ഥന നടത്തി. അപ്പോൾ അവിടെ അത്ഭുതകരമായ ഒരു സുഗന്ധം വീശി. അത്ഭുതകരമായ ഒരു പ്രകാശവും ഉണ്ടായി. എല്ലാവരും സാക്ഷിക്കവെ "എന്റെ കർത്താവേ" എന്നൊരു നേരിയ ശബ്ദം രോഗിയിൽനിന്നു പുറപ്പെട്ടു. മഹാജ്ഞാനി എഴുതിയിട്ടുള്ള പ്രകാരം അപ്പോൾ ഹാ, വെള്ളിച്ചരട് അറ്റുപോയി. പൊൻകിണ്ണം തകർന്നു. തിരുമേനി കണ്ണുകൾ അടച്ചു. ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്കു മടങ്ങി. തിരുമേനി അവിടത്തെ ശാശ്വത ഭവനത്തിലേക്കു പോയി. തിരുമേനി കാലം ചെയ്തു.

സത്യഭക്തൻ മരിച്ചയ്യോ മണിനാദം മുഴങ്ങുന്നു
ആ സ്ഥലത്തെ വിലാപങ്ങളുരയ്ക്കാവതല്ലേ.
സദ്യുതിയുള്ള വിളക്കയ്യോ മങ്ങിയല്ലോ എന്നു ലോകർ
നിനയ്ക്കുമ്പോൾ മഹാദുഃഖം പെരുകീടുന്നു.

സുറിയാനിസഭയുടെ ആചാരപ്രകാരം തിരുമേനിയുടെ മൃതശരീരം സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ചും വടിയും സ്ലീബായും പിടിപ്പിച്ചും കസേരയിൽ ഇരുത്തി പള്ളിയകത്തു വച്ചു. പിറ്റെ ദിവസം രാവിലെ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. എന്നാൽ കബറടക്കം അന്നു നടത്തിയില്ല. നാനാ സ്ഥലങ്ങളിൽനിന്നും അനേകർ വരേണ്ടിയിരുന്നു. 22-ാം തീയതി ചൊവ്വാഴ്ച, വിശുദ്ധ കുർബാനയ്ക്കുശേഷം നാലു റമ്പാച്ചന്മാരുടെയും ഇരുനൂറോളം വൈദികരുടെയും സഹായ സഹകരണത്തോടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കബറടക്ക ശുശ്രൂഷ നടത്തി. വലിയമെത്രാപ്പോലീത്താ പള്ളിയിലേക്കു ഇറങ്ങിയെങ്കിലും മൃതശരീരം കാണുമ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന വ്യസനാധിക്യം മൂലം മുറിയിലേക്കു തിരിച്ചു പോകുവാൻ നിർബന്ധിതനായി. പള്ളിയകത്തുവച്ചു പ്രാർത്ഥനകളും യാത്രപറച്ചിലും നിവർത്തിച്ചശേഷം ഒരു മണിക്കു പ്രദക്ഷിണം നടത്തി. പിന്നീടു കൈമുത്തിനുതന്നെ നാലു മണിക്കൂറോളം വേണ്ടിവന്നു. അനന്തരം തിരുമേനിയാൽതന്നെ മുൻ നിർദ്ദേശിക്കപ്പെട്ടിരുന്നിടത്തു തയ്യാറാക്കപ്പെട്ട കബറിലേക്കു സൂര്യാസ്തമനത്തിങ്കൽ മൃതശരീരം ഇറക്കി യഥോചിതം മൂടപ്പെട്ടു. "മേല്പട്ടക്കാരെ, പട്ടക്കാരെ, സഹോദരങ്ങളെ, സമാധാനത്തോടെ വസിപ്പിൻ" എന്നരുളിക്കൊ

ണ്ടു് തിരുമേനി മറഞ്ഞു. "സഭയുടെ അലങ്കാരമായിരുന്ന ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക", എന്നു പ്രതിവാക്യം ചൊല്ലിക്കൊണ്ടു, സന്തോഷങ്ങളുടെ മോക്ഷത്തിൽ തിരുമേനിയെ കാണാമെന്ന പ്രത്യാശയോടെ, പുരുഷാരം പരുമല കൊച്ചു തിരുമേനിയോടു യാത്ര പറയുകയും ചെയ്തു.

ചിന്തുന്നെന്തിനു കണ്ണുനീരിടവിടാതെന്തിന്നഹോ മാനസം
നൊന്തേവം നെടുവീർപ്പിടുന്നു കരുണം മാലാർന്നു മാലോകരേ!
സന്തോഷം നിറയുന്ന സ്വർഗ്ഗനിലയം പ്രാപിച്ചു താതൻ, നമു–
ക്കെന്തിന്നാകുലം അങ്ങൊരിക്കലണയാം മോദേനകൈമുത്തിടാം.


യേശുതമ്പുരാന്റെ അന്ത്യകല്പനപ്രകാരം മാർ തോമ്മാശ്ലീഹാ സ്വദേശം വിട്ടു സുവിശേഷം ഘോഷിപ്പാൻ നമ്മുടെ നാട്ടിൽ എത്തിയിട്ടു് പത്തൊൻപതു ശതാബ്ദം പൂർത്തിയാകുന്ന ഈ കൊ



കാതോലിക്കാബാവാ തിരുമേനി

ല്ലത്തിൽ തിരുമേനി കാലംചെയ്തിട്ടു അമ്പതു കൊല്ലംതികയുന്നു എങ്കിലും മാർ ഗ്രീഗോറിയോസു മാർ തോമ്മശ്ലീഹായെപ്പോലെ ഇന്നും ജീവനായല്ലയോ നിലകൊള്ളുന്നതു്? ആയുഷ്കാലം മുഴുവൻ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ചവൻ ഇപ്പോൾ മൌനത്തിലല്ലോ? അതരുതേ. മരിക്കുന്നതു് എനിക്കു ലാഭം എന്നു മാർ

പൗലൂസ് ശ്ലീഹാ പറഞ്ഞിട്ടുള്ളതു അർത്ഥശൂന്യമോ? അതും അരുതേ. ജീവിതകാലത്തു ദൈവത്തെ ആരാധിച്ചവൻ, പിശാചുക്കളെ ഓടിച്ചവൻ, ജയജീവിതം നയിച്ചവൻ, രോഗികളെ സുഖമാക്കിയവൻ, കൊടുങ്കാററിനെ ശാസിച്ചവൻ, തിരമാലകളെ അടക്കിയവൻ, മഴയെ വിലക്കിയവൻ, സൂര്യനെ മൂടിയവൻ, ദൈവവചനം പ്രസംഗിച്ചവൻ, വിശ്വാസം കാത്തവൻ, ദൈവപ്രസാദം നേടിയവൻ ഇന്നും ദൈവത്തെ ആരാധിക്കുന്നു: അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. ഇവയെക്കുറിച്ച് അനുഭവമുള്ള അനേകം ഭക്തജനങ്ങളുടെ ആഗ്രഹം നിവൃത്തിയാകുമാറു 1948—ാമാണ്ടു തിരുമേനി ജനിച്ചിട്ടു് ഒരു ശതാബ്ദം തികഞ്ഞ വർഷത്തിൽ, തുലാമാസം 19-ാം തീയതി അദ്ദേഹത്തെ ഒരു പരിശുദ്ധനായി പൗരസ്ത്യകാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പ്രഖ്യാപനംചെയ്തു.



:: ഇക്കാലത്തിനിടയിൽ പരുമല സിമ്മനാരിപ്പള്ളി വളരെ ഉൽക്കർഷം പ്രാപിച്ചിട്ടുണ്ടു്. 1895—ാമാണ്ടാണല്ലോ അതു പണിയപ്പെട്ടതു്. അന്നു് അവിടെ ഒരു ദീപം സ്ഥാപിതമായി. അതു് ഇന്നും പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. അതു കൂദാശചെയ്യപ്പെട്ടപ്പോൾ പണി പൂർത്തിയായിരുന്നില്ല. എന്നാൽ തിരുമേനിയുടെ കാലശേഷം അതു പൂർത്തിയാക്കപ്പെട്ടു. ജീവിതകാലത്തു തിരുമേനി സഭയുടെ ഒരു വലിയ നിക്ഷേപമായിരുന്നു. ജീവിതശേഷം തിരുമേനിയുടെ തിരുശേഷിപ്പുകൾ നിക്ഷിപ്തമായിരിക്കുന്ന കബറിടം സമുദായത്തിന്റെ നിക്ഷേപമായി സ്ഥിതിചെയ്യുന്നു. പരിശുദ്ധന്മാരുടെ സ്മരണ

പരിശുദ്ധന്മാരെ വർദ്ധിപ്പിക്കേണ്ടതാണ് എന്ന തത്വപ്രകാരമോ എന്നു തോന്നുമാറ് അവിടെ അദ്ദേഹത്തെയുള്ള സ്മരണ അനേകം ആത്മാക്കളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നു. അവിടെ അർപ്പിക്കപ്പെടുന്ന നേർച്ചകാഴ്ചകൾ ബാഹ്യപുരോഗമനങ്ങൾക്കു സഹായമായിരിക്കുന്നു. അവകൊണ്ടു സിമ്മനാരിപ്പള്ളിയുടെ പണി പൂർത്തിയാക്കപ്പെട്ടു. മൂന്നു ത്രോണോസുകൾക്കും മനോഹരമായ ക്ദൂശ്ശ് ക്ദൂശിനുകൾ പണിയിക്കപ്പെട്ടു. കബർ മുറിയിൽ അലങ്കാരവേലകൾ ചെയ്യപ്പെട്ടു. സിമ്മനാരിക്കെട്ടിടത്തിൽ നിന്നും അതിന്റേതുപോലെതന്നെ രണ്ടുനിലയിൽ നാടകശാല പണിയിക്കപ്പെട്ടു. ഒരു കുരിശിൻതൊട്ടി സ്ഥാപിക്കപ്പെട്ടു. പള്ളിയും സിമ്മനാരിക്കെട്ടിടവും വൈദ്യുതദീപങ്ങളാൽപ്രശോഭിതമാക്കപ്പെട്ടു. പഴയ അഴപ്പുരയും പുത്തൻ മുറിയും നല്ലൊരു പ്രൈമറിസ്കൂളായി രൂപാന്തരമാക്കപ്പെട്ടു. ഇവയൊക്കെയും ആ പരിശുദ്ധന്റെ കബറിടത്തിനു മഹിമ വർദ്ധിപ്പിച്ചിരിക്കുന്നു.

ഏതൊരു പരിശുദ്ധന്റെയും കബറിടം ഒരു പുണ്യസ്ഥലവും ആ സ്ഥലം ഒരു തീർത്ഥാടനസങ്കേതവും ആകുന്നുവല്ലോ. അപ്രകാരം തന്നെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസിന്റെ കബറിടം നമുക്ക് ഒരു പുണ്യഭൂമിയാണ്. ആ കബർ മുറി പ്രശാന്തമനോഹരമായും സിദ്ധചിത്രാലംകൃതമായും പരിപാലിക്കപ്പെടുന്നു. തിരുമേനിയുടെ മരണശയ്യ ഭദ്രമായി സൂക്ഷിക്കപ്പെടുന്നു. ഇന്നേയോളം അതിന്മേൽ മററാരും കിടന്നിട്ടില്ല. ആ വിശുദ്ധ ദേവാലയത്തിലും മുറികളിലും വച്ച് ദൈവസാന്നിദ്ധ്യത്തിന്റെയും പരിശുദ്ധന്മാരോടുള്ള സംസർഗ്ഗത്തിന്റെയും മാധുര്യവും പുണ്യവും അനുഭവിച്ചിട്ടുള്ളവരും അനുഭവിക്കുന്നവരും അനവധിയത്രേ. പരിശുദ്ധന്റെ വാർഷികസ്മരണാദിവസങ്ങളിൽ മാത്രമല്ല, മററു ദിവസങ്ങളിലും അനേകർ പരുമലപ്പള്ളിയിൽ ചെന്നു അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ സങ്കേതപ്പെട്ടു നോമ്പാചരിക്കുകയും കുർബാന ചൊല്ലിക്കുകയും വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ഈ പരിശുദ്ധന്റെ കഴിഞ്ഞ നാല്പത്തൊമ്പതു് ഓർമ്മദിവസങ്ങളിലും സംബന്ധിച്ചിട്ടുണ്ട് എന്നതിൽ നിന്നും അദ്ദേഹത്തിനു് വിശുദ്ധ പിതാവിനോടുള്ള വിശ്വാസവും ഭക്തിയും എത്രയെന്ന് ഊഹിക്കാമല്ലോ.

മലങ്കരസഭയിൽ എഴുന്നേററിട്ടുള്ള ആ മഹാപരിശുദ്ധന്റെ കബറിടം ദർശിച്ചിട്ടില്ലാത്ത ഒരു വിശ്വാസിയും മലങ്കരയിൽ ഉണ്ടായിരിക്കരുത്: ആയുസ്സിലൊരിക്കലെങ്കിലും അവിടം സന്ദർശിച്ചിരിക്കണം. മലങ്കരയിലെ എല്ലാ ഇടവകകളിൽനിന്നും വിശ്വാസികൾ അവിടേക്കു പുണ്യയാത്രചെയ്ത് അനുഗ്രഹസമ്പന്നരാകണം. ഓർതോഡോക്സ് വിശ്വാസാചാരങ്ങളുടെ പരിപൂർണ്ണ നിഷ്ഠാലുവും പുണ്യവാനും ആയിരുന്ന ആ പരിശുദ്ധന്റെ ഓർമ്മ ഓർതോഡോ

ക്സ് വിശ്വാസാചാരനിഷ്ഠയ്ക്കും പുണ്യജീവിതത്തിനും പ്രേരകമായിരിക്കും, സന്ദേഹമില്ല.

ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥൻ ഒരുവനേയുള്ളൂ....ക്രിസ്തുതന്നെ.... എന്നു മാർ പൗലൂസ് ശ്ലീഹാ എഴുതിയിട്ടുള്ളതിനെ അധാരമാക്കി പരിശുദ്ധന്മാരോട് പ്രാർത്ഥിക്കുന്നതു് വിഹിതമല്ല എന്നു് നമ്മോടു ഇടകലർന്നു വസിക്കുന്ന ചില പുതുസഭക്കാർ വാദിക്കുന്നുണ്ട്. എന്നാൽ അങ്ങനെ എഴുതിയിട്ടുള്ള മാർ പൗലൂസ് മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും അദ്ദേഹത്തിനും കൂട്ടുവേലക്കാർക്കും വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട് എന്ന വസ്തുത ആ പ്രൊട്ടസ്റ്റന്റു വക്കീപ്പുകാർ വിസ്മരിക്കുന്നു. എല്ലാവർക്കും വേണ്ടി കാൽവറിയിലെ ക്രൂശാരോഹണമായ തിരുബലിമൂലം മറുവിലയായി തന്നെത്താൻ കൊടുത്ത മദ്ധ്യസ്ഥൻ ഒരുവനേയുള്ളൂ എന്ന അർത്ഥത്തിലത്രേ ആ അപ്പോസ്തോലൻ എഴുതിയിട്ടുള്ളതു്. പരസ്പരം അത്യാവശ്യമായിട്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയെ അദ്ദേഹം വിലക്കിയിട്ടില്ല. അതു് അത്യാവശ്യമാണെന്നത്രേ അദ്ദേഹം സമർത്ഥിച്ചിട്ടുള്ളതു്. ആ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഒരു വശമാകുന്നു പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന.

പരിശുദ്ധന്മാരോടുള്ള ഭക്ത്യാദരമദ്ധ്യസ്ഥതാർപ്പണങ്ങൾ പൗരസ്ത്യസഭയിൽ ക്രൈസ്തവ ജീവിതത്തിന്റെ ഒരു ഭാഗമായിത്തന്നെ നിലകൊള്ളുന്നു എന്നു പറയാം. പൗരസ്ത്യസഭയുടെ ഒരുവിഭാഗമായ മലങ്കരസഭയിലും അവ അപ്രകാരം സുസ്ഥിരമായി സ്ഥിതി ചെയ്യുന്നു. വിശുദ്ധസഭയുടെ അംഗങ്ങളായ വാങ്ങിപ്പോയ വിശുദ്ധന്മാരേയും വിശ്വാസികളേയും ഇതരന്മാരായി അവഗണിച്ചുള്ള ക്രൈസ്തവ ജീവിതം അപൂർണ്ണമത്രേ. എന്തെന്നാൽ പരിശുദ്ധന്മാർ നമ്മെപ്പോലെതന്നെ വീണ്ടും ജനിച്ചു് ദൈവമക്കളായി തീർന്നിട്ടുള്ളവരാകയാൽ നമ്മുടെ സഹോദരങ്ങളും സ്നേഹിതന്മാരും ആകുന്നു: തന്മൂലം അവർക്കു് നമ്മെ സഹായിപ്പാൻ മനസ്സും താല്പര്യവും ഉണ്ട്. അവർ ദൈവകല്പനകൾ അനുസരിച്ചു് ദൈവത്തെ പ്രസാദിപ്പിച്ചു് ജീവിച്ചവരാകയാൽ ദൈവത്തിന്റെ സ്നേഹിതന്മാർ ആകുന്നു: തന്മൂലം അവർക്കു് നമ്മെ സഹായിപ്പാൻ കഴിവുണ്ട്. ലോകത്തിൽ നടക്കുന്ന സകലവും, മനുഷ്യഹൃദയത്തിൽ നടക്കുന്ന അനുതാപം പോലും, അറിയുന്ന മാലാകമാർക്കു് അവർ സദൃശ്യരാകയാൽ, നാം അവരോടു പ്രാർത്ഥിക്കുമ്പോൾ റേഡിയോ ശക്തിയേയും കവിയുന്ന ആത്മശക്തിയാൽ അവർ അതു് കേൾക്കും: അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കും. ആകയാൽ പരിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതിൽ ലജ്ജിപ്പാനില്ല. നമ്മുടെ പിതാവായ മാർ ഗ്രീഗോറിയോസിനോടു പ്രാർത്ഥിക്കുന്നതിലും സംശയിപ്പാനില്ല. അദ്ദേഹവും ഒരു പരിശുദ്ധനല്ലോ. അവരും വിശുദ്ധസഭയുടെ സജീവ അംഗങ്ങൾ ആകുന്നു. മരണംമൂലം അവർ സഭയിൽ നിന്നോ ദൈവത്തിൽ നിന്നോ ഇതരന്മാരായി ഭവിച്ചിട്ടില്ല. പ്രത്യുത, ദൈവത്തെ

ആരാധിക്കുന്നതിനും ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും ഉള്ള അവരുടെ ശക്തി വർദ്ധിച്ചിട്ടേ ഉള്ളു.

നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയിട്ടുള്ളവരെ നിങ്ങൾ ഓർത്തു കൊൾവിൻ എന്ന വേദബോധനപ്രകാരം മാർ ഗ്രീഗോറിയോസിനെ നമുക്കു ഓർക്കാം. അബ്രഹാം ഇസഹാക്ക് യാക്കോബ്ബ് എന്നീ നിന്റെ ദാസന്മാരെ ഓർത്തുകൊള്ളണമേ എന്ന് മോശ പ്രാർത്ഥിച്ചപ്രകാരം മാർ ഗ്രീഗോറിയോസ് തിരുമേനിക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നീതിമാന്റെ മരണം കർത്താവിന്റെ കണ്ണുകളിൽ വിലയേറിയതാകുന്നു എന്ന ദാവീദിന്റെയും നീതിമാന്റെ ഓർമ്മ അനുഗ്രഹപ്രദമാകുന്നു എന്ന ശലോമോന്റെയും, നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലുതാകുന്നു എന്ന മാർ യാക്കോബിന്റെയും പ്രബോധനങ്ങളെ ആദരിച്ച് പരിശുദ്ധ



എം. സി. കുറിയാക്കോസ് റമ്പാച്ചൻ

നായ മാർ ഗ്രീഗോറിയോസിൽ നമുക്ക് സങ്കേതപ്പെടാം. അദ്ദേഹത്തിന്റെ ജീവിതം നമുക്കു മാതൃകയും, അദ്ദേഹത്തിന്റെ ഓർമ്മ നമുക്ക് അനുഗ്രഹപ്രദവും, അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കു കാവലും ആയിരിക്കട്ടെ.

ബാല്യത്തിൽതന്നെ ദൈവത്തിനു വേണ്ടി
സ്വയമർപ്പിച്ചവനേ,

ആ ജീവനവൃമന്തരവും
ദിവ്യാൽഭുതകരനേ ദിവ്യാ,
പരനുടെ പരിമള ഭാജനമേ,
പരമലെ മരുവും തിരുമേനി
ഓർക്കണമേ—ഞങ്ങളെ എന്നാളും

---

# ഊർശ്ളേം യാത്ര—എഴുത്തുകൾ

## (മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ)

## 1. ബോംബെ, 1895 മീനം 5.

മലയാളത്തുനിന്നും പണ്ടില്ലാതെ ഊർശ്ളേമിലേക്ക് പുറപ്പെട്ടിരിക്കുന്ന നി. വ. ദി ശ്രീ. മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും കൂടെയുള്ളവരുടെയും യാത്രാവിവരം ഞങ്ങളിൽ ഓരോരുത്തരെയും സംബന്ധിക്കുന്നവർക്ക് മാത്രമല്ല, സുറിയാനി സമുദായത്തിനൊട്ടുക്കും മററു പലർക്കും അറിവാൻ ആഗ്രഹമുള്ളതാകകൊണ്ട് മനോരമപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ തക്കവണ്ണം എഴുതി അയയ്ക്കണമെന്ന് കല്പിക്കയാൽ ഇതേവരെയുള്ളത് ഇവിടം വിടുന്നതിനു മുമ്പ് എഴുതിക്കൊള്ളുന്നു.

ഊർശ്ളേം യാത്രയ്ക്കായി പുറപ്പെട്ടിരിക്കുന്ന തിരുമേനിയോടു കൂടെ എന്നെ കൂടാതെ വെട്ടിക്കൽ കൊച്ചു റമ്പാച്ചനും, കുമ്പമൺ കരിങ്ങാട്ടിലച്ചനും, തെക്കൻ പറവൂർ തോപ്പിൽ അച്ചനും കടമ്പനിട്ട സ്കറിയാ അച്ചനും, ശീമക്കാരൻ സ്ളീബാ ശെമ്മാച്ചനും, പീലിപ്പോസ് എന്നു പേരായ ഒരു വാല്യക്കാരനും ഉണ്ട്.

[കുംഭം 18-ാം തീയതി ചാലശ്ശേരിപ്പള്ളിയിൽനിന്നും പുറപ്പെട്ടു 21-ാം തീയതി ചൊവ്വാഴ്ച കാലത്തു ബോംബയിൽ എത്തി എന്നും മീനം 6-ാം തീയതി കപ്പൽ കയറുന്നതാണെന്നും.] മനോരമ, 1895 മാർച്ച് 30-ാം തീയതി.

## 2. ഊർശ്ളേം, 1895 മീനം 27.

ബോംബയിൽനിന്നും ഈ മാസം 5-ാം തീയതി അയച്ചിരുന്ന എഴുത്തു മുറയ്ക്കു കിട്ടുകയും പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുമെന്നു വിശ്വസിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം 6-ാം തീയതി പുറപ്പെടുവാൻ തരമായില്ല. അതു ഞങ്ങളുടെ കുററമല്ല. കപ്പൽ 8-ാം തീയതി ബുധനാഴ്ചയാണ് നംകൂരം വലിച്ചതു്. ഇങ്ങനെ നാൾ

ചുരുങ്ങിപ്പോകയാൽ ഉദ്ദേശിച്ചിരുന്നതുപോലെ മിസ്രേമിൽ കേറാതെ നേരിട്ടു ഇങ്ങോട്ടുതന്നെ പോന്നു. ഓശാന ഞായറാഴ്ചയായ ഇന്നലെ ഞങ്ങൾ ഇവിടെ എത്തി. ദൈവകൃപയാൽ വഴിമേൽവച്ചു ഞങ്ങളിൽ ആർക്കും യാതൊരു സുഖക്കേടും അപകടവും ഉണ്ടായില്ല. കപ്പൽ നീക്കിയതിന്റെ അഞ്ചാം ദിവസം കുറെ കാറ്റും ഓളവും ഉണ്ടായി. ചിലർ അന്ന് ഒന്നു രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. ഇതു പരിചയമില്ലാത്തവർക്ക് വള്ളത്തിൽ കയറിയാലും ഉണ്ടാകുന്നതാണല്ലോ. ഇതിനു ശേഷം ഇങ്ങനെ ഒരു സുഖക്കേടുപോലും ആർക്കും ഉണ്ടായില്ല. കഞ്ഞികുടിയും കാച്ചിയെണ്ണയും പതിവുള്ള മലയാളിക്ക് വിദേശസഞ്ചാരം പ്രയാസമാണ് എന്നാണല്ലോ പറയാറുള്ളത്. ഞങ്ങൾക്കു കപ്പലിലും കഞ്ഞികുടിക്ക് തരക്കേടു വന്നില്ല. വിറക്, അടുപ്പ്, അരകല്ല്, മുതലായവ കമ്പനിക്കാർ ചട്ടംകെട്ടിത്തന്നു. അരിയും കോപ്പും വാങ്ങിയതു കൈവശം ഉണ്ടായിരുന്നു. ഇതുകൊണ്ട് കഞ്ഞിക്ക് കഞ്ഞിയും ചോറിനു ചോറും ഞങ്ങൾക്ക് മുടങ്ങാതെ കിട്ടിവന്നു. കാച്ചിയെണ്ണയുടെ ഫലം കാറ്റുകൊണ്ടു തന്നെ കഴിച്ചു.

ഇങ്ങനെ 23-ാം തീയതി വ്യാഴാഴ്ച പോർട്ടുസെയിഡിൽ എത്തി. അവിടെനിന്നു യോപ്പായിലേക്കു കപ്പൽ തയാറില്ലാഞ്ഞതിനാൽ ശനിയാഴ്ചവരെ അവിടെയുള്ള കപ്പൂയക്കാരുടെ പള്ളിയിൽ പാർക്കയും 25-ാം തീയതി വചനിപ്പുപെരുനാളിനു അവിടെ കുർബാന ചൊല്ലുകയും ചെയ്തു. കപ്പൂയക്കാർ ഞങ്ങൾക്കു വേണ്ട സഹായങ്ങളൊക്കെയും ചെയ്തുതന്നതു കൂടാതെ ചിലരെല്ലാം ഞങ്ങളുടെകൂടെ പോരികയും ചെയ്തു.

ശനിയാഴ്ച രാത്രി അവിടെനിന്നും പുറപ്പെട്ട് യോപ്പാത്തുറമുഖത്ത് ഇറങ്ങി, തീവണ്ടികേറി ഞായറാഴ്ച പകൽ 11 മണിക്കു ഇവിടെ ഊർശ്ലേമിൽ എത്തി. ബോംബെയിൽനിന്നും കപ്പൽ പുറപ്പെടുവാൻ രണ്ടു ദിവസത്തെ താമസം നേരിട്ടതുകൊണ്ടാണ് ഓശാനഞായറാഴ്ചയ്ക്കു മുമ്പ് ഞങ്ങൾക്ക് ഇവിടെ വന്നുചേരാൻ സാധിക്കാഞ്ഞത്. ഞങ്ങൾ സ്റ്റേഷനിൽ എത്തിയപ്പോൾ റമ്പാച്ചന്മാരും മറ്റും വണ്ടികളുമായി ഹാജരുണ്ടായിരുന്നു.

ഇവിടെ എത്തിയതിന്റെ ശേഷം ഇന്നുതന്നെ വിശുദ്ധകബറിടം, ഗോഗുൽത്താ, അതിനു ചുറ്റുമുള്ള നമ്മുടെയും യൗനായക്കാരുടെയും ക്രൂശായക്കാരുടെയും ഇഗ്ലപ്പൂയക്കാരുടെയും ലത്തീൻകാരുടെ അർമ്മനായക്കാരുടെയും പള്ളികൾ ദയറാകൾ ഇവയെല്ലാം കണ്ടതു കൂടാതെ നമ്മുടെ കർത്താവിനെ കെട്ടിനിറുത്തി അടിച്ച കൽത്തൂണ്, തന്റെ തിരുശരീരം കുരിശിൽ നിന്നും ഇറക്കി കഴുകിയ സ്ഥലം, യൗസേപ്പിന്റെയും നീക്കോദീമോസിന്റെയും കബറിടങ്ങൾ, ഹെലനിരാജ്ഞി കുരിശു കണ്ടെടുത്ത സ്ഥലം മുതലായ പലതും കാണുകയും കുമ്പിടുകയും കാഴ്ചകൾ വയ്ക്കുകയും ചെയ്തു. കെട്ടിടങ്ങളുടെ വി

ശേഷതകൾ പറഞ്ഞറിയിക്കുവാൻ കഴിയാത്തവണ്ണം ഉണ്ട്....ഈ വിസ്മയനീയ കെട്ടിടങ്ങൾ എല്ലാം വിശ്വാസവും ഭക്തിയും ഉള്ള ഓരോ രാജാക്കന്മാർ ഓരോ കാലത്തു പണിയിച്ചിട്ടുള്ളവയാണ്. ക്യോംതോ എന്ന പേരുള്ളതായി കബറിടത്തിനു മീതെയുള്ള ഒരു അത്യുന്നതമായ വളവും അതോടു ചേർന്നുള്ള വിസ്മയനീയങ്ങളായ പണികളും എല്ലാം റഷ്യാചക്രവർത്തി ചെയ്യിച്ചിട്ടുള്ളതാണ്. ഇതിന്മേൽ എണ്ണമില്ലാത്തവിധത്തിൽ കനകവിളക്കുകളും മറ്റോരോ അലങ്കാരങ്ങളും കണ്ടു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നസ്ഥിതിക്കു എഴുതി മനസ്സിലാക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സർവ്വശക്തനായ നമ്മുടെ രക്ഷിതാവു കബറടങ്ങിയ ഈ വിശുദ്ധ സ്ഥലം കാര്യപ്രകാരം വിശിഷ്ടമാക്കുവാൻ ബലഹീനന്മാരായ മനുഷ്യർ അവരാൽ കഴിയുന്നതൊക്കെയും ചെയ്തിട്ടുണ്ട്. രക്ഷിതാവിന്റെ തിരുമേനിക്കു നിത്യമഹത്വവും അതിനെ കുറിച്ച് ഈ വിധം ഭക്തി തോന്നി പ്രവർത്തിച്ചവർക്കു ഭാഗ്യവും ഉണ്ടായിരിക്കട്ടെ.

വിശുദ്ധ കബറിടത്തിനു സ്വല്പം തെക്കു മാറീട്ടാണ് വിശുദ്ധ മർക്കോസ് ഏവൻഗേലിസ്ഥായുടെ ഭവനമായ നമ്മുടെ ദയറാ. ഇതിലാണ് (ഊർശ്ലേം മെത്രാപ്പോലീത്തായായ) ബാവാ ഇരിക്കുന്നതും ഞങ്ങൾ താമസിക്കുന്നതും. നമ്മുടെ കർത്താവും ശിഷ്യന്മാരും ഒരുമിച്ച് പെസഹാ കഴിച്ചതും, അവിടുന്നു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതും, പുതിയ പെസഹാ സ്ഥാപിച്ചതും, രാത്രിയിൽ വാതൽ അടച്ചിരിക്കെ കർത്താവു എഴുന്നള്ളിയതും, നമ്മുടെ പിതാവായ മാർ തോമ്മാ ശ്ലീഹാ കണ്ടു വിശ്വസിച്ചതും, പെന്തിക്കോസ്തിനാൾ പരിശുദ്ധാത്മാവ് ഇറങ്ങിയതും, മാർ യാക്കോബ് ശ്ലീഹാ ആദ്യം കുർബാന ചൊല്ലിയതും, തമ്പുരാനെ പെറ്റമ്മയും മാത്തായും മറിയയും മാമോദീസാ മുഴുകിയതും എല്ലാം ഇവിടെവച്ചാണെന്നു പ്രസിദ്ധമായിട്ടുള്ളതാണ്. ഈ പുണ്യസ്ഥലങ്ങളിലൊക്കെയും ഞങ്ങൾക്കുവേണ്ടിയും നിങ്ങളെല്ലാവർക്കു വേണ്ടിയും ഞങ്ങൾ നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു.

## 3. ഊർശ്ലേം, 1895 മേടം 10.

ഞങ്ങൾ പാർക്കുന്നതായ മർക്കോസിന്റെ ദയറായ്ക്കു ഒന്നും രണ്ടും മൂന്നും നിലകൾ വീതമുള്ള പല കെട്ടിടങ്ങളും ആകെ നാല്പതിൽ കുറയാതെ മുറികളും ഉണ്ട്. ഇതിനകത്തുള്ള പള്ളി വളരെ മനോഹരമായ ഒരു കെട്ടിടമാണ്. ദയറായിൽ ഊർശ്ലേം ബാവാ, റമ്പാച്ചന്മാർ, ശെമ്മാശന്മാർ, വേലക്കാർ ഉൾപ്പെടെ 16 ആളുകൾ സ്ഥിരം താമസക്കാരായിട്ടുണ്ട്............

ഞങ്ങൾ കർത്താവിന്റെ കബറിടം, പീലാത്തോസിന്റെ അരമന, കർത്താവിന്റെ വിലങ്ങിടസ്ഥലം, ഗത്സീമോൻതോട്ടം, അവി

ടെയുള്ള കന്യാസ്ത്രീയമ്മയുടെ കബറിടം, സ്തെപ്പാനോസിനെ കല്ലെറിഞ്ഞ സ്ഥലം, ശ്ലേമ്മോന്റെ ദൈവാലയം നിന്നിരുന്ന സ്ഥലമായ മുസൽമാന്മാരുടെ പള്ളി, ദാവീദിന്റെ കബറിടം, ബെത്സൈദാക്കുളം, ശീലോഹാക്കുളം, കിദ്രോൻതോട്ട്, യഹോശാഫാത്തിന്റെ താഴ്വര, ഒലിവുപൎവ്വതം, കൎത്താവിന്റെ സ്വൎഗ്ഗാരോഹണസ്ഥലം, കൎത്താവു കഴുതപ്പുറത്തു കയറിയ സ്ഥലം, ലാസറിന്റെ കബറിടം, മാൎത്തയുടെയും മറിയയുടെയും വീട്, അവർ കൎത്താവിനെ എതിരേറ്റ സ്ഥലം, അവിടെയുള്ള പള്ളി, കൎത്താവു ഗത്സീമോനിൽ പ്രാൎത്ഥിച്ചപ്പോൾ പത്രോസ് മുതലായവർ ഇരുന്ന സ്ഥലം, ശേഷം ശ്ലീഹന്മാർ ഇരുന്ന സ്ഥലം, ശ്ലീഹന്മാർ "ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ" ചൊല്ലിക്കൊടുത്ത സ്ഥലം, രക്തനിലം, ബേത്ലഹേമിൽ കൎത്താവു ജനിച്ച കല്ലുടാവു, തന്നെ കിടത്തിയ പുൽക്കൂട് മുതലായ വലിയ സ്ഥലങ്ങളും കണ്ടു. പുസ്തകത്തിൽ വായിച്ചുമാത്രം കണ്ടിട്ടുള്ള ഈ പുണ്യസ്ഥലങ്ങളൊക്കെയും പ്രത്യക്ഷമായി കാണുമ്പോൾ ക്രിസ്ത്യാനികൾക്കു ഉണ്ടാകാവുന്ന ഭക്തിക്കടുത്ത വിചാരങ്ങളെ കുറിച്ചും മറ്റും എഴുതുന്നതിനു തുടങ്ങിയാൽ വളരെ പടൎന്നുപോകുന്നതാകകൊണ്ടു ഈ ഭാഗം വായനക്കാരുടെ ധ്യാനത്തിനായി തൽക്കാലം വിടുന്നു.

[മനോരമ, 1895 മെയ് 25]

---

# ഊൎശ്ലേംയാത്രക്കാരുടെ ആഗമനം.

[മനോരമ, 1895 ജൂൺ 8]

ഊൎശ്ലേംയാത്ര കഴിഞ്ഞു തിരിച്ചെത്തിയ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമേനിയെ 4-ാം തീയതി ചൊവ്വാഴ്ച കുമരകം പള്ളിക്കാർ ജലമാൎഗ്ഗമായി ആ പള്ളിയിലേക്കു എതിരേറ്റു. പിറ്റേദിവസം കോട്ടയം പള്ളിക്കാർ തിരുമേനിയെ കുമരകത്തുനിന്നു താഴത്തങ്ങാടിയിലേക്കു ജലമാൎഗ്ഗമായും അവിടെനിന്നും കനകപ്പള്ളിക്കിൽ പട്ടണം ചുറ്റി പഴയസിമ്മനാരിയിലേക്കും ആഡംബരപൂൎവ്വം എതിരേറ്റു. വ്യാഴാഴ്ച മാർ ദീവന്നാസ്യോസുസിമ്മനാരിയിലെ അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളുംകൂടി തിരുമേനിയെ അപ്രകാരംതന്നെ പഴയസിമ്മനാരിയിൽനിന്നു എതിരേറ്റു ഭക്ത്യാദരങ്ങൾ പ്രകാശിപ്പിച്ചു. അനന്തരം തിരുമേനി പരുമലസിമ്മനാരിയിലേക്കു എഴുന്നള്ളി.

---

# കഴിഞ്ഞുപോയ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഒന്നാം വാർഷിക സ്മരണ

(മലയാള മനോരമ—1903 നവംബർ 11.)

പോയ കൊല്ലം ഈ മാസത്തിൽ പരുമല സിമ്മനാരിയിൽ വച്ചു കാലം ചെയ്തു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ശ്രാദ്ധാഘോഷം ഈ മാസം 2-ാം നു- തിങ്കളാഴ്ച അതു സിമ്മനാരിയിൽ വച്ചു അനേകായിരം സുറിയാനി ക്രിസ്ത്യാനികൾ കൂടി കൊണ്ടാടിയിരിക്കുന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയും, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയും കാലേക്കൂട്ടി സ്ഥലത്തു് എത്തിയിരുന്നു. ആ സാമ്മനാരിയിൽ കാര്യം വിചാരിക്കുന്ന കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ അവർകളും, കാലം ചെയ്തു മെത്രാപ്പോലീത്തായുടെ ഒരു പ്രത്യേക ശിഷ്യനാം മാർ ദീവന്നാസ്യോസ് സിമ്മനാരിയുടെ അദ്ധ്യക്ഷനാമായ മലങ്കരമല്പാൻ വട്ടശ്ശേരിൽ ഫാദർ ഗീവറുഗീസ് അവർകളും അടിയന്തിരം ഭംഗിയാക്കുവാൻ കാലേക്കൂട്ടി വേണ്ട ചട്ടംകെട്ടുകൾ ചെയ്തിരുന്നു.

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ ജീവിതകാലത്തു വിളങ്ങിയിരുന്ന അസാധാരണമായ ഈശ്വരഭക്തി പണ്ടേതന്നെ പ്രസിദ്ധമായിരുന്നതിനു പുറമേ അദ്ദേഹത്തിന്റെ കാലശേഷം ആ നാമത്തിൽ സമർപ്പിക്കുന്ന വഴിപാടുകൾക്കും പ്രാർത്ഥനകൾക്കും വിശേഷവിധമായ ഫലം ഉണ്ടെന്നു സുറിയാനിക്കാരുടെ ഇടയിൽ പൊതുവെ ഒരു ദൃഢവിശ്വാസമുണ്ടായിരുന്നതിനാൽ, കൊച്ചി-തിരുവിതാംകൂർ സംസ്ഥാനങ്ങളുടെ വിവിധഭാഗങ്ങളിൽ നിന്നും പത്തിരുപതിനായിരം ജനങ്ങൾ ഈ അടിയന്തിരത്തിൽ സംബന്ധിപ്പാൻ നേർച്ച കാഴ്ചകളോടുകൂടെ വന്നുകൂടിയിരുന്നു. അതുമാത്രമല്ല, ഫാദർ ഗീവറുഗീസ് കത്തനാർ അവർകൾക്കു അടിയന്തിരത്തിന്റെ തലേദിവസം ഞായറാഴ്ച റമ്പാൻസ്ഥാനം കൊടുക്കുവാൻ നിശ്ചയിച്ചിരുന്നതിനാൽ അതു കാണ്മാൻകൂടി ആളുകളുടെ വരവു് ശനിയാഴ്ച മുതൽതന്നെ ഒട്ടും കുറവല്ലായിരുന്നു.

റമ്പാൻ എന്നു വച്ചാൽ സന്യാസവ്രതത്തിൽ ജീവിപ്പാൻ കടപ്പെടുത്തുന്ന ഒരു സ്ഥാനവും മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള ഒരു പടിയും ആകുന്നു. ഒന്നാം തീയതി ഞായറാഴ്ചയായിരുന്നു ഗീവറുഗീസു കത്തനാർക്കു് ഈ സ്ഥാനം കൊടുക്കുവാൻ നിശ്ചയിച്ചിരുന്നതു്. അന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രധാന കർമ്മിക

ന്നായിരുന്നു. കുർബാനയുടെ മദ്ധ്യത്തിലാണ് ഈ ശുശ്രൂഷ നടത്തുന്നത്. സ്ഥാനം ഏൽക്കുന്ന ആൾ വിശേഷവിധത്തിലുള്ള ചില സത്യങ്ങൾ ചെയ്യുകയും, ലോകാഡംബരങ്ങളെ ഉപേക്ഷിച്ചിരിക്കുന്നതായി സമ്മതിച്ച് തന്റെ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞ് പുതിയ വസ്ത്രങ്ങൾ ധരിക്കുകയും, യേശുക്രിസ്തുവിനു വേണ്ടി കഷ്ടതകൾ സഹിച്ചു കൊള്ളാമെന്ന് സമ്മതിച്ച് ഒരു കുരിശു സ്വീകരിച്ച് ചുമക്കുകയും ചെയ്യണം. ഒടുവിൽ ഇങ്ങനെ സ്ഥാനം കൈക്കൊണ്ട ആളിന്റെ പാദങ്ങൾ മെത്രാൻ മുതൽ താഴെയോട്ടു ശെമ്മാശ്ശൻ വരെയുള്ള എല്ലാ സ്ഥാനികളും കഴുകുന്നു. ഈ വക ശുശ്രൂഷകളും പ്രാർത്ഥനകളുമെല്ലാം പന്ത്രണ്ടു മണിവരെ ഉണ്ടായിരുന്നു. ജനക്കൂട്ടത്തിന്റെ ബഹുത്വം നിമിത്തം പള്ളിയകത്തു വലിയ തിക്കും തിരക്കും ഉണ്ടായിരുന്നതിനാൽ പലർക്കും വലിയ ബുദ്ധിമുട്ട് ഈ അവസരത്തിൽ നേരിട്ടു.

ശ്രാദ്ധം സംബന്ധിച്ച ചടങ്ങുകൾ ഞായറാഴ്ച സന്ധ്യയ്ക്ക് ആരംഭിച്ചു. റമ്പാന്മാരും പട്ടക്കാരും ശെമ്മാശ്ശന്മാരുംകൂടി കത്തുന്ന മെഴുകുതിരികൾ പിടിച്ചു രണ്ടു നിരയായി നിന്ന് മെത്രാപ്പോലീത്തന്മാരെ പള്ളിയക്കത്തേക്ക് സുറിയാനി ഗീതം ചൊല്ലി എതിരേററു. മുറപ്രകാരമുള്ള സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം, കാലംചെയ്ത മെത്രാപ്പോലീത്തായ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തപ്പെട്ടു. അനന്തരം വൈദികഗണം തിരുമേനിമാരെ, പള്ളിയിലേക്ക് ആനയിച്ചതുപോലെ, തിരികെ മുറിയിലേക്ക് എതിരേററു. അപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അശീർവ്വാദം നൽകി. പത്തുമണി രാത്രിയിൽ വെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ, കൊടികൾ മുതലായവയോടുകൂടെ ആഘോഷകരമായ ഒരു പ്രദക്ഷിണം നടത്തുകയുണ്ടായി. പിറേറ ദിവസം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും പുതിയ റമ്പാൻ ഉൾപ്പെടെ രണ്ടു റമ്പാന്മാരും ചേർന്നു മൂന്നിന്മേൽ കുർബാന നടത്തി. അതിന്റെ മദ്ധ്യത്തിൽ പ്രസംഗവും വാങ്ങിപ്പോയ ആളിനുവേണ്ടി പ്രത്യേക ശുശ്രൂഷകളും ഉണ്ടായിരുന്നു. അവയെല്ലാം കഴിഞ്ഞപ്പോഴേക്ക് മണി പന്ത്രണ്ടായി. അനന്തരം തിരുമേനിമാരെ വൈദിക ഗണം മുറിയിലേക്ക് ആനയിക്കുകയും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അശീർവാദം നൽകുകയും ചെയ്തു. മൂന്നു മണിക്ക് ആഡംബരപൂർവ്വമായ റാസയും നടത്തപ്പെട്ടു. അനന്തരം സന്ധ്യയായപ്പോഴേക്ക ജനമെല്ലാം പിരിഞ്ഞുപോയി.

ശനിയാഴ്ച മുതൽ കൂടിയ പട്ടക്കാർക്കൊക്കയും മൂന്നുനേരവും ശരിയായ വിരുന്നു സൽക്കാരം ഉണ്ടായിരുന്നു. വഴിപാടായി 1900 രൂപായും, കുർബാനയ്ക്കുവേണ്ടി 500 രൂപയും വരവുണ്ടായിരുന്നു. ഇതിനു പുറമെ പൊൻ വെള്ളി സാധനങ്ങളായി പല കാഴ്ചകളും വന്നിരുന്നു.

ഞായറാഴ്ചയും തിങ്കളാഴ്ചയും പ്രസിദ്ധനായ കായംകുളം ജോൺ ഉപദേശിയുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു, തിങ്കളാഴ്ചത്തെ പ്രസം

ഗത്തിന്റെ മദ്ധ്യത്തിൽ മാർ ഗ്രീഗോറിയോസ് സ്മാരക ഹൈസ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും സിമ്മനാരിയിൽ വരികയും മെത്രാപ്പോലീത്തന്മാരാലും മററും താല്പര്യപൂർവ്വം കൈക്കൊള്ളപ്പെടുകയും ചെയ്തു.

---

# അത്ഭുതവാന്റെ അത്ഭുതങ്ങൾ

## പിശാചു് ഓടിപ്പോയി.

പരുമലെ അഴിപ്പുരവാസകാലത്തു് 1883-ാമാണ്ടിടയ്ക്കു് പൂർണ്ണചന്ദ്രപ്രശോഭിതമായ ഒരു ശരൽക്കാലരാത്രിയിൽ സന്ധ്യാനമസ്കാരവും കുളിയും കഴിഞ്ഞു തിരുമേനി തെക്കുവശത്തെ മുററത്തുകൂടി പതിവുപോലെ നടന്നുകൊണ്ടിരുന്നു. സമയമോ ഏഴുമണിയിൽ അധികമായിട്ടില്ല. തിരുമേനി ഉലാത്തുന്നതിനിടയിൽ ആരോ ഒരാൾ അടുത്തു വടക്കുവശത്തുള്ള വേലിക്കട്ടക്കൽ നിൽക്കുന്നതായി തോന്നി. കറുത്ത ആൾ. അയൽവീട്ടിലെ ആരെങ്കിലുമായിരിക്കാം എന്നു സംശയിച്ചു; ഒന്നും ചോദിച്ചില്ല. തിരിഞ്ഞു നടന്നു. വീണ്ടും വന്നപ്പോഴും നിൽക്കുന്നു. അപ്പോൾ തിരുമനസ്സുകൊണ്ടു ചോദിച്ചു; "അതാരാണു്?" "ഞാൻ" എന്നായിരുന്നു മറുപടി. "ഞാൻ എന്നു പറഞ്ഞാൽ ആരു്?" എന്നു വീണ്ടും ചോദിച്ചു. "ഞാനോ, നിന്റെ പിതാവു്" എന്നുള്ള പ്രത്യുത്തരം കേട്ടതോടെ "നീ എന്റെ പിതാവോ?" എന്നായി തിരുമേനി. "അതേ, നീ എന്നെ വന്ദിക്കാമെങ്കിൽ ഇതെല്ലാം തരാം" എന്നായിരുന്നുവത്രെ അതിനുള്ള മറുപടി. തന്നോടു വാദിക്കുവാൻ വന്ന എതിരാളി ആരെന്നും അവന്റെ ആഗമനോദ്ദേശം എന്തെന്നും മനസ്സിലാക്കിയ തിരുമനസ്സുകൊണ്ടു് സഗൗരവം "നീ എന്റെ പിതാവോ? ഞാൻ എന്റെ പിതാവിനെ ഒന്നു വന്ദിച്ചുനോക്കട്ടെ" എന്നുപറഞ്ഞു് കിഴക്കോട്ടു തിരിഞ്ഞു കുരിശുവരച്ചു കുമ്പിട്ടു. എഴുന്നേററു ആ സ്ഥലത്തേക്കുനോക്കി ഒന്നു കുരിശുവരച്ചു. അതോടെ അവൻ ഭയന്നോടി. തിരുമേനി മുറിയിലേക്കു കയറി. അല്പമായുണ്ടായ മനശ്ചാഞ്ചല്യത്താൽ തിരുമനസ്സുകൊണ്ടു് വിശ്രമാർത്ഥം കിടക്കുകയാണുണ്ടായതു്. പതിവില്ലാത്ത സമയത്തു് തങ്ങളുടെ പ്രിയഗുരു കിടക്കുന്നതിന്റെ കാരണം ശിഷ്യവർഗ്ഗം ആരാഞ്ഞപ്പോൾ ഇവയെല്ലാം പറയുന്നതിനു് താൻ നിർബന്ധിതനായി. സാത്താനെപ്പോലും ഓടിക്കത്തക്ക തിരുമനസ്സിലെ പുണ്യപൂരത്തെയും ദൈവികശക്തിയേയും മററുംപററി ഭയഭക്തിപൂർവ്വം അനുസ്മരിച്ചു അവർ പുളകിതഗാത്രരായി. ഈ സംഭവത്തിനു സാക്ഷികളാവാൻ തക്കവണ്ണം ഇവരിൽ ചിലർ ഇപ്പോഴും ജീവനോടിരിക്കുന്നു.

## കാവൽ.

പരിശുദ്ധൻ "പുത്തൻമുറി"യിൽ താമസിക്കുന്ന കാലത്തു സിമ്മനാരിയും പള്ളിയും ഇപ്പോൾകാണുന്ന രീതിയിൽ തീർന്നിട്ടില്ലായിരുന്നു. പാലപ്പലകകൾ താഴ്ച്ച് മറവുവരുത്തിയിട്ടുള്ള ഒരു താൽക്കാലികകെട്ടിടമായിരുന്നു അപ്പോഴത്തെപള്ളി. ഇടവപ്പാതികാലം. പമ്പാനദിജലപ്പെരുപ്പത്താൽ ഇരുകരകളെയും ആക്രമിച്ചു കിഴടക്കിയക്രുട്ടത്തിൽ പുത്തൻമുറിയുടെ മുററവും അധീനമാക്കികഴിഞ്ഞു. അത്യുഗ്രമായ ഒഴുക്കും ചുഴലിമലരികളും മററും വൻ കെട്ടുവള്ളങ്ങളുടെ ഗതാഗതത്തെ തന്നെയും വിഷമകരമാക്കി, ഈ ഘട്ടത്തിൽ കിഴക്കുനിന്നും വന്ന ഒരു ചരക്കിൻവള്ളം സന്ധ്യയോടടുക്കൽ പരുമലപ്പള്ളിയുടെ അല്പം താഴെയോട്ടുമാറി അടുത്തു കെട്ടികിടന്നു. ചാക്ക്, കുപ്പ, കപ്പമാങ്ങാ മുതലായവയായിരുന്നു അതിനകത്തെ സാധനങ്ങൾ. കൊല്ലകടവു തുടങ്ങിയ സ്ഥലങ്ങളിൽനിന്നു് ഇവ വാങ്ങി വില്പനയ്ക്കായി പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു പോകുന്നവഴിക്കാണ് വീയപുരം ദേശക്കാരായ ഈ വള്ളക്കാർ രക്ഷാസ്ഥാനം നോക്കി ഇവിടെ അടുക്കാനിടയായതു്. അവർ ഉറങ്ങിയും ഉറങ്ങാതെയും രാത്രികഴിച്ചു. ഏകദേശം അർദ്ധരാത്രിയാകാറായപ്പോൾ കറുത്തവരായ ഒരു ക്രുട്ടർ വള്ളത്തിൻെറ അണിയത്തും അമരത്തുംക്രുടി അതിനകത്തേക്കു് ഇറങ്ങുന്നതായി വള്ളത്തിലുണ്ടായിരുന്നവരിൽ ചിലർക്കു തോന്നി. വള്ളക്കാർ ഭയവിഹ്വലരായിത്തീർന്നു. ഈ അവസരത്തിൽ ദൈവനാമോച്ചാരണവും ദൈവാലയസ്മരണയും അവരിൽനിന്നുയർന്നുവെങ്കിലും അതിൽതന്നെ ശ്രദ്ധമുഴുവനായി കേന്ദ്രിക്കുവാൻ കഴിയാതെ അവരുടെ ശ്രദ്ധ പതറി. ഉപജീവനാർത്ഥമുള്ള ചരക്കുകൾ നഷ്ടമാകുക മാത്രമല്ല, സ്വന്തംജീവനുപോലും എന്തു ഭവിക്കുമെന്നു ശങ്കിച്ചു് അവർ അമ്പരന്നു. ഈ പരിഭ്രാന്തിക്കിടയിൽ പള്ളിയുടെ മുൻഭാഗത്തുള്ള കല്പടികളിൽക്രുടി വെള്ളവസ്ത്രധാരിയായ വലിയ ഒരാൾ ഇറങ്ങിവരുന്നതുകണ്ടു് വള്ളക്കാർ, ആശാഭരിതരായി. സഹായാർത്ഥം നിലവിളി ക്രുട്ടി. അദ്ദേഹം അടുത്തുവന്നു കാര്യം ചോദിച്ചു. സംഭവകഥകൾ പറഞ്ഞുകഴിഞ്ഞപ്പോൾ കുറച്ചുക്രുടി താഴെയോട്ടു് നീങ്ങി വള്ളം അടുപ്പിച്ചുകെട്ടി കിടന്നുകൊള്ളുക; യാതൊരുപദ്രവവും ഉണ്ടാകുകയില്ല എന്നുപറഞ്ഞു് അടുക്കൽ ഒരു സ്ഥലം കാണിച്ചുകൊടുത്തു. അവർ അപ്രകാരം ചെയ്തു. പിന്നീടു് ആരെയും കണ്ടുമില്ല. നേരം പ്രഭാതമായി. തിരുമേനി നമസ്കാരവും മററും കഴിഞ്ഞു് മുറിയിൽ ഇരിക്കുമ്പോൾ പ്രസ്തുത വള്ളക്കാർ കുറെ കാഴ്ച്ചവസ്തുക്കൾ കൊണ്ടുവരികയും രാത്രിയിൽ അവരെ സഹായിച്ചതിനുള്ള നന്ദി തിരുമനസ്സറിയിക്കുകയും ചെയ്തു. എന്നാൽ തിരുമേനി ഇതൊന്നും അറിഞ്ഞതേയില്ലായിരുന്നു. ഈ വസ്തുത വള്ളക്കാരെ പൂർവ്വാധികംഭ്രമിപ്പിച്ചു. എന്നാൽ കരിംക്രുററന്മാരെ കാണുകയും ഓടിക്കയും ചെയ്തിട്ടുള്ള തിരുമേനിക്കു് വള്ളക്കാരെ ഭ്രമിപ്പിച്ച കറുത്തക്രുട്ടരും സഹായാർത്ഥം സമീപിച്ച ശുഭ്രവസ്ത്രധാരിയും ആരെല്ലാമെ

ന്ന് സുവ്യക്തമായി. രാത്രിയിൽ തങ്ങളെ സഹായിച്ചയാൾ പള്ളിയിൽനിന്നാണ് ഇറങ്ങിവന്നതെന്നു സസൂക്ഷ്മം കണ്ടിരുന്ന വള്ളക്കാർക്കും, ആ പള്ളി പത്രോസുശ്ലീഹായുടെ നാമത്തിൽ അകുന്ന സ്ഥാപിച്ചിരിക്കുന്നതു് എന്നും, മാറിക്കിടക്കുവാനായി അദ്ദേഹം നിർദ്ദേശിച്ച സ്ഥലം കൊച്ചുതിരുമേനി താമസിച്ചിരുന്ന പുത്തൻമുറിയുടെ നേരെയായിരുന്നു എന്നും മനസ്സിലായതോടെ വാസ്തവസ്ഥിതികൾ ബോദ്ധ്യപ്പെട്ടു. അവർ എത്രയുമധികം ഭയഭക്തിയുള്ളവരാകയും ശ്ലീഹന്മാരിൽ മുമ്പനായ വി. പത്രോസുശ്ലീഹാപോലും തന്റെ ആശ്രിതരുടെ കാവൽസ്ഥാനമായി ഈ പരിശുദ്ധനെ ഗണിച്ചിരുന്നതു് ഗ്രഹിച്ച് അത്ഭുതം കൂറുകയും ചെയ്തു് ഇവിടെനിന്നും മടങ്ങി.

## നാളത്തെപ്പററി ചിന്തിക്കേണ്ട

തിരുമേനി അഴിപ്പുരയിൽ താമസിക്കുന്ന കാലം. വരവു വിശേഷിച്ചൊന്നുമില്ല. താമസിച്ചുപഠിക്കുന്ന ശെമ്മാശന്മാരൊ പത്തുമുപ്പതിലധികം. ശെമ്മാശന്മാരുടെ ഭക്ഷണകാര്യത്തിനും മററും ചുമതല വഹിച്ചിരുന്നതു് ദിവംഗതനായ മലങ്കരയുടെ ശീവറുഗീസു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ (അന്നു ശെമ്മാശൻ) ആയിരുന്നു. ഒരു ദിവസം വൈകിട്ടു് അദ്ദേഹവും മററു ചില ശെമ്മാശന്മാരുംകൂടി അടുത്തദിവസത്തെ ചെലവിനു് ഒൻപതു ചക്രമല്ലാതെ മററു യാതൊന്നുമില്ല എന്നു തിരുമനസ്സറിയിച്ചു. "നാളത്തെപ്പററി ചിന്തിക്കണ്ടാ" എന്നല്ലേ തിരുവചനം എന്നായിരുന്നു അതിനുള്ള മറുപടി. തിരുവചനമുണ്ടു്; കാര്യം നോക്കിയില്ലെങ്കിൽ രാവിലെ കഞ്ഞി കാണുകയില്ലായിരിക്കും എന്നുകൂടി ചിലർ പിറുപിറുക്കാതിരുന്നില്ല. അന്നത്തെ ദിവസം അങ്ങിനെ കഴിഞ്ഞു. പിറേറദിവസം പ്രഭാതനമസ്കാരം കഴിയുന്നതിനു മുമ്പു് ഒരാൾ മററുചിലരോടുകൂടി നാലഞ്ചുപറ അരി, രണ്ടുവഴക്കുല, കറെ പായസം, മററുവേണ്ട സാമാനങ്ങൾ എന്നിവയുമായിവന്നുചേൎന്നു. നിരണം ഇടവകയിൽപ്പെട്ട മണത്തീറവീട്ടിലെ ഒരാളായിരുന്നു അതു്. അയാൾ അന്നുനടത്തുന്ന അടിയന്തിരത്തിന്റെ ഒരംശം സിമ്മനാരിയിൽ കൊണ്ടുവന്നതായിരുന്നു ഈ അരിയും സാമാനങ്ങളും എന്നു് അവരിൽനിന്നുതന്നെ മനസ്സിലായി. തിരുമേനിയാകട്ടെ സ്വശിഷ്യരിൽ വിശ്വാസവും ദൈവാശ്രയവും വർദ്ധിപ്പിക്കുന്നതിനു് ഈ അവസരം ഉപയോഗിച്ചു.

## കൊച്ചുതിരുമേനി തുമ്പമൺ പള്ളിയിൽ

തുമ്പമൺ മെത്രാസനം തിരുമനസ്സിലെ ഭരണത്തിലായിത്തീർന്നശേഷം 1882–ാമാണ്ടു് തിരുമേനി തുമ്പമൺപള്ളിയിൽ എഴുന്നള്ളി. ഒരുദിവസം തിരുമേനി പ്രഭാതനമസ്കാരവും മററും കഴി

ഞ്ഞു് പള്ളിവകയ്ക്കു പുതുതായി നിർദ്ദേശിക്കപ്പെട്ടിരുന്ന ശവക്കോട്ട സ്ഥലം സന്ദർശിക്കുവാൻ തിരിച്ചു. വൈദികർ തുടങ്ങി ചിലർ കൂടെയുണ്ട്. പള്ളിയുടെ നേരെ കിഴക്കേതായിരുന്നു ശവക്കോട്ടസ്ഥലം. അവിടം സന്ദർശിച്ചു മടങ്ങവേ വഴിയിൽനിന്നും ശവക്കോട്ടയിലെ ക്കുള്ള പ്രവേശനവാതിൽക്കൽ ഒരു സ്ത്രീ വന്നു നോക്കിനില്ക്കുന്നതു് യാദൃച്ഛികമായി കാണാനിടവന്നു. താനാകട്ടെ അവിടേക്കു ദൃഷ്ടിപതിക്കാതെ വീണ്ടും സംസാരിച്ചുകൊണ്ടു് അവിടെത്തന്നെ നിന്നു. സമയം കുറെയായി. അപ്പോഴും മുമ്പേ നിന്നിരുന്ന സ്ത്രീ അവിടെ നിന്നും മാറിയിട്ടില്ല; തന്റെ മടക്കയാത്ര വാതിൽക്കൽ നില്ക്കുന്ന യാൾ മാറിയിട്ടാകാമെന്നുകരുതി കുറച്ചുകൂടി താമസിച്ചു. പിന്നെയും തഥൈവ. അവിടെ നിന്നിരുന്നതോ, തലമുടിയും അഴിച്ചു് പ്രഭാതസ്നാനം കഴിഞ്ഞുള്ള വേഷത്തിൽ അടുത്തുള്ള സ്വഭവനത്തിലേക്കു പരിചാരികാസമേതയായി പോയിരുന്ന സൗന്ദര്യവതിയായ ഒരു നായർയുവതിയായിരുന്നു. അവർ തിരുമേനിയെ കണ്ടു് അങ്ങു നിന്നുപോയി. അവർ അവിടെനിന്നു മാറിപ്പോകുന്നതിനായി ഒരാൾ ചെന്നറിയിച്ചു. വീണ്ടും അതേപടി എന്തോ പുലമ്പികൊണ്ടു അവർ അവിടെത്തന്നെ നിന്നു. തിരുമേനിക്കോ പള്ളിയിലേക്കു പോകേണ്ടയാവശ്യം. അവരോ മാറുന്നതുമില്ല. താൻ വിഷമിച്ചു. വീണ്ടും നോക്കി; അവർ അവിടെത്തന്നെ നില്ക്കുന്നു. ഈ ഘട്ടത്തിൽ, "ഈ പിശാചിനു പോകരുതോ" എന്നുള്ള വചനം വായിൽനിന്നും വീണു. സമയം കുറെ അതിക്രമിച്ചിരുന്നതിനാൽ കൂടെയുണ്ടായിരുന്ന പരിചാരിക അപ്പോഴേക്കും അവരെ ഒരുവിധത്തിൽ അവിടെനിന്നും കൂട്ടിക്കൊണ്ടുപോയി. അവരാകട്ടെ അപ്പോഴും ചിലതു പുലമ്പി കൊണ്ടിരുന്നു. ഗൃഹത്തിൽ എത്തി; സംസാരമോ വർദ്ധിച്ചു. സംസാരഗതിതന്നെയും മാറി. പെട്ടെന്നുണ്ടായ ഈ വികല്പത്തിൽ വീട്ടുകാർ എന്തെന്നില്ലാതെ ഭ്രമിച്ചു. ചികിത്സാർത്ഥം പല വൈദ്യന്മാരെയും വരുത്തി. മാസങ്ങൾ പലതു കഴിഞ്ഞിട്ടും വലിയ കാര്യം കാണാതിരുന്ന ഭവനക്കാർ ഒരു മുഖ്യമാന്ത്രികന്റെ ചികിത്സയ്ക്കു വഴിപ്പെട്ടു. അയാളുടെ വിധിയറിവാൻ ഏവരും ഉത്സുകരായി. ഒരു ദിവ്യമാമുനിയുടെ ശാപമാണെന്നായിരുന്നു അയാളുടെ വിധി.

ഈ ദയനീയസംഭവങ്ങളൊന്നും അറിയാതിരുന്ന തിരുമനസ്സുകൊണ്ടു് വിസ്തൃതമായ ഇടവകഭരണാന്വേഷണാർത്ഥം സ്ഥലാന്തരഗമനം ചെയ്തിരുന്നുവെങ്കിലും കാലദൈർഘ്യതയാൽ അപ്പോഴേക്കും വീണ്ടും സ്ഥലംപള്ളിയിൽ എത്തിയിരുന്നു. വൈദ്യവിധി വേദോക്തി പോലെ വിശ്വസിച്ച രോഗിണിയുടെ ഭവനക്കാർ ശാപശരമയച്ച മാമുനിയേതെന്നറികയെന്നുള്ളതായിരുന്നു അടുത്ത വിഷമപ്രശ്നം. അതും പരിഹരിക്കപ്പെട്ടു. ശാപമോക്ഷത്തിനായുള്ള പ്രസ്തുത കുടുംബക്കാരുടെ പ്രതിക്ക് തിരുമേനിയുടെ രഹസ്യപ്രാർത്ഥന തടസ്സം നേരിടുവിക്കുകതന്നെ ചെയ്തു. തന്റെ ഏകാഗ്രതയെ ഭഞ്ജിച്ചും ആഗമനോദ്ദേശം അറിയിക്കുവാനുള്ള ചിലരുടെ ധൈര്യം കൂടുതൽ ക്ലിപ്ത

തള്ളിടയാക്കിയെങ്കിലോ എന്നുള്ള ഭയത്താൽ നിരോധിക്കപ്പെട്ടു. ഈ ഘട്ടത്തിൽ സമയത്തിൻെറ ദൈർഘ്യത എത്രയെന്നു പറയണമൊ? അവരും അറിയാതെ തന്നെ ദൈവത്തെ പ്രാർത്ഥിച്ചു. രഹസ്യപ്രാർത്ഥനയിൽ നാഴികകൾ പലതു പിന്നിലാക്കികഴിഞ്ഞ ശുദ്ധിമാൻ ഇതരദിനചര്യാദികൾക്കായി ദൈവാലയത്തിൽ നിന്നിറങ്ങവേ അനേകരിൽനിന്നുള്ള അഭയയാചനകൾക്കായി. ആ ഉൽകൃഷ്ടപുമാൻ ഇതികർത്തവ്യതാമൂഢനായിച്ചമഞ്ഞു. തൊഴുകയ്യോടെ നില്ക്കുന്ന ആ സ്ത്രീയെ കണ്ടതിൽ തൻെറ സഹതാപം ദ്വിഗുണീഭവിച്ചു. "വിഷമിക്കണ്ടാ; കുറഞ്ഞുകൊള്ളും. നന്നായിട്ടു ജപിച്ചുകൊണ്ടാൽമതി." എന്നുള്ളതായിരുന്നു അപ്പോൾ തന്നിൽനിന്നും പൊഴിഞ്ഞ വചനങ്ങൾ. ശ്രോതാക്കൾ ആശ്വാസിതരായി; രോഗിണിക്കു ശാന്തതയും. എന്നാൽ അവരുടെ ആദ്യ സൌന്ദര്യമൊ ആരോഗ്യമൊ പുനഃസ്ഥാപിക്കപ്പെടാതെ ഏതൽകൃത്യത്തിനൊരു സാക്ഷിയെന്നവണ്ണം വികൃതരൂപിണിയായിത്തന്നെ പിൽക്കാലം കഴിച്ചുകൂട്ടേണ്ടതായി വന്നുവെന്നാണറിയുന്നതു്. ഈ പരമസിദ്ധനെക്കുറിച്ചുള്ള ഭയഭക്തിയാൽ ഇദ്ദേഹം തുമ്പമൺ പള്ളിയിൽ എഴുന്നള്ളുമ്പോഴൊക്കെയും പ്രസ്തുത കുടുംബക്കാർ പലതും തിരുമുൽക്കാഴ്ചയായി കൊണ്ടുചെന്നു കൊടുക്കുക പതിവായിരുന്നു എന്നുള്ളതും പ്രസ്താവ്യമത്രെ.

## എനിക്കു വികാരിസ്ഥാനം വേണ്ടായേ

തുമ്പമൺ ഭദ്രാസന ഇടവകയിൽ ഉൾപ്പെട്ടതായി തുമ്പമൺ പള്ളിക്കടുക്കലുള്ള ഒരു ദൈവാലയത്തിൽ ഒരു സമയം രണ്ടു പുരോഹിതന്മാർ ഉണ്ടായിരുന്നു. പ്രസ്തുത പട്ടക്കാരിൽ ഒരാൾ പ്രബലനും തൻേറടക്കാരനുമായിരുന്നതിനാൽ ആ പള്ളിയുടെ വികാരിസ്ഥാനം കരസ്ഥമാക്കാൻ അദ്ദേഹത്തിനു പ്രയാസം വന്നില്ല. എന്നാൽ പള്ളിയുടെ വരവുചെലവു സംബന്ധിച്ച യാതൊരു നിയന്ത്രണവും ഇല്ലാതെയുള്ള നടപടിയത്രേ ഈ വികാരി അംഗീകരിച്ചതു്. സ്വേച്ഛാധികാരപ്രമത്തനായ അദ്ദേഹത്തിൻെറ ഭരണവൈകല്യം ഇടവകജനങ്ങൾക്കു് അതിദുസ്സഹമായിത്തീർന്നു. മറെറാ വൈദികൻ ഒരു "സാധു"വായിരുന്നെങ്കിലും പള്ളിക്കാര്യങ്ങളിൽ വളരെ ശുഷ്കാന്തിയും താല്പര്യവുമുള്ള ആളായിരുന്നു. ഈ പരമാർത്ഥം ഇടവകജനങ്ങൾക്കു് ബോദ്ധ്യമായിരുന്നെങ്കിലും വികാരി അച്ചൻെറ പ്രാബല്യത്താൽ അതു വെളിപ്പെടുത്തുന്നതിനു സാധിച്ചില്ല. ഈ പതനത്തിൽ തിരുമേനിയുടെ ആഗമനം അവിടെ ഉണ്ടായി. തിരുമേനിയുടെ വരവോടുകൂടി ഇടവകജനങ്ങളും അച്ചന്മാരും തിരുസന്നിധിയിൽ എത്തി. പള്ളിക്കാര്യങ്ങളെപ്പററിയുള്ള അന്വേഷണത്തിൽ പട്ടക്കാരുടെ ഭരണപാടവം പ്രത്യക്ഷപ്പെട്ടു. യഥാർത്ഥസ്ഥിതി മനസ്സിലാക്കിയ തിരുമേനി, വികാരി സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതിനെപ്പററി അച്ചനോടു കല്പിച്ചു. അച്ചൻ അതിനു വഴിപ്പെട്ടില്ല. തിരുമേനി

സാമദാനാദികൾ പ്രയോഗിച്ചിട്ടും അച്ചന്റെ മനസ്ഥിതിക്ക് അണു മാത്രവും വ്യതിചലനമുണ്ടായില്ല. ഗത്യന്തരമില്ലായ്കയാൽ "ഈ മർക്കടമുഷ്ടി തനിക്ക് നാശത്തിനിടയായിത്തീരു"മെന്നു കല്പിച്ചു. എല്ലാവരും പിരിഞ്ഞു. വികാരിസ്ഥാനത്തിനു; ഇളക്കം തട്ടാഞ്ഞതിൽ സന്തുഷ്ടനായും എന്നാൽ തിരുമേനിയുടെ കല്പനയാൽ അല്പം ആശങ്കയോടും കൂടെയാണു വികാരി വീട്ടിലേക്കു പോയതു്. വഴിമദ്ധ്യേവച്ചു് അദ്ദേഹത്തിനു് അതിസാരം ആരംഭിച്ചു. ഒന്നുരണ്ടു പ്രാവശ്യത്തെ ഇളക്കത്തോടുകൂടി അദ്ദേഹം ക്ഷീണിതനായിത്തീൎന്നു. ആശ്രിതജനങ്ങൾ ഒരുവിധത്തിൽ വികാരിയച്ചനെ വീട്ടിലെത്തിച്ചു. രോഗശമനത്തിനും ക്ഷീണനിവാരണത്തിനുമുള്ള പ്രതിവിധികൾ പലതു ചെയ്തിട്ടും ആപൽലക്ഷണമാണു കാണപ്പെട്ടതു്. പള്ളിയിലെ സംഭവം അറിഞ്ഞിരുന്ന ദീനശുശ്രൂഷകൎക്കു് അച്ചനെ തിരുമേനിയുടെ സന്നിധിയിലേക്കു കൊണ്ടുപോകണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടു. അദ്ദേഹവും അതു സമ്മതിച്ചു. രാത്രിയിൽ കട്ടിലിൽ എടുത്തുംകൊണ്ടു് പള്ളിയിലേക്കുള്ള പുറപ്പാടായി. തിരുമേനി പാതിരായുടെ പ്രാൎത്ഥനയ്ക്കായി എഴുന്നേൽക്കവെ ചൂട്ടും വെളിച്ചവുമായി ഒരു ജനക്കൂട്ടം വരുന്നതു കണ്ടു. അവർ പള്ളിയിൽ പ്രവേശിച്ചു് രോഗിയായ അച്ചനെ തിരുമേനിയുടെ മുമ്പിൽ വച്ചു് വിവരങ്ങളറിയിച്ചു. തിരുമേനി കരുണാപൂർവ്വം അച്ചനെ തലോടി. അച്ചൻ മന്ദസ്വരത്തിൽ "എനിക്കു വികാരിസ്ഥാനം വേണ്ടായേ! വേണ്ടായേ! എന്റെ തിരുമേനി എന്നെ രക്ഷിക്കണെ!!" എന്നപേക്ഷിച്ചു. തിരുമേനി അനുകമ്പാപൂൎവ്വം സാന്ത്വനവാക്കുകൾ അരുളീട്ടു് മുട്ടിപ്പായി പ്രാൎത്ഥിച്ചു. അച്ചന്റെ അതിസാരവും ക്ഷീണവും കുറേശ്ശെ മാറിത്തുടങ്ങി. വേണ്ടുന്ന പരിചൎയ്യകളാൽ നേരം പ്രകാശമായപ്പോൾ അച്ചൻ സുഖശരീരനായിത്തീൎന്നു. അച്ചന്റെ പൂർണ്ണ നിർബ്ബന്ധത്താൽ മറെറാ പട്ടക്കാരനെ ആ പള്ളിയുടെ വികാരിയായി തിരുമേനി സ്ഥിരപ്പെടുത്തി.

## മാറാക്കൈസ്ഥാനം താഴെവച്ചു

തിരുമേനി ഒരിക്കൽ കുറുഞ്ഞി പള്ളിയിൽ എഴുന്നള്ളുവാൻ ഇടയായി. അനേക ദശവർഷങ്ങളായി കുടിമൂത്തു കിടന്നിരുന്ന "കണക്കുകേൾവി" ആയിരുന്നു അവിടുത്തെയും വാദവിഷയം. അജ്ഞാനുസരണം പള്ളിക്കാരെല്ലാവരും തിരുമുമ്പിൽ ഹാജരായി. കൈക്കാരനോ പ്രസിദ്ധനും പ്രബലനുമായ ഒരാളായിരുന്നു. തിരുമേനി പലതും പറഞ്ഞുനോക്കി. കൈക്കാരനു യാതൊരിളക്കവുമില്ല. ഒരിക്കൽ പൂൎവ്വാപരവിരുദ്ധമായ ഒരു കണക്കുവായന അവിടെ നടന്നു.

സകലവും സത്യവും ന്യായവുമെന്നത്രെ അയാളുടെ ഭാവം. ഇടവക്കാൎക്കുണ്ടല്ലോ തെളിവുസഹിതം കൈക്കാരന്റെ ചെമ്പു തെളിക്കാൻ

ശ്രമിക്കുന്നു. പരമസാത്വികനായ തിരുമേനിയാകട്ടെ വിഷമിക്കുന്നു. “ദൈവാലയ മദ്ധ്യത്തിൽ വന്നു നിന്നുകൊണ്ടു് ഇവയെല്ലാം സത്യമെന്നു പറയാമൊ” എന്നു കൈക്കാരനോടു കല്പിച്ചു ചോദിച്ചു. അയാൾ അതിനും പിന്തിരിവാൻ ഭാവമില്ല. ദൈവതിരുനാമശബ്ദം തന്നെയും അപാരമായ ഭയഭക്തിപൂർവ്വം ഉച്ചരിക്കുന്ന തിരുമേനിയോ പരിഭ്രാന്തചിത്തനായിത്തീർന്നു. “നീ ദൈവതിരുമുമ്പാകെ പറഞ്ഞതാണു്, ദൈവം തന്നെ നോക്കിക്കൊള്ളും” എന്നു പറഞ്ഞുകൊണ്ടു് താക്കോൽ ഇട്ടുകൊടുത്തു. അതുമുതൽ അയാളുടെ ബുദ്ധിക്കു് ഒരു വികല്പമുണ്ടായി. മകനുപോലും ആ താക്കോൽ അവകാശത്തിനു് ഇടയുണ്ടാകാത്തവണ്ണം അയാൾക്കും ഭ്രാന്തു പിടിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതോടെ പള്ളിത്താക്കോലിനുള്ള അവകാശികൾ കുറഞ്ഞുതുടങ്ങി. അതുമുതൽ ആ പള്ളിക്കാര്യാദികൾ ഭംഗിയായി നടന്നുവരുന്നു.

## മുളന്തുരുത്തിയിൽ

പരേതയായ ചാലിൽ അന്നം X എന്ന സ്ത്രീയ്ക്കു കാലിന്റെ മുട്ടിനു താഴെ ശക്തിയായ ഒരു വേദനയുണ്ടായി. അതോടുകൂടി ആ ഭാഗത്തു് ഒരു കറുപ്പുനിറവും ബാധിച്ചു. ഇതിലേക്കു അവർ പല ചികിത്സകളും നടത്തി. യാതൊരു ഫലവുമുണ്ടായില്ല. ഒരിക്കൽ തിരുമനസ്സുകൊണ്ടു മുളന്തുരുത്തിപ്പള്ളിയിൽ എഴുന്നള്ളി താമസിക്കുമ്പോൾ പ്രസ്തുത സ്ത്രീ ചില കാഴ്ചകളോടുകൂടി തിരുമുമ്പാകെ വന്നു് തന്റെ ദീനവിവരം ബോധിപ്പിച്ചു. തിരുമനസ്സുകൊണ്ടു കുറെ സൈത്തു എടുത്തു് കാലിന്മേൽ കുരിശടയാളം ഇടുകയും താമസിയാതെ സുഖപ്പെട്ടുകൊള്ളുമെന്നു കല്പിക്കയും ചെയ്തു. ഒന്നുരണ്ടാഴ്ചയ്ക്കകം പ്രസ്തുത സ്ത്രീയുടെ ആ സുഖക്കേടു നിശ്ശേഷം ഭേദപ്പെട്ടു.

## തൃപ്പൂണിത്തുറയിൽ

തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ എഴുന്നള്ളിയിരിക്കവെ, തിരുമനസ്സിലെ വാലിയക്കാരൻ റോഡിൽക്കൂടി പോയ ഒരു പശുവിനെക്കണ്ടു് വാത്സല്യംതോന്നി അതിന്റെ പുറത്തു് ഒന്നു കൊട്ടി. പശുവിന്റെ ഉടമസ്ഥൻ ക്രുദ്ധിച്ചു ആ വാലിയക്കാരന്റെ കരണത്തിനു നാലഞ്ചു പ്രഹരണം മുറയ്ക്കു നടത്തി. ഇതിൽ വാലിയക്കാരൻ നിലവിളിച്ചു വന്നു തിരുമനസ്സറിയിച്ചു. തിരുമേനിയാകട്ടെ അടിച്ചതാരെന്നു് അന്വേഷിക്കപോലും ചെയ്യാതെ “സാരമില്ല” എന്നു മാത്രം മറുപടി പറഞ്ഞു ശാന്തതപ്പെടുത്തി. ദിവസം

---

X ഇവർ പ്രസിദ്ധനായിരുന്ന ചാലിൽ കൊച്ചുകോരയുടെ സഹോദരിയാണു്: വിവാഹം കഴിച്ചിരിക്കുന്നതു തുകലന്റെ കുടുംബത്തിലുമായിരുന്നു.

ഒന്നു കഴിഞ്ഞു. വാലിയക്കാരനെ പ്രഹരിച്ചയാൾ കൈക്കു നീരും വേദനയുമായി തിരുമുമ്പാകെ പ്രത്യക്ഷപ്പെടുകയും തനിക്കു പറ്റിയ സാഹസത്തെപ്പറ്റി തിരുമനസ്സറിയിക്കുകയും ചെയ്തു. ഒടുവിൽ തിരുമേനി ടിയാനു കുറെ സദുപദേശങ്ങൾ നൽകുകയും നീരും വേദനയും സാരമില്ലെന്നു പറഞ്ഞു വിടുകയും ഉണ്ടായി. അപ്പോൾ മുതൽ വേദനയും നീരും കുറഞ്ഞുതുടങ്ങി. പിന്നീടു തിരുമേനി ആ വടക്കൻ ഭാഗത്തു് എവിടെയെങ്കിലും ചെന്നു എന്നറിഞ്ഞാൽ കാഴ്ചയുമായി തിരുമുമ്പാകെ ചെന്നു് തൃക്കൈ മുത്തി പോകുക അയാൾക്കു് ഒരു പതിവായിരുന്നു.

## പാൽ രക്തമായി.

തിരുമനസ്സുകൊണ്ടു് കതിങ്ങാശ്ര പള്ളിയിൽ എഴുന്നള്ളി താമസിക്കവേ, എന്തോ ശീലായ്മ ഉണ്ടാകുകയും ആയതിലേക്കു വൈദ്യനിർദ്ദേശാനുസരണം വെണ്ണ ആവശ്യമായി വരികയും ചെയ്തു. പള്ളിയുടെ അടുത്തുള്ള ഒരു ക്രിസ്തീയഭവനത്തിൽ പശുക്കറവയുണ്ടെന്നും വെണ്ണയുണ്ടെന്നും അറിവു കിട്ടുകയാൽ അവിടെ ആളയച്ചു. വെണ്ണ അവിടെ ഒട്ടും ഇല്ലാ എന്നുള്ള മറുപടിയാണു് ആ കുടുംബനായികയിൽനിന്നും ലഭ്യമായതു്. പിറ്റേദിവസം നമ്മുടെ നായിക പശുവിനെ കറക്കാൻ തുടങ്ങിയപ്പോൾ പാലിനു പകരം ചോരയാണു് പ്രവഹിച്ചതു്. ഒടുവിൽ ടി സ്ത്രീ വല്ലാതെ പരിഭ്രമിച്ചു് തിരുമുമ്പാകെ ഹാജരായി വിവരം പറഞ്ഞു. താൻ വെണ്ണ കൊടുത്തയക്കാഞ്ഞതിൽ പശ്ചാത്തപിച്ചും സങ്കടപ്പെട്ടും സ്ത്രീ തിരുമനസ്സറിയിക്കയും ഉണ്ടായി. ഒടുവിൽ തിരുമേനി സാരമില്ലെന്നും ഇനി രക്തപ്രവാഹം ഉണ്ടാകുന്നതല്ലെന്നും കല്പിച്ചു.

## സൂര്യൻ മറഞ്ഞു

ആ തിരുമനസ്സുകൊണ്ടു് മഹാ ഭക്തനും അതിപരിശുദ്ധനുമായിരുന്നു.

“അപ്പോൾ ഡിക്രൂസ്സ് ‘സായ്പിനു തിരുമേനിയെ വളരെ അടുത്തു പരിചയമുണ്ടായിരുവെന്നു തോന്നുന്നുവല്ലോ”

അത്രവളരെ അടുത്തു പരിചയമുണ്ടായിരുന്നില്ല. എങ്കിലും ഇവിടത്തെ സുറിയാനിപ്പള്ളിയുടെ മുറ്റത്തുവച്ചു നടന്നതായ ഒരു അത്ഭുത സംഭവം എന്നെ ഇപ്പോഴും എന്തെന്നില്ലാതെ ആശ്ചര്യപ്പെടുത്തുന്നു”

"അത്ഭുതസംഭവമോ?" തിരുവിതാംകൂർ ഗവർമ്മെന്റു ഫോട്ടോഗ്രാഫർ മി. ഡിക്രൂസ്സിനോടു ഞാൻ അല്പമൊരു ഉൽകണ്ഠയോടുകൂടി ചോദിച്ചു.

"അതെ; അത്ഭുതസംഭവംതന്നെ. കാൎയ്യകാരണങ്ങൾക്കും യുക്തികൾക്കും അപ്പുറമായ ഒരു അത്ഭുത സംഭവം. പറഞ്ഞാൽ പക്ഷെ നിങ്ങൾ വിശ്വസിക്കയില്ലായിരിക്കും"

"പറയണം. പറയണം. എനിക്കു "അതു" അറിയേണ്ടതായ ആവശ്യമുണ്ട്"

മുന്നോട്ട് അല്പം മടക്കി നീട്ടിയിരുന്ന ഇരു കൈകളിലുമായി മി. ഡിക്രൂസ് കേവലം അലസമായി വിലങ്ങനെ വച്ചിരുന്ന ഒരു പൊന്നൻ വടിയുടെ തലയ്ക്കൽ പിടിച്ചുകൊണ്ട് ഞാൻ, പബ്ലിക്ക റോഡിൽനിന്ന് അല്പം ഉയരത്തോടെ തുമിച്ച് തിരുവനന്തപുരം സയൻസ് കാളേജിന്റെ കിഴക്കെ വള്ളിപ്പൂരികളുടെ സമീപത്തേക്കു നീങ്ങി. അടുത്തായി കണ്ടങ്കി ഉടുത്ത ഒന്നുരണ്ടു മഹതികൾ പറന്ന വിഞ്ഞ ചെട്ടികളിലേയ്ക്കു നോക്കി, ഇരുമ്പിന്റെ നിറം കൂട്ടുകെട്ടി. കടലാസ്സു മുതലായവ വച്ചുകൊണ്ട് പാരികന്മാരുടെ ശ്രദ്ധയെ പ്രാപിക്കുവിച്ചുകൊണ്ട് എന്തൊക്കെയോ വ്യാപാരങ്ങളിലായിരുന്നു.................................

....മി. ഡിക്രൂസ് പറഞ്ഞു.—"എങ്ങനെ നോക്കിയാലും ആ തിരുമേനി ഒരു പരമ ഭക്തനായിരുന്നു. ഏതു നിലയിലും അദ്ദേഹം ഒരു അത്ഭുതസംഭവവുമായിരുന്നു."

"അദ്ദേഹം മഹാ ഭക്തനായിരുന്നു സംശയമില്ല, പക്ഷെ ആ സംഭവം കാൎയ്യകാരണങ്ങൾക്ക് അപ്പുറമായ ഒരു അത്ഭുത സംഭവമായിരുന്നോ?" ഞാൻ അക്ഷമനായി ചോദിച്ചു.

ആ ആശ്ചര്യജനകമായ മുഖഭാവത്തോടുകൂടി മി. ഡിക്രൂസ് പറഞ്ഞു:—"ആ സംഭവം ഈ നിമിഷത്തിൽ കൂടിയും എന്നെ അത്ഭുതപ്പെടുത്തുന്നു. ഞാൻ വല്ലാതെ ഭയന്നുപോയി. ഒന്നും രണ്ടുമല്ല, ഒരു മുപ്പതുകൊല്ലത്തെ നിരന്തരപരിചയമാണ ഫോട്ടോഗ്രാഫിയിൽ എനിക്കുള്ളത്. സ്റ്റുഡിയോ ഫോട്ടോയുടെ കഥ ഒഴിച്ചു വെളിയിൽ വച്ചു ഫോട്ടോ എടുക്കുന്ന കാൎയ്യത്തിൽ, വെളിച്ചം, ഇരുൾ, സമയം, എന്നിവയുടെ ക്രമീകരണത്തിൽ എനിക്കു ബഹുനിർബന്ധമാണ്. ഒരു തരത്തിൽ പറകയെന്നിരുന്നാൽ എന്റെ ഫോട്ടോയുടെ മേന്മയും പ്രസിദ്ധിയുമെല്ലാം ഇരുൾ വെളിച്ചങ്ങളുടെയും സമയത്തിന്റെയും സ്ഥാനഭേദത്തിന്റെയും വിഷയത്തിൽ എനിക്കുള്ള നിഷ്ഠയേയും ശുഷ്കാന്തിയേയും മാത്രം ആശ്രയിച്ചിരിക്കയാണ്. എന്നാൽ വെളിച്ചവും ഇരുളും കാലവും സ്ഥലവുമെല്ലാം തീരെ പ്രതികൂലമായിരുന്ന ഒരു ശനി പിടിച്ച സന്ദർഭത്തിൽ ആ തിരുമേനിയുടെ ഫോട്ടോ എടുക്കേണ്ടി വന്നപ്പോൾ ആ പുണ്യവാന്റെ പ്രാൎത്ഥനാശക്തി ഒന്നു കൊണ്ടു മാത്രം ആകാശമദ്ധ്യത്തിൽ. ഒരു ഇരുൾമേഘം നീങ്ങി പ്രത്യക്ഷ

മായി എരിഞ്ഞു നിന്നിരുന്ന സൂര്യബിംബത്തെ അല്പനേരത്തേക്കു മറച്ചുനിറുത്തി എന്നുപറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഓ! അതു് ഒരിക്കലും മറക്കുവാൻ കഴിയാത്ത ഒരു യാദൃച്ഛികസംഭവമല്ല, യാദൃച്ഛികസംഭവം ആവുകയുമില്ല"

അല്പനിമിഷങ്ങളുടെ ശേഷം ഞാൻ മൗനഭഞ്ജനം ചെയ്തുചോദിച്ചു—"എന്തുകൊണ്ടു് അതു് ഒരു യാദൃച്ഛികസംഭവമാവുകയില്ല? അന്തരീക്ഷത്തിൽ മേഘങ്ങൾ സഞ്ചരിക്കയെന്നതു് എത്രയോ സാധാരണമാണു്. സായ്‌വിനു് പക്ഷേ സ്ഥലസന്ദർഭവിഭ്രാന്തികൊണ്ടു് അതു് ഒരു അത്ഭുതസംഭവമായി തോന്നിയതായിരിക്കും,

മി. ഡിക്രൂസ്—ആകാശമേഘങ്ങൾ സഞ്ചരിക്കുന്നകാര്യം എനിക്കും അറിഞ്ഞുകൂടേ? അതു കിടക്കട്ടെ. അത്ഭുതങ്ങൾ ഉണ്ടാകുവാൻ പാടില്ലെന്നാണോ നിങ്ങളുടെ അഭിപ്രായം. ഹിന്ദുക്കൾ പോലും അങ്ങനെ പറയുമെന്നു തോന്നുന്നില്ല.

ഞാൻ—അത്ഭുതങ്ങൾ ഉണ്ടാവാൻ പാടില്ലെന്നു് ഞാൻ പറയുന്നില്ല. സർവ്വശക്തനായ ദൈവം ലോകത്തിൽ മനുഷ്യനായി അവതരിച്ചു്, മനുഷ്യനെപ്പോലെ വളർന്നു് മനുഷ്യനെപ്പോലെ ഉറങ്ങി, മനുഷ്യനെപ്പോലെ കണ്ണുനീർവാർത്തു, മനുഷ്യനെപ്പോലെ മരിച്ചതുതന്നെ അത്ഭുതങ്ങളിലേക്കുംവച്ചു് മഹാത്ഭുതമാണല്ലൊ.

"അപ്പോൾ അത്ഭുതങ്ങൾ ഉണ്ടാവാമെന്നു് മി. വറുഗീസ്സ് സമ്മതിക്കുന്നു" മി. ഡിക്രൂസ് അല്പമൊരു മന്ദഹാസത്തോടുകൂടി പറഞ്ഞു.

"നിശ്ചയമായും സമ്മതിക്കുന്നു. അത്ഭുതങ്ങൾ ഉണ്ടാവാമെന്നു മാത്രമല്ല യേശുക്രിസ്തുവിന്റെ ഭക്തദാസന്മാരായ പുണ്യാത്മാക്കൾക്കു് ക്രിസ്തു പ്രവർത്തിച്ചതിലും വലുതായ അത്ഭുതകർമ്മങ്ങൾ പ്രവർത്തിപ്പാൻ കഴിയുമെന്നു് അദ്ദേഹംതന്നെ കല്പിച്ചിട്ടുള്ളതായും കാണുന്നുണ്ടു്. പോരെങ്കിൽ തന്റെ ശിഷ്യന്മാർക്കു അത്ഭുതപ്രവൃത്തനങ്ങൾക്കായുള്ള ദിവ്യവരത്തെ യേശുക്രിസ്തു തന്റെ പുനരുത്ഥാനശേഷം പ്രദാനംചെയ്തതായും കാണുന്നു: പക്ഷെ സായ്‌വു പറയുന്നതായ ഈ സംഭവം ഒരു അത്ഭുതസംഭവമായി കണക്കാക്കാമൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. അതു വെറുമൊരു യാദൃച്ഛികസംഭവമാണെന്നു അവയുടെ സ്വഭാവം കൊണ്ടുതന്നെ ഊഹിക്കാവുന്നതാണു്"

"അപ്പോൾ ഒരു യാദൃച്ഛികസംഭവത്തിന്റെ സാധാരണഗതിയിൽ നിന്നു് ഒരു അത്ഭുതസംഭവത്തിന്റെ പ്രത്യേകതയെ വേർതിരിച്ചറിവാൻ തക്ക വിവേചനശക്തിയില്ലാത്ത ഒരുവനാണു് ഞാൻ എന്നാണോ മി. വറുഗീസു പറയുന്നതു്. അതു കുറച്ചു് സാഹസമല്ലേ. ഞാനും ഈ ഇരുപതാംനൂറ്റാണ്ടിൽ ജീവിക്കുന്ന ഒരു മനുഷ്യനല്ലേ. പക്ഷേ സംഭവത്തിന്റെ യഥാർത്ഥസ്ഥിതിഗതികൾ മനസ്സി

ലാവുമ്പോൾ ഞാൻ കേവലമൊരു അന്ധവിശ്വാസിയല്ലെന്നു് നിങ്ങൾക്കു ബോധ്യപ്പെടാതിരിക്കയില്ല?

ഞാൻ ദത്തശ്രദ്ധനായി നിന്നു—

മി. ഡിക്രൂസ്സ് തലയിൽ നിന്നു തൊപ്പി എടുത്തു് കൈയിലുണ്ടായിരുന്ന ചെറിയ ഉറുമാലകൊണ്ടു കഷണ്ടിയും പരിസരങ്ങളും മന്ദമായി തുടച്ചശേഷം സുസ്മേരവദനനായി പറഞ്ഞു. "ആയിരത്തിത്തൊള്ളായിരത്തി ഒന്നിലാണു് ആ സംഭവം നടന്നതു് എന്നു തോന്നുന്നു. തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ പുത്തൻകൂറു മെത്രാന്മാരുടെ ഒരു വേഷമാതൃക കാണിക്കുന്നതായ ചിത്രം ചേർക്കേണ്ടതിലേക്കു് ദിവാൻ പേഷ്കാർ മി. നാഗമയ്യായുടെ ആവശ്യം പ്രമാണിച്ചായിരുന്നു ഞാൻ അദ്ദേഹത്തിന്റെ ഫോട്ടോ എടുത്തതു്. ഇപ്പോൾ സ്റ്റേറ്റുമാനുവലിൽ കാണുന്നതു്, അതിന്റെ പ്രിന്റിംഗാണു്. മകരമാസത്തിലായിരുന്നുവെന്നു തോന്നുന്നു ഫോട്ടോ എടുത്തതു്. തിരുമനസ്സുകൊണ്ടു് ആയിടയ്ക്കു് ഇവിടത്തെ സുറിയാനിപ്പള്ളിയുടെ കിഴക്കെ ഷെഡ്ഡിൽ എഴുന്നെള്ളി താമസിക്കുകയായിരുന്നു. ഞാൻ ഫോട്ടോ എടുപ്പാൻ ചെല്ലുന്ന വിവരം മി. നാഗമയ്യാ തിരുമേനിയെ നേരത്തെതന്നെ അറിയിച്ചിരുന്നതനുസരിച്ചു് ഒരു ദിവസം അതിരാവിലെ ഞാൻ ക്യാമറായുമായി അദ്ദേഹത്തിന്റെ താമസസ്ഥലത്തെത്തി. തിരുമനസ്സുകൊണ്ടു. അപ്പോൾ പള്ളിയിൽ നമസ്കാരമായിരുന്നു. അതുകഴിഞ്ഞു വിശുദ്ധ കുർബാനയായി. ഏഴരമണിയായപ്പോഴേക്കു വെയിൽ ഉറച്ചുകഴിഞ്ഞു. പിന്നീടു് അവിടെ താമസിച്ചാൽ യാതൊരു ഫലവുമില്ലെന്നുകണ്ടു ഞാൻ മടങ്ങിപ്പോന്നു. അന്നുവൈകിട്ടു നാലുമണിക്കു വീണ്ടും ചെന്നു. പക്ഷെ ഞാൻ ചെല്ലുന്നതിനു് അരമണിക്കൂർ മുമ്പായി തിരുമനസ്സുകൊണ്ടു് രഹസ്യപ്രാർത്ഥനയ്ക്കായി മുറിയിൽ കയറി കതകടച്ചുകഴിഞ്ഞു. പിന്നീടു പുറത്തു വന്നതു് അഞ്ചരമണിക്കായിരുന്നു. അപ്പോഴേക്കു വെളിച്ചവും തീരെ പൊയ്പോയിരുന്നു. രണ്ടുമൂന്നു ദിവസം ഞാൻ ഇങ്ങനെ ബുദ്ധിമുട്ടി. രാവിലെയും വൈകിട്ടും തിരുമനസ്സിലേക്കു തീരെ സമയമില്ലെന്നായി. വൈകിട്ടു കിട്ടുന്ന ഇരണ്ട വെളിച്ചം തീരെ പറ്റുന്നതല്ലായിരുന്നു. പോരെങ്കിൽ ഇവിടത്തെ ചില വലിയ ഉദ്യോഗസ്ഥന്മാർ തിരുമേനിയെ കണ്ടു സംസാരിപ്പാനായി അപ്പോഴേക്കു് അവിടെ വന്നുചേരുകയുമായി. ഈനിലയിൽ ഒന്നുരണ്ടു ദിവസങ്ങൾകൂടി കഴിഞ്ഞു. മി. നാഗമയ്യാ ഇതിനിടയ്ക്കു തിരുമേനിയെ ഒന്നുരണ്ടു പ്രാവശ്യം കണ്ടു സംസാരിക്കുകയും ഫോട്ടോ വേഗം എടുത്തു് അയയ്ക്കണമെന്നു് എന്നെ ധൃതിപ്പെടുത്തുകയും ചെയ്തു.

ഞാൻ ശാന്തസ്വരത്തിൽ ചോദിച്ചു.—"വിശുദ്ധ കുർബാന രഹസ്യമായി അർപ്പിക്കുന്നതിനു് ഒരു മുക്കാൽ മണിക്കൂറിൽ കൂടുതൽ വേണ്ടിവരികയില്ല. അതിനു മുമ്പായി ഫോട്ടോ എടുപ്പാൻ അനുവാദം ചോദിക്കാമായിരുന്നല്ലോ."

"ഇക്കഥ ഞാനും ആലോചിച്ചതാണ്. പക്ഷേ രാവിലത്തെ നമസ്കാരവും കുർബാനയും കഴിയാതെ തിരുമനസ്സുകൊണ്ട് മററു കാര്യങ്ങളിൽ പ്രവേശിക്കുന്നതല്ലെന്ന് അദ്ദേഹത്തിൻെറ റൈട്ടർ പറകയാൽ ഞാൻ അതിനായി ശ്രമിച്ചില്ല."

ഞാൻ—ഈവക അസൗകര്യങ്ങളൊക്കെ തിരുമേനിയെ അറിയിച്ച് അദ്ദേഹത്തെ സായ്‌പിൻെറ സ്റ്റുഡിയോവിലേക്കു കൂട്ടിക്കൊണ്ടു പോകാമായിരുന്നു. സ്റ്റുഡിയോവിലാകുമ്പോൾ പിന്നെ വെയിലെന്നും മഴയെന്നും ഒന്നും ശങ്കിക്കേണ്ടല്ലൊ.

മി. ഡിക്രൂസ്—അതിനും ഞാൻ നന്നെ ഉത്സാഹിച്ചതാണ്. സാധിച്ചില്ലന്നേ ഉള്ളു. അത്യാവശ്യസന്ദർഭങ്ങളിൽ രോഗികളെ സന്ദർശിപ്പാനായി വീടുകളിൽ എഴുന്നള്ളുകയെന്നുള്ളതല്ലാതെ മററു യാതൊരു കാരണവശാലും അങ്ങനെ ചെയ്യുന്നതല്ലെന്നു റൈട്ടർ അച്ചൻ തീർത്തു പറഞ്ഞു.

"ചുരുക്കം പറഞ്ഞാൽ എട്ടരയ്ക്കും മൂന്നരയ്ക്കും മദ്ധ്യേ ഉച്ചനമസ്കാരത്തിനുള്ള സമയം ഒഴിച്ച് എപ്പോഴെങ്കിലും ഒരു സമയം ഉപയോഗിക്കയല്ലാതെ മററു സമയത്തു ഫോട്ടോ എടുപ്പാൻ തീരെ നിവൃത്തിയില്ലെന്നുവന്നു, ഫോട്ടോ കിട്ടിയ്കയാൽ മി. നാഗമയ്യാ തീരെ അക്ഷമനായിത്തീൎന്നു. രണ്ടുമൂന്നു പ്രാവശ്യം ഡഫേദാരെ പറഞ്ഞയച്ചു. ഞാൻ എന്തുചെയ്യും. ഉച്ചസമയം വെയിലിലും നിഴലിലുംവച്ച് ഫോട്ടോ എടുത്താലുണ്ടാവുന്ന ദൂഷ്യങ്ങൾ ഇന്നിന്നതൊക്കെയാണെന്നു ഞാൻ ഇതിനിടയ്ക്കു തിരുമേനിയെ മുഖദാവിൽ വിശദമായി ധരിപ്പിച്ചു. എന്തായിട്ടും ഫലമുണ്ടായില്ല. ഫോട്ടോ ഇരുണ്ടാലും വെളുത്താലും, മുറി ഇരുൾ വീണാലും എന്തായാലും അനുഷ്ഠാനങ്ങൾ തെററിപ്പാൻ പാടില്ലെന്നും, ഇതു വേഷമാതൃക കാണിപ്പാനുള്ള ഫോട്ടോ ആയതുകൊണ്ട് അത്ര ഭംഗി ആയില്ലെങ്കിലും കുഴപ്പമൊന്നുമില്ലെന്നും തിരുമനസ്സുകൊണ്ട് തീർത്തു പറഞ്ഞു. മാത്രമല്ല, അദ്ദേഹം രണ്ടു ദിവസത്തിനുള്ളിൽ തിരുവനന്തപുരം വിട്ടുമെന്നുള്ളതിനാൽ അതിനു മുമ്പായി ഫോട്ടോ എടുത്തുകൊള്ളണമെന്നും പ്രസ്താവിച്ചു. ഞാൻ ധർമ്മസങ്കടത്തിലായി. ഏതെങ്കിലും അടുത്ത ദിവസം രാവിലെ ഞാൻ പള്ളിയിലെത്തി.തിരുമനസ്സുകൊണ്ടു വി: കുർബാനയും ലഘുഭക്ഷണവും കഴിഞ്ഞു കുറച്ചുസമയം മററാരുമായോ അത്യാവശ്യമായി സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു: അവരെ പിരിച്ചയച്ച് എന്നെ വിളിപ്പിച്ചപ്പോഴേയ്ക്കു മണി പത്തുകഴിഞ്ഞു. ഞാൻ വേഗം ക്യാമറാ ശരിപ്പെടുത്തി പ്രതിഛായയുടെ സ്വഭാവം ഏതു വിധത്തിലാണെന്നറിയുവാൻ ഒരാളെ വെയിലത്തും നിഴലത്തും മാററി നിറുത്തി അല്പസമയം പരിശോധിച്ചുനോക്കി.

നിഴൽ, ആകപ്പാടെ ഇരുളിച്ചതന്നെ. വെയിലിൽ, തിളങ്ങൽ വെളിച്ചവും, കനത്തമുറി ഇരുളും. കാര്യം ആകപ്പാടെ അവതാള

ത്തിലാണെങ്കിലും വെയിലത്തുവച്ചെടുക്കുന്നതാണു് തമ്മിൽ ഭേദമെന്നു നിശ്ചയിച്ചു ക്യാമറാ യഥാർത്ഥ സ്ഥാനത്തുറപ്പിച്ചിട്ടു് വിവരം തിരുമേനിയെ അറിയിച്ചു. തൽക്ഷണം തിരുമനസ്സുകൊണ്ടു് പുറങ്കുപ്പായവും മുടിയും ധരിച്ചു് കർട്ടന്റെ മുൻവശത്തായി വന്നുനിന്നു. വെയിൽ തട്ടാതിരിപ്പാൻ ഒരാൾ ഒരു കുട പിൻവശത്തായി അസൗകര്യം നേരിടാത്തവണ്ണം ഉയർത്തിപ്പിടിച്ചിരുന്നു. ക്യാമറായിൽ നോക്കിയതിൽ തിരുമേനിയുടെ രൂപം ആകപ്പാടെ ഒന്നുമൊന്നും ഒരു പന്തിയില്ലാത്ത മട്ടിൽ അങ്ങുമിങ്ങും മിന്നി വെളുത്തു നിഴൽവീശി വളരെ വികൃതമായ നിലയിൽ കണ്ടു. ഞാൻ വളരെ വിഷമിക്കുന്നതായും വ്യസനിക്കുന്നതായും അദ്ദേഹത്തിനു ക്ഷണത്തിൽ മനസ്സിലായി. ഞാൻ വളരെ സങ്കടത്തോടുകൂടി പറഞ്ഞു:—"ഒന്നാന്തരത്തിൽപെട്ട പല നല്ല ഫോട്ടോകൾ ചേർക്കുന്നതായ ഗവർമ്മെന്റിന്റെ ഒരു റിക്കാർട്ടിൽ, അഞ്ചാറുദിവസം ബുദ്ധിമുട്ടിയിട്ടും തിരുമനസ്സിലെ ഒറ്റച്ചിത്രം മാത്രം വളരെ വികൃതമായ നിലയിൽ ചേർക്കേണ്ടിവരുന്നതു് എന്റെ പേരിനു് ഏറ്റവും അവമാനകരമാണു്. എനിക്കു് സഹിക്കവയ്യാത്ത മനസ്താപമുണ്ടു്."



ചിത്രമെഴുത്തു കെ. എം. വറുഗീസ്

ഞാൻ പറഞ്ഞവസാനിപ്പിക്കുന്നതിനു മുമ്പായി ദയാലുവായ തിരുമേനി എന്റെ മുഖത്തേക്കു് ഏറ്റവും അനുകമ്പയോടുകൂടി സൂക്ഷി

ച്ചുനോക്കി. പിന്നീടു അവിടുന്നു് കണ്ണടച്ചു് ധ്യാനനിരതനായി സൂര്യബിംബത്തിനെതിരെ മുഖം ഉയർത്തിപ്പിടിച്ചുകൊണ്ടു് അല്പനേരത്തേക്കു് മൌനമായി നിന്നു. തിരുമേനി എന്തുചെയ്കയാണെന്നറിവാൻ ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്കും ആകാശത്തേക്കും സൂക്ഷിച്ചുനോക്കി. ഏതോ ഒരു വലിയ കാര്യം നിർവ്വഹിക്കുന്നതായ വിധത്തിൽ അദ്ദേഹം കൈവശമുണ്ടായിരുന്ന സ്വർണ്ണക്കുരിശു് ആകാശത്തിലേക്കുയർത്തി കുരിശിന്റെ ആകൃതിയിൽ വാഴ്ത്തി. ഞാൻ ഇമ അടച്ചു തുറന്ന താമസം മാത്രം. എന്തൊരു ദിവ്യശക്തിയോ! ജ്വലിച്ചു നിന്നിരുന്ന സൂര്യനെ തൽക്ഷണം ഒരു ഇരുൾ മേഘം മറച്ചു. നല്ല സുഖകരമായ സമയം! പാകമായ ലൈറ്റ്! (വെളിച്ചം) സ്റ്റുഡിയോ ലൈറ്റായാലും ഇത്ര നന്നാവുകയില്ല. ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. ആ മഹാത്മാവിന്റെ സന്നിധിയിൽ അടുത്തു നില്ലാൻപോലും എനിക്കു ഭയമായി. "ഫോട്ടോ വേഗം എടുക്കാം" എന്നു തിരുമേനി വളരെ ശാന്തമായി പറഞ്ഞു. ഞാൻ അതിവേഗത്തിൽ അദ്ദേഹത്തിന്റെ നിലയും മുറവുപാടും ഒന്നു ക്രമപ്പെടുത്തി ലെൻസ് (ഛായാഗ്രാഹമുകുരം) തുറന്നടച്ചു. ഒരു നിമിഷം കഴിഞ്ഞില്ല. തൽക്ഷണം വെയിൽ മിന്നൽ വേഗത്തിൽ താഴോട്ടു പാഞ്ഞു പരക്കുന്നതായി കണ്ടു് ഞാൻ ആകാശമണ്ഡലത്തിലേക്കു് വീണ്ടും സൂക്ഷിച്ചുനോക്കി. എല്ലാം പൂർവ്വസ്ഥിതിയിൽത്തന്നെ; ഒരു വ്യത്യാസവുമില്ല. കത്തിത്തിളങ്ങുന്ന സൂര്യബിംബം മാത്രം അവിടെയുണ്ടു്. ഇരുൾ മേഘവും ഇല്ല. ഒന്നുമില്ല. എങ്ങനെ മറഞ്ഞോ എങ്ങോട്ടു പോയോ എന്തോ. എല്ലാം പെട്ടെന്നു് കഴിഞ്ഞു.

ഞാനും മി. ഡിക്രൂസും കണ്ണോടു കണ്ണു നോക്കി. കുറച്ചു നേരത്തേക്കു് ഞങ്ങൾ രണ്ടാളും പിന്നീടൊന്നും ശബ്ദിച്ചില്ല. സയൻസു കോളജിന്റെ പടിഞ്ഞാറു വശത്തായി നീലാകാശത്തിൽ സുവർണ്ണമേഘങ്ങൾ തങ്കത്തരി തിരയടിച്ചുകേറി ഒരു കനകക്കടലോരം സൃഷ്ടിച്ചിരുന്നു. തത്തിത്തിളങ്ങുന്ന കൊഴുപ്പൻ കാറുകൾ വഴിയിൽ ചടചടാ പാഞ്ഞുകൊണ്ടിരുന്നു.

ഞാൻ ചോദിച്ചു:—"ആ ഫോട്ടോയുടെ പ്രതികൾ എടുത്തതു് കൈവശമുണ്ടല്ലോ?"

"ഇല്ല; ഒന്നുപോലുമില്ല" മി. ഡിക്രൂസ് അത്യന്തം വ്യസനസൂചകമായ സ്വരത്തിൽ തുടർന്നു പറഞ്ഞു:—"അതിന്റെ നെഗറ്റീവ് (ഛായാഗ്രഹിതഫലകം)പോലും നഷ്ടപ്പെട്ടുപോയി. കഷ്ടം അക്കഥ ഓർമ്മിക്കാൻപോലും ഞാൻ ശക്തനല്ല. കുറെ കണ്ണാടിച്ചില്ലുകൾ ഒരിക്കൽ കുറെ തകരപ്പണിക്കാർക്കു് വാരിക്കൊടുത്ത കൂട്ടത്തിൽ അതും നഷ്ടപ്പെട്ടിരിക്കുമെന്നാണു് ഊഹിക്കുന്നതു്. പലരും അതിന്റെ പ്രതി ഇതിനകം ആവശ്യപ്പെടുകയുണ്ടായി. എന്തുചെയ്യാം. ഭാഗ്യദോഷമെന്നല്ലാതെ മറ്റെന്തു പറവാനാണു്.

"ഒരു വലിയ നഷ്ടം തന്നെ. നായർ സമുദായത്തിനു വിശേഷിച്ചും. സംശയമില്ല."

"അതിന്റെ അച്ചടിച്ച കോപ്പി കിട്ടുമോ?"

"കിട്ടും, മനോരമയിൽ അച്ചടിച്ചതാണു്. അതിന്റെ ഒരു ബ്ലോക്കു മാത്രമേ ഇപ്പോഴുള്ളൂ."

"നാകത്തകിടാണെങ്കിൽ അച്ചടിച്ച ബ്ലോക്കിനു മാറ്റവു പററിക്കാണും. ചെമ്പാണെങ്കിൽ ആ കുഴപ്പമില്ല."

"അല്പമൊക്കെ ഭേദമാനം പററിക്കാണണ്ടുക്കും."

"അദ്ദേഹം കബറടങ്ങിയതു തിരുവല്ലാത്താലൂക്കിന്റെ തെക്കോ വടക്കോ?"

"തെക്കേ അററം."

"മി. ജോണിന്റെ സമീപത്താണോ?"

"അതെ; മൺകോട്ട മഹർഷിയുടെ സമീപം തന്നെ."



ഇ. ജെ. ജോൺ

"ദൂരം?"

"നിരണത്തുനിന്നു രണ്ടു മൈൽ."

"സ്ഥലം, പരുമല!"

"പരുമല."

(1937 സെപ്തംബർ 16, 17 തീയതികളിലെ മലയാളമനോരമയിൽ ചിത്രമെഴുത്തു കെ. എം. വറുഗീസ് അവർകൾ എഴുതിയിരുന്നതു്.)

## കാററു കോളും ശമിച്ചു

കുറിച്ചി പള്ളിയിൽ വികാരിയായിരുന്ന വന്ദ്യ വയോവൃദ്ധനായ കോലത്തുകളത്തിൽ ദിവ്യശ്രീ കുറിയാക്കോസുകത്തനാർ അവർകൾക്കു് രോഗം വർദ്ധിച്ചു. രോഗിക്കു തൈലാഭിഷേകം നടത്തിയതു് തിരുമേനി ആയിരുന്നു. തിരുമനസ്സുകൊണ്ടു് അതു കഴിഞ്ഞു് കല്ലുങ്കത്ര പള്ളിയിലേക്കു നീങ്ങി. അധികതാമസം കൂടാതെതന്നെ അച്ചൻ മരിച്ചു. (1898 ജനുവരി 23-ാം തീയതി) ശവസംസ്കാരം നടത്തുന്നതിനായി തിരുമേനിയെക്കൂടി വരുത്തുവാൻ ആളയച്ചു. ഉച്ചയോടുകൂടിയത്രേ വള്ളം കല്ലുങ്കത്ര ചെന്നതു്. അവിടെനിന്നും നദീമാർഗ്ഗേണ പുറപ്പെട്ടാൽ കുറിച്ചിയിൽ എത്തുമ്പോൾ അസമയമാകും. ഉച്ച കഴിഞ്ഞതുകൊണ്ടു് കായൽവഴി പുറപ്പെടാൻ വള്ള

ക്കാർക്ക ധൈര്യവുമില്ല. ചെറുവള്ളമാകുന്നവല്ലോ എന്നുള്ളതായിരുന്നു ഭയഹേതു. വേഗം സ്ഥലത്തു ചെന്നുചേരണം. അല്ലെങ്കിൽ തന്റെ താമസംമൂലം എത്രയെത്ര പേർ കഷ്ടപ്പെട്ടും എന്നുള്ള ചിന്ത തിരുമേനിയെ അസ്വസ്ഥനാക്കി. ആജ്ഞാനുസരണം വള്ളം കായൽവഴിതന്നെ വിട്ടപ്പെട്ടു. രണ്ടു മണിയോടുകൂടി കറ്റും കോളും ഉഗ്രമായി. അപ്പോൾ ഈ ചെറുവഞ്ചിയുടെ കഥ ഊഹ്യമല്ലോ. കുറെ കഴിഞ്ഞപ്പോൾ തിരുമേനി വളവുരയുടെ വാതിൽക്കൽ വന്നു വെള്ളത്തിൽ റുശ്മാചെയ്തു. എന്തൊരൽഭുതം! കായലിലെ കോൾ പെട്ടെന്നു ശമിച്ചു. കുളത്തിലെ വെള്ളംപോലെയുള്ള ശാന്തത. അനന്തരമുണ്ടായ സുരക്ഷിതയാത്ര അവരെ നിർദ്ദിഷ്ടസ്ഥാനത്തു വേഗം എത്തിച്ചു.

## വിചാരപ്പെടേണ്ട

മരണത്തിനു ഹേതുവായ രോഗത്തിന്റെ ആരംഭത്തിൽ ഒരു രാത്രി അദ്ദേഹം ഒരു സ്വപ്നം കാണുകയുണ്ടായി. സ്വപ്നത്തിന്റെ താല്പര്യം "സിമ്മനാരി പണി പൂർത്തിയാകുവാൻ പണത്തിനു് നീ വിചാരപ്പെടേണ്ട. മദ്ബഹായുടെ വടക്കു വശത്തു വളരെ നിക്ഷേപം ഇരിപ്പുണ്ടു്. അതു് എടുത്തു പണിയിക്ക" എന്നായിരുന്നു. ഈ സ്വപ്നവിവരം കൂടെയുണ്ടായിരുന്ന ഗീവറുഗീസു് മല്പാനോടു് കൊച്ചു തിരുമേനി പിറ്റേ ദിവസം കല്പിച്ചു എങ്കിലും അതു് ഒരു വേക്കിനാവായിട്ടത്രേ വിചാരിച്ചുകളഞ്ഞതു്. അന്നു് സ്വപ്നത്തിൽ കണ്ട നിക്ഷേപസ്ഥലം ആ തിരുമേനിയെ കബറടക്കിയ സ്ഥലമായിരുന്നു. ഇപ്പോൾ പരുമല സിമ്മനാരി പണിക്കു മാത്രമല്ല, തിരുവല്ലാ ഹൈസ്കൂൾ പണിക്കുംകൂടി ഉപയോഗപ്പെടുന്ന നിക്ഷേപം അവിടെനിന്നും ദിവസേന കിട്ടിവരുന്നു. പരുമല സിമ്മനാരി സുറിയാനിക്കാർക്കു് മാത്രമല്ല, അന്യ സമുദായക്കാർക്കും ഹിന്തുകൾക്കും കൂടി ദുഃഖത്തിൽ ആശ്വസിപ്പിക്കുന്ന ഒരു സങ്കേതസ്ഥലമായിത്തീർന്നിരിക്കുന്നു."(പത്രിക പു. 13. ല. 10. പു. 284.)

## ഉദ്ദിഷ്ടഫലം

(തുണ്ടത്തിൽ പീലിപ്പോസു് തോമ്മസു്, റാന്നി)

6—8—1112.

എനിക്കു് ഇപ്പോൾ 34 വയസ്സു പ്രായമുണ്ടു്. 1078 മകരം 21-ാംനു- തിങ്കളാഴ്ച 6 മണിക്കു് എന്നെ പ്രസവിച്ചു. എന്നാൽ എന്റെ മൂത്തതായി നാലു പെണ്ണുങ്ങൾ ഉണ്ടായിരുന്നു. ആൺകുട്ടികൾ ഇല്ലാതിരുന്നപ്പോൾ എന്റെ അപ്പൻ, പരുമല തിരുമേനിയോടുള്ള സീമാതീതമായ ഭക്തി നിമിത്തം ആ വിശുദ്ധന്റെ നാമത്തിൽ

നേർന്നാലെങ്കിലും ഒരു ആൺകുട്ടിയുണ്ടാകുമെന്നുള്ള വിശ്വാസത്താൽ അദ്ദേഹത്തിൻെറ നാമത്തിൽ നൂറുപണം നേരുകയും നേർന്നിട്ടുണ്ടായ കുട്ടിയെന്ന് ആരും വിശ്വസിപ്പാൻ തക്കവണ്ണം തിരുമേനിയുടെ കാലിൽ രണ്ടു വിരൽ കൂടിച്ചേർന്നിരിക്കുന്നതുപോലെ ഒരു അടയാളം ഉണ്ടായിരിക്കണമെന്നും വി. കുർബാന മദ്ധ്യത്തിൽ നേരുകയും ആ വിവരം എന്നെ പ്രസവിക്കുന്ന നാൾവരെ എൻെറ മാതാവിനെപ്പോലും അറിയിക്കാതിരിക്കയും ചെയ്തിരുന്നു. ഈ നേർച്ച നേർന്ന് ആറുമാസം കഴിഞ്ഞപ്പോൾ തിരുമേനി കാലം കഴിച്ചുകൂട്ടി. പിന്നീടു നാലുമാസം കൂടി കഴിഞ്ഞപ്പോൾ എന്നെ പ്രസവിച്ചു. ആൺകുട്ടിയെന്നു പറഞ്ഞപ്പോൾ കുട്ടിക്ക് എന്തെങ്കിലും അടയാളമുണ്ടോയെന്നു അപ്പൻ ചോദിച്ചതിനു, കാലിൽ രണ്ടുവിരൽ കൂടി ഒന്നിച്ചാണിരിക്കുന്നതെന്നു പറയുകയുണ്ടായി. ആ സംഗതി കേട്ടപ്പോൾ എൻെറ അപ്പൻ താനെ നിലവിളിച്ചുപോയി. പിന്നീട് ആറുമാസം കഴിഞ്ഞപ്പോൾ എന്നെ പരുമലകൊണ്ടുപോയി. ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അന്നു റമ്പാച്ചൻ ആയിരുന്നു. അദ്ദേഹത്തെയും കാലം ചെയ്ത വട്ടശ്ശേരിൽ തിരുമേനിയെയും വിളിച്ച് അപ്പൻ ഉണ്ടായ വിവരം പറഞ്ഞുകേൾപ്പിച്ചു. നേർന്നിരുന്നതായ നൂറുപണം അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തു. കുട്ടിയെ ദൈവവകയ്ക്കായി വിട്ടുകൊടുക്കുന്നതിനു മനസ്സാണ് എന്നുകൂടി അച്ചൻ പറയുകയുണ്ടായി. എന്നാൽ പണത്തിൻെറ പ്രയാസംനിമിത്തം കൂടുതൽ വിദ്യാഭ്യാസം ചെയ്യുന്നതിനു് എനിക്കു സാധിച്ചില്ല. ഇപ്പോഴും ഞാൻ ചില വർഷത്തിൽ തിരുമേനിയുടെ കബറിങ്കൽവന്നു നിവൃത്തിപോലുള്ള നേർച്ചകൾ കൊടുത്തുവരുന്നു. (ഇപ്പോൾ ഞാൻ റാന്നി അങ്ങാടിമുറിയിൽ ചെമ്പൻമുഖത്തു തുണ്ടിയിൽ ആണു താമസിക്കുന്നതു്. എൻെറ അപ്പൻ മരിച്ചിട്ടു് ഇപ്പോൾ നാലുവർഷം ആയിരിക്കുന്നു.)

## പനിനീങ്ങി

(മൂക്കഞ്ചേരിൽ അച്ചാമ്മ)

1931 നവമ്പർ മാസത്തിൽ എനിക്കു ടൈഫോയിഡ് വന്നു വളരെ ശക്തിയായി. ഡോക്ടർമാർ നിരാശപ്പെട്ടു. ബോധമില്ലാതെ കിടന്ന അവസരത്തിൽ ഒരു ദിവസം ഉച്ചകഴിഞ്ഞു മെത്രാച്ചന്മാരുടെ ഉടുപ്പു ധരിച്ചു സ്ലീബായും വടിയും കയ്യിൽ പിടിച്ച് ഒരാൾ എൻെറ സമീപത്തുവന്നു. വികൃതവേഷത്തിൽ എൻെറ സമീപത്തു നിന്നവരോട് തൊടരുതു് എന്നു പറഞ്ഞശേഷം സ്ലീബാ എൻെറ നെററിയിൽവച്ച് "മകളെ ഇനി പനിക്കയില്ല" എന്നു പറഞ്ഞു. പിന്നെ അദ്ദേഹത്തെ കണ്ടില്ല. വിവരമില്ലാതെ കിടന്ന ഞാൻ കൈ നെററിയിൽ വയ്ക്കുന്നതു് കണ്ടു് അടുത്തുനിന്നവർ ചോദിച്ചപ്പോൾ ഞാൻ ഈ വിവരം വളരെ വിഷമിച്ച് അവരെ ധരിപ്പിച്ചു. അവർ മററുപല വരിത്തു

ദ്ധന്മാരെപ്പററിയും സംശയിച്ചു സംസാരിച്ചു. അന്നരാത്രി മുമ്പുവന്ന വേഷത്തിൽ വീണ്ടും എൻെറ അടുക്കൽവന്നു് "എന്നെ മനസ്സിലായില്ല; അല്ലേ മകളെ! ഞാൻ പരുമലയിൽ ഇരിക്കുന്നയാളാണു്. പനി സുഖമായി പരുമലയിൽ വന്നു് ഒരു ഊട്ടുകഴിക്കണം. നിങ്ങൾക്കു് എന്നിൽ കൂടുതൽ വിശ്വാസമുള്ളതുകൊണ്ടാണു് ഞാൻ വന്നതു്" എന്നു അരുളിച്ചെയ്തു മറഞ്ഞു. പിറേറദിവസം മുതൽ പനികുറഞ്ഞു അവ കടനിലമാറി സുഖമായി. അടുത്ത മീനമാസത്തിൽ ഞങ്ങൾ പരുമല എത്തി ഊട്ടുമുതലായ വഴിപാടുകൾ നടത്തി."

## ഒരുരാത്രികൊണ്ടു ഭ്രാന്തു നിശ്ശേഷം മാറി

(കെ. കെ. കുറിയാക്കോസു്, മുടക്കുഴ]

പരുമലപ്പള്ളിയിൽ കാലംചെയ്തിട്ടുള്ള മാർ ഗ്രീഗോറിയോസു് മെത്രാപ്പോലീത്തായുടെ വി: കബറിങ്കൽനിന്നു് പല അനുഗ്രഹങ്ങൾ അക്രൈസ്തവർക്കുപോലും ലഭിച്ചിരിക്കുന്നു എന്നുള്ളതു പ്രസിദ്ധമായ ഒരു സംഗതിയാണല്ലോ. ഉത്തരതിരുവിതാംകൂറിൽ മുടക്കുഴയുള്ള ഒരുൽകൃഷ്ടകുടുംബമായ കണക്കൻമാമുടി തറവാട്ടിൽ ഇക്കഴിഞ്ഞകൊല്ലം(1108-ൽ)വിവാഹംചെയ്തു കൊണ്ടുവന്നിരുന്ന ഒരു യുവതിക്കു് അടുത്തകാലത്തു ബുദ്ധിഭ്രമത്തിൻെറ ചില ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ക്രമേണ അതു വർദ്ധിച്ചു ശക്തിപ്പെടുകയാൽ അനേക ചികിത്സകൾ ചെയ്തെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. പ്രസ്തുത സ്ത്രീയാകട്ടെ ഇടയ്ക്കിടെയ്ക്കു് "ആ അഞ്ചുരൂപാ കൊടുക്കാനുള്ളതുഉടൻ കൊടുക്കണം. എന്താ പരീക്ഷിക്കുന്നോ" എന്നൊക്കെ പറഞ്ഞെങ്കിലും ആരും അത്ര ഗൗനിച്ചില്ല. വീണ്ടും ചില അവസരങ്ങളിൽ ഓടാൻ ശ്രമിക്കയും പല ഗോഷ്ടികൾ കാണിക്കുകയും, കരയുകയും "എന്നെ പരുമലയ്ക്കു കൊണ്ടുപോകണം. ഞാനിപ്പോൾ പോകും" എന്നിങ്ങനെ പറയുകയുംചെയ്തു. ഉടനേ സ്ത്രീയുടെ പിതാവിനെ വരുത്തി വിവരം ചോദിച്ചപ്പോഴാണു് സംഗതി മനസ്സിലായതു്. ഈ സ്ത്രീയുടെ ചെറുപ്പത്തിൽ അത്യുഗ്രമായ ഒരവസ്മാരത്തിൻെറ സുഖക്കേടു കൂടക്കൂടെ ഉണ്ടാകുമായിരുന്നു. അനേക ചികിത്സകൾ നടത്തിയിട്ടും യാതൊരു ശമനവും കാണായ്കകൊണ്ടു വിഷാദിച്ചു പരുമല മെത്രാപ്പോലീത്തായുടെ കബറിങ്കൽ ഒരു പവൻ വഴിപാടിടാമെന്നു നേരുകയും പ്രസ്തുത സുഖക്കേടു നിശ്ശേഷം നീങ്ങുകയുംചെയ്തു. അനന്തരം അതനുസരിച്ചു പരുമല പോയെങ്കിലും പത്തുരൂപാ മാത്രമേ അന്നു വഴിപാടിടാൻ സാധിച്ചൊള്ളു. ബാക്കിയുള്ള അഞ്ചുരൂപ (അന്നു പവനു പതിനഞ്ചു രൂപായായിരുന്നു) വിവാഹത്തിനുമുമ്പു വഴിപാടിട്ടുകൊള്ളാമെന്നു വീണ്ടും നേരുകയും ചെയ്തിരുന്നു. എന്നാൽ അയാളുടെ വീണ്ടുമുണ്ടായ അസൗകര്യംകൊണ്ടു് വഴിപാടെത്തിക്കുവാൻ സാധിക്കാതെവന്നു. ഉടനെ ഇതിനൊരു പരിഹാരമായി മെത്രാപ്പോലീത്തായുടെ ഒരു ശ്രാദ്ധം ഇവിടെവച്ചു കഴി

ച്ചുകൊള്ളാമെന്നും അവിടുത്തെ കബറിങ്കലെത്തിക്കുവാനുള്ള അഞ്ചുറു പായും പ്രായശ്ചിത്തവഴിപാടുംകൂടി പരുമല സിമ്മനാരിയിൽ എത്തിച്ചുകൊള്ളാമെന്നും വീണ്ടും നേർന്നു. ഈ അവസരത്തിൽ സുഖക്കേടിന്റെ വിവരമറിയാനും മറ്റുമായി അനേക അക്രൈസ്തവരും പ്രസ്തുത ഭവനത്തിൽ സന്നിഹിതരായിരുന്നു. പിറോദിവസം കാലത്തെ എഴുനേററപ്പോൾ സ്ഥിരതയില്ലാതെ കിടന്നിരുന്ന സ്ത്രീക്കു, സുഖക്കേടിന്റെ യാതൊരു ലക്ഷണങ്ങളും കാണാനില്ല. ഈ അത്ഭുതംകണ്ടു സന്തുഷ്ടരായിരുന്നവരോടു പ്രസ്തുത സ്ത്രീ ഇങ്ങനെ പറയുകയുണ്ടായി.

"കുറെ ദിവസങ്ങളായിട്ട് ഞാൻ ഇക്കഴിഞ്ഞ രാത്രി ഒന്നാണു! ഉറക്കത്തിൽ ചാത്തുരുത്തി മെത്രാപ്പോലീത്തായെ കണ്ടു. വി. സ്ളീബാ മുത്തുകയും, അവിടുന്നു എന്റെ സുഖക്കേടു മാറിയിരിക്കുന്നതായി പറയുകയുംചെയ്തു എന്നു ഞാൻ സ്വപ്നം കണ്ടു. ഇത്രയെ എനിക്കറിയാവൂ." 1

ഈ വർത്തമാനം കേട്ടവർ കേട്ടവർ പ്രസ്തുത വീട്ടിൽ ചെന്നു യാഥാർത്ഥ്യം അറിഞ്ഞുവരുന്നു.

(1109 കുംഭം 17 (1934 ഫെ. 28) മ. മനോരമയിൽനിന്നും)

## ഭൂതബാധനീങ്ങി

(ചാക്കപ്പൻ, ആലുവാ)

1-12-1114

എന്റെ മകൻ ജോർജ്ജിനു പൈശാചികമായ എന്തൊ ഉപദ്രവമുണ്ടായി. അതിനായി ഞങ്ങൾ 1108 മേടത്തിൽ പരുമല കബറുങ്കൽവന്നു 15 ദിവസം താമസിച്ചു. അവിടെ വന്നപ്പോൾ മുതൽ 8 ദിവസത്തിനകം ഈ എന്റെ മകനു പരിപൂർണ്ണസുഖം കാണിച്ചുതന്നു അയയ്ക്കണമേ, എന്നുള്ള പ്രാർത്ഥനയോടും ഉപവാസത്തോടും കൂടിയാണു ഞങ്ങൾ പ്രാർത്ഥനയും മററും തുടങ്ങിയതു്. ഒരു തിങ്കളാഴ്ച ദിവസമായിരുന്നു ഞങ്ങൾ പരുമല ചെന്നതു്. ദിവസവും ഞങ്ങളുടെ പേർക്കു കുർബാനയും കബറിങ്കൽ വിളക്കുവയ്പും ഉണ്ടായിരുന്നു. ബുധനാഴ്ച ഉറക്കസമയത്തു പരിശുദ്ധ പിതാവു് എന്റെ സമീപത്തുവന്നു് മകനെ നിന്നെ ഞാൻ സമാധാനത്തോടെ അയയ്ക്കും എന്നു പറഞ്ഞതും സ്ളീബാ എടുത്തു് എന്നെ വാഴ്ത്തി അനുഗ്രഹിച്ചു വെട്ടെന്നു് മറഞ്ഞതും ഇന്നും ഞാൻ നല്ലതിൻവണ്ണം ഓർക്കുന്നു. അടുത്തദിവസം ഈ വിവരങ്ങൾ അന്നു് അവിടെയുണ്ടായിരുന്ന അച്ചനോടും മററു് എല്ലാവരോടും ഞാൻ പറഞ്ഞു. ആ വ്യാഴാഴ്ചയും വിശേഷമൊന്നുമുണ്ടായില്ല. വെള്ളിയാഴ്ച കുർബാനസമയത്തു കാസായും പീ

കാസായും മേല്പോട്ടു പൊക്കിയസമയം മുതൽ എന്റെ മകനു ശക്തിയായ സുഖക്കേടുണ്ടായി. കുർബാന കഴിഞ്ഞ ഉടൻതന്നെ കബറുങ്കൽ കൊണ്ടുവന്നു. അവിടെവച്ചും ഭയങ്കരമായ സുഖക്കേടായിരുന്നു. 11 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന എന്റെ മകൻ പറയുന്നതും മററും കേട്ടാൽ ഏതൊരുത്തനെയും വിസ്മയിപ്പിക്കും. ഇതു് എല്ലാം കേട്ടുകൊണ്ടിരുന്ന ഞങ്ങൾ വിലാപത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈവിധം ഒരു നാലുമണിക്കൂർ കഴിഞ്ഞപ്പോൾ അവന്റെ മുമ്പിൽ നിൽക്കുന്ന പരിശുദ്ധ പിതാവിന്റെ തിരുശരീരം, തൃക്കാൽ, തൃക്കൈ മുതൽ സകല സ്ഥാനവസ്ത്രങ്ങളും തൊട്ടു ഇനിമേൽ ഈ പൈതലിനെ ഉപദ്രവിക്കയില്ല എന്നു സത്യംചെയ്തു. കുട്ടി ബോധംകെട്ടുവീണു. ഉദ്ദേശം പത്തു മിനിററു കഴിഞ്ഞു എഴുന്നേററു. അവനോടു ചോദിച്ചപ്പോൾ കഴിഞ്ഞ യാതൊന്നും അവനു് ഓർമ്മയില്ലായിരുന്നു. അതിനുശേഷം ഞങ്ങൾ ഒരാഴ്ചകൂടി താമസിച്ചു. എന്റെ മകനുണ്ടായിരുന്ന ആ സുഖക്കേടു് പരുമലബാവായുടെ പ്രത്യേക അനുഗ്രഹത്താൽ സൗഖ്യം പ്രാപിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. ഇതു് എഴുതിക്കൊണ്ടിരിക്കുന്ന അവസരത്തിൽപോലും എന്റെ കണ്ണിൽനിന്നുംകണ്ണുനീർ ധാരയായി ഒഴുകിക്കൊണ്ടിരിക്കുന്നു...................ജോർജ്ജ് ഈ കൊല്ലം പാസ്സായി. ഇപ്പോൾ 4-ാം ഫാറത്തിൽ പഠിക്കയാണു്. കഴിഞ്ഞ കൊല്ലത്തിൽ അവനു ചാമ്പ്യൻ മെഡലും മററുപല മെഡലുകളും സ്പോർട്ട്സിൽ കിട്ടി.

---

# മ ര ണാ ന ന്ത രം.

## (സി. പി. ചാണ്ടി)

[ഓമനക്കുട്ടൻ—എന്ന രീതി]

വിസ്മയ—നീയയാമിനി!—ആദിതാതൻദൈവ–നിയോഗത്താൽ
അദ്യമാ—യ് തവനാമധേ—യവുമാവിർഭാ–വവും കേൾക്കവെ,
നാലുപാർശ്വവും ശ്രീലകാന്തിയാൽ പാലനീക്കമിപ്പാരുമാ
നീലവാനവും ഭംഗമാകുമെന്നോർത്തു സംഭ്രമിച്ചില്ലയോ?
ഉത്തലസ്സമാനാർക്കരശ്മിയിൽ മുങ്ങിഹെസ്പറസ്സ്വാനിലെ
രംഗത്തേയ്ക്കെത്തി: സൃഷ്ടിനിസ്സീമമെന്നറിഞ്ഞാദിമാനവൻ!
മക്ഷികാഗണം വൃക്ഷസഞ്ചയം ജന്തുജാലങ്ങളെന്നിവ
മർത്ത്യരാശികൾക്കക്ഷി പക്ഷമായ് വാണിടുന്നേരമീവിധം

ഹേ! ദിവാകരാ! താവകാഭയിൽ ഗൂഢമായിരുന്നാലും
ഗോളലക്ഷങ്ങൾ ഗുപ്തമായതും കണ്ടതാരു താൻ പാരിതിൽ?
എങ്കിലെന്തിനീ മൃത്യുമാറുവാൻ സാഹസപ്പെടുന്നേവരും?
രാത്രിയെന്നപോൽ മർത്യരെ! മൃത്യു വിസ്മയാവഹം മോഹനം!
വാസരാന്ത്യത്തിൽ രാത്രിയെന്നോണം ജീവിതാന്ത്യത്തിൽ മൃത്യുവും
മാനസാനന്ദദായകം ഹല്ലേലൂയ്യാ സൗഭാഗ്യസുന്ദരം!

മരണം രാത്രിയെക്കുറിച്ചു ബ്ളാങ്കോവൈറ്റ്" എന്ന ആംഗ്ലേയകവി എഴുതിയിട്ടുള്ള പതിനാലു വരികൾ മാത്രമുള്ള ഒരു കവിതയുടെ വിവർത്തനമത്രേ മേൽ കാണുന്നതു്. വേറൊരു കവിതയും അദ്ദേഹം എഴുതിയിട്ടില്ലെങ്കിലും ആ ചെറുകവിതയുടെ ആശയമേന്മ മൂലം ആംഗ്ലേയ മഹാകവികളുടെ കൂട്ടത്തിൽ അദ്ദേഹം എണ്ണപ്പെട്ടിട്ടുണ്ടു്. ആദിയിൽ ആദാം സൃഷ്ടിക്കപ്പെട്ടു. ലോകവും അതിലുള്ള സകലവും പകൽസമയത്തെ സൂര്യപ്രകാശത്തിൽ അദ്ദേഹം കണ്ടു സന്തോഷിച്ചു. അങ്ങനെ ഇരിക്കവേ, കണ്ടാലും രാത്രി വരുന്നു എന്നു ഒരു ദൈവദൂതൻ അവനെ അറിയിച്ചു. രാത്രി! ഇപ്പോൾ ഈ കാണുന്ന സകലവും കാണാതാകുമല്ലോ എന്ന ഭയാനകമായ ചിന്ത അദ്ദേഹത്തെ സംഭ്രമിപ്പിച്ചു. സൂര്യൻ അസ്തമിച്ചു. രാത്രി ആഗതമായി. പടിഞ്ഞാറു ഹെസ്പെറസ് എന്ന നക്ഷത്രം ആദ്യമായി ഉദിച്ചു. പിന്നെ അനേക നക്ഷത്രങ്ങൾ കാണപ്പെട്ടു. (പക്ഷേ ചന്ദ്രനും വാൽനക്ഷത്രങ്ങളും ഉണ്ടായിരുന്നിരിക്കാം.) പകൽ കണ്ടവയിൽ വിശാലമാണു് ദൈവത്തിന്റെ സൃഷ്ടി എന്നു അവൻ ഗ്രഹിച്ചു. അവന്റെ സംഭ്രമം മാറി. "ചെറുപ്രാണികളെപ്പോലും കാണാവുന്ന സൂര്യപ്രകാശത്തിൽ ഇവയൊന്നും ദൃശ്യമല്ലല്ലോ. സുന്ദരമായ ഗോളനക്ഷത്രാദികളെ രാത്രി എനിക്കു കാണിച്ചു തരുന്നുവല്ലോ" എന്നു കണ്ടപ്പോൾ അവൻ ധൈര്യപ്പെട്ടു് ആഹ്ളാദിച്ചു. പകൽ സമയത്തു പ്രകാശം ഇപ്രകാരം നമ്മെ വഞ്ചിക്കുന്നെങ്കിൽ ഈ ജീവിതവും അപ്രകാരംതന്നെ നമ്മെ തെറ്റിദ്ധരിപ്പിക്കുന്നില്ലയോ? അതായതു്, പകൽ ദൃശ്യമല്ലാത്ത അനേകം മനോഹരസൃഷ്ടികളെ രാത്രിയിൽ കാണാമെങ്കിൽ, ഈ ജീവിതത്തിൽ അനുഭവിപ്പാൻ സാധിക്കാത്ത അനേക സൗഭാഗ്യങ്ങൾ ജീവിതാനന്തരം അനുഭവിക്കുവാൻ സാധിക്കാതിരിക്കുമോ? നമ്മുടെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസും ആ സൗഭാഗ്യാവസ്ഥയിൽ വസിക്കുന്നു എന്നത്രേ വിവർത്തകൻ സൂചിപ്പിക്കുന്നതു്.

# കൊച്ചുതിരുമേനിയുടെ കുടുംബം.

## (മാത്യു. ചാത്തുരുത്തി)

ക്നായിത്തൊമ്മച്ചന്റെ കാലത്തു ശീമയിൽനിന്നു വന്നവരെന്ന് വിശ്വസിക്കപ്പെടുന്നവരും പിറവം പള്ളിയുടെ ശ്രാമ്പിയിൽ താമസിച്ചിരുന്നവരുമായ നാലു സഹോദരങ്ങളിൽ രണ്ടുപേർ മുളന്തുരുത്തിയിൽ വന്നു താമസമാക്കി. അവർ മുളന്തുരുത്തിൽ വന്നശേഷം അവരുടെ പുരയിടപ്പേരോടുകൂടി "ശ്രാമ്പി" കൂടി സംഘടിപ്പിച്ചു എഴുതിപ്പോന്നു. അതു ഇന്നും നിലനിൽക്കയും ചെയ്യുന്നു. മേല്പറഞ്ഞ രണ്ടു സഹോദരങ്ങളിൽ ഒരാളുടെ പുത്രന്റെ പേർ അയ്പ് എന്നായിരുന്നു. ടി അയ്പിന്റെ മകൻ അയ്പ്പോര ഭാഗംവഴി വള്ളത്തട്ട എന്ന പുരയിടത്തിൽ താമസമായി. ഈ അയ്പോരയുടെ പൗത്രനാണ് പ്രഖ്യാതനായ വള്ളത്തട്ടേൽ അയ്പ്പോരത്തരകൻ. തരകൻ അസാമാന്യ ധീരനും ധിഷണശാലിയുമായിരുന്നതിനാൽ കരപ്രമാണിയും സമുദായപ്രധാനിയുമായിത്തീൎന്നു. അദ്ദേഹം പെരുമ്പടപ്പുരാജാവിന്റെ ഒരു ആത്മസേവകനുമായിരുന്നു. നാടുവാഴികൾ വേഷപ്രച്ഛന്നരായും അല്ലാതേയും സഞ്ചരിച്ചുവന്ന അക്കാലത്ത് വള്ളത്തട്ടയിൽ പതിവായി എഴുന്നെള്ളിയിരിക്കാറുണ്ടായിരുന്നുവെന്നും തന്മൂലം വള്ളിത്തട്ട് എന്ന ആ സ്ഥലത്തിനുണ്ടായ പേരു് വള്ളത്തട്ടയായി രൂപാന്തരപ്പെട്ടു എന്നുമാണ് പറയപ്പെടുന്നതു്. നാടുവാഴി ഈ കുടുംബക്കാൎക്ക് പാരിതോഷികമായി ഒരു വീടു പണിയിച്ചുകൊടുത്തു എന്നും അതിനാൽ ആ കുടുംബത്തിനു വള്ളിത്തട്ട് എന്നു പേരുണ്ടായി എന്നും കാലാന്തരത്തിൽ ആ പേർ ലോപിച്ചു വള്ളത്തട്ടയായിത്തീൎന്നുവെന്നും മറ്റൊരൈതിഹ്യവും ഉണ്ട്.

അയ്പോരതരകൻ മുളന്തുരുത്തിപ്പള്ളി പലതരത്തിൽ അഭിവൃദ്ധിപ്പെടുത്തുകയും ഒട്ടുവളരെ പണികൾ നടത്തി പരിഷ്കരിക്കയും ചെയ്തിരുന്നു. പള്ളിയുടെ ഭരണകൎത്തൃത്വം അയ്പ്പോരതരകൻ വഹിച്ചിരുന്ന കാലത്ത് പള്ളിയുടെ പ്രധാന വികാരി അനുജൻ അയ്പ്കത്തനാരായിരുന്നു. അയ്പോരതരകനു് കുഞ്ഞന്നമ്മ എന്നു പേരായ ഏകസന്താനമേ ഉണ്ടായിരുന്നുള്ളൂ. ഇവർ ജ്യോതിഃശാസ്ത്രം, ഗൗളിശാസ്ത്രം, തച്ചുശാസ്ത്രം തുടങ്ങിയ കലകളിൽ വിദഗ്ദ്ധയായിരുന്നു. ഒരു ദിവസം വിശുദ്ധ കുർബാന കഴിഞ്ഞു പള്ളിയുടെ പടിഞ്ഞാറുവശമുള്ള അവരുടെ വസ്തുവകകൾ സന്ദർശിച്ചുവരവെ, കരുപ്പള്ളിപ്പറമ്പ് എന്ന് ഇന്നും പറഞ്ഞുവരുന്നതായ പുരയിടം പുരവയ്ക്കുന്നതിനു ശാസ്ത്രസിദ്ധി അനുസരിച്ച് പറ്റിയതാണെന്ന് അവൎക്കു ബോദ്ധ്യപ്പെടുകയും, കാലതാമസമെന്യേ അവിടെ ഒരു പുര പണിയിക്കയും ചെയ്തു. പ്രസ്തുത പുരയിടത്തിലെ താമസം ആയുർദൈർഘ്യത്തിനു

പശ്ചാപ്യമാണെന്നത്രെ അവരുടെ ശാസ്ത്രീയാവലോകനത്തിൽ ബോധ്യമായത്. ഏതായാലും അവിടെ താമസിച്ചിരുന്നവരിൽ പലരും നൂറും അതിലധികവും വർഷക്കാലം ജീവിച്ചിരുന്നതായി ഐതിഹ്യമുണ്ട്.

മേല്പറഞ്ഞ കുഞ്ഞന്നമ്മയെ വിവാഹം ചെയ്തിരുന്നത് നെച്ചൂര് (മൂവാററുപുഴതാലൂക്ക്) ചൊള്ളോത്തിൽ പുരവത്ത് എന്നയാളാണ്. ചോളോത്തിൽ കുടുംബത്തെ സംബന്ധിച്ചുള്ള ഒരു ചുരുങ്ങിയ വിവരണവും ഈ സന്ദർഭത്തിൽ സ്ഥാനസ്ഥിതമായി തോന്നുന്നു. മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്ന് അനേകം ഹൈന്ദവകുടുംബങ്ങളെ മാർഗ്ഗമറിയിച്ചു മനംതിരിച്ച കൂട്ടത്തിൽ പല ആഢ്യബ്രാഹ്മണരും ഉൾപ്പെട്ടിരുന്നു. മധുരരാജ്യത്തെ ചോളകള്ളല്യക്കാരും അക്കാലത്തു ക്രിസ്തുമതം സ്വീകരിച്ചവരാണെന്നു വിശ്വസിക്കപ്പെടുന്നു. ഇപ്പോഴും ചോളകം എന്ന ഗൃഹനാമത്തിൽ മധുരയിൽ അനേകം ക്രിസ്തീയകുടുംബങ്ങൾ ഉണ്ട്. അതും നെച്ചൂരുള്ള ചോളകകുടുംബക്കാരും ഒരേ ശാഖയിൽപെട്ടവരാണെന്നു അനുമാനിക്കപ്പെടുന്നു. ഈ കുടുംബക്കാർ ചോളകനാട്ടിൽനിന്നും പുറപ്പെട്ട് പള്ളിപ്പുറം ദേശത്തു വന്നുതാമസിച്ചുവെന്നും, നെച്ചൂരിനു സമീപമുള്ള പട്ടോൽ പാഴൂർ നമ്പൂരിപ്പാടിന്റെ അവശ്യമനുസരിച്ച് മേല്പറഞ്ഞ പള്ളിപ്പുറത്തു ചോളകംകുടുംബത്തിന്റെ ഒരു ശാഖ നെച്ചൂർക്ക് താമസംമാററിയെന്നുമാണ് അറിവായിരിക്കുന്നത്. പരദേശബ്രാഹ്മണരുടെ ഉപയോഗസാധനങ്ങൾക്ക് അയിത്തം ഭവിച്ചാൽ അതു ശുദ്ധീകരിക്കപ്പെടുന്നതിനു പരദേശക്രിസ്ത്യാനികൾ വേണമെന്നുണ്ടായിരുന്ന അക്കാലത്തെ നടപ്പും മര്യാദയുമനുസരിച്ചാണ് മൂലകുടുംബത്തോടു വേഴ്ചയും ബന്ധവുമുണ്ടായിരുന്ന ചോളകകുടുംബത്തിന്റെ ഒരു ശാഖയെ പട്ടോൽനമ്പൂതിരി പള്ളിപ്പുറത്തുനിന്നും ക്ഷണിച്ചുകൊണ്ടുവന്നതായി അഭ്യൂഹിക്കപ്പെടുന്നത്.

പള്ളിപ്പുറത്ത് പള്ളിക്ക് ഒരു ഫർലോങ്ങ് കിഴക്കോട്ടു മാറിയുള്ള കുരിശിന്റെ വടക്കുവശമായി നാല് ഏക്കറോളം വിസ്താരത്തിൽ കിടക്കുന്ന പുരയിടത്തിനു ചോളകത്തിൽ പുരയിടമെന്നാണ് ഇന്ന് പറഞ്ഞുവരുന്നത്. ആ പുരയിടത്തിന്റെ ജന്മാവകാശം ഇപ്പോൾ അയ്യനാട്ടു പാറായിൽതരകനാണ്. ഇപ്പോൾ ആ പുരയിടത്തിൽ താമസിക്കുന്നത് ചോളകത്തിൽ കുടുംബക്കാരല്ലെങ്കിലും, ചോളകകുടുംബക്കാരായി 30-ൽ പരം വീട്ടുകാർ ഇപ്പോഴും പള്ളിപ്പുറത്തുണ്ട്. നെച്ചൂര് താമസമാക്കിയ ചോളകകുടുംബം നിരവധി ശാഖകളായി പിരിഞ്ഞ് വടക്കുള്ള മിക്ക ഇടവകകളിലും വ്യാപിച്ചിട്ടുണ്ട്. ടി കുടുംബത്തിന്റെ പ്രാചീനതയും കുലമഹിമയും അനുയോജ്യമായവിധം ഇന്നോളം ആ പാശ്ചത്വം നിലനിന്നുപോരുന്നുമുണ്ട്.

നെച്ചൂരിന്റെയും പരിസരപ്രദേശങ്ങളുടേയും അധിപതി അന്നു കൊച്ചി തമ്പുരാനായിരുന്നുവെന്നും ആ ഭാഗങ്ങളിൽനിന്നു രാജ

ഭോഗം പിരിച്ചെടുക്കേണ്ട അധികാരകർത്തവ്യം പണ്ടേതോൽ നമ്പൂതി
രിപ്പാടിനായിരുന്നുവെന്നും കാണുന്നു. പിന്നീട്ട് തമ്പുരാന്റെ അനുമ
തിയോടുകൂടി ഈ അധികാരം കരപ്രമുഖരായ ചോളക്ക കുടുംബക്കാ
രെ ഏല്പിക്കുകയും അവർ അതു സുദീർഘകാലം നിർവ്വഹിച്ചുപോരി
കയും ചെയ്തിരുന്നതിനും തെളിവുകളുണ്ട്, ഈ കുടുംബത്തിൽ മെ
ച്ചിരുതരകൻ എന്ന പേരായി അതിപ്രശസ്തനും അസാമാന്യ വിദ
ഗ്ദ്ധനുമായ ഒരു മാന്ത്രികൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ
ല അത്ഭുതച്ചെയ്തികളും ഇന്നും നാട്ടിൽ പ്രസിദ്ധമാണ്. തരകനു
കൊച്ചീ തമ്പുരാൻ സമ്മാനിച്ച വാളും പരിചയും ഇന്നും ചോളക്ക ത
റവാട്ടിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

വള്ളത്തട്ടയിൽ അയ്പോരത്തരകന്റെ ഏക സന്താനമായ കു
ഞ്ഞന്നമ്മയെ കല്യാണം കഴിച്ചിരുന്ന ചോളക്കത്തിൽ പൗരവത്ത്
വള്ളത്തട്ടയിൽ നിന്നും, അവർ പുതുതായി പണിയിച്ച കരപ്പിള്ളി
പുരയിടത്തിലെ പുരയിലേക്കു മാറിതാമസിച്ചു. ഇവർക്ക് അയ്പോര,
കുഞ്ഞൻ ഇങ്ങനെ രണ്ടു പുത്രസന്താനങ്ങളുണ്ടായി. ഇതിൽ മൂത്ത മ
കൻ അയ്പോര വള്ളത്തട്ടയിലും, ഇളയ മകൻ കുഞ്ഞൻ കരപ്പിള്ളി
ലും താമസിച്ചിരുന്നു. കുഞ്ഞന്റെയും ടിയാന്റെ ഭാര്യയുടേയും മരണ
ത്തെ സംബന്ധിച്ചു കേട്ടിട്ടുള്ള ഒരു കഥ വിശേഷിച്ചും പ്രസ്താവാർ
ഹമാണ്. കുഞ്ഞന്റെ മരണഘട്ടത്തിൽ ഭാര്യയ്ക്കു 90 വയസ്സു പ്രായ
മാണ്. കുഞ്ഞന്റെ ചരമംമൂലം ദുരന്തദുഃഖിതയായി ഭവിച്ച ഭാര്യ ഭ
ർത്താവിന്റെ മൃതശരീരത്തിൽ തൊട്ട് "നിങ്ങൾ പള്ളിയിൽ ചെ
ന്നാലുടനെ എനിക്കും ആളയയ്ക്കണേ" എന്നു കണ്ണുനീരോടെ കെഞ്ചി
നിലവിളിച്ചെന്നും ഭർത്താവിന്റെ ശവം പള്ളിയിൽ കൊണ്ടുചെന്നു
വച്ച് അല്പസമയം കഴിഞ്ഞപ്പോഴേക്കും ഭാര്യയുടെ ആഗ്രഹം സാഫ
ല്യപ്പെട്ട വിധം അവർകൂടി മരിച്ചുവെന്നും ഒടുവിൽ ഇരുവരുടേയും
ശവസംസ്കാരം ഒരുമിച്ചു ആഡംബരപൂർവ്വം നിർവ്വഹിച്ചുവെന്നുമാണ്
കേട്ടിരിക്കുന്നതു്. ഇതേവിധമുള്ള കൂട്ടമരണങ്ങൾ പിന്നീടും ഈ
കുടുംബത്തിൽ ഉണ്ടായിട്ടുണ്ട്. വള്ളത്തട്ടയിൽ താമസിച്ചിരുന്ന അ
യ്പോരയുടെ മൂത്ത മകനാണ് വലിയ മല്പാനച്ചൻ എന്ന പേരിൽ
പ്രസിദ്ധനായിത്തീർന്ന ഗീവറുഗീസുകത്തനാർ. അദ്ദേഹം വിവിധക
ലാവല്ലഭനും അതിസമർത്ഥനുമായിരുന്നു. എന്നാൽ അദ്ദേഹം ദീർഘാ
യുഷ്മാനായിരിപ്പാൻ സർവ്വേശ്വരകൃപയുണ്ടാകാതെ മസൂരി ബാധി
തനായി മരണമടയുകയാണുണ്ടായതു്. ടി മല്പാനച്ചന്റെ അനുജൻ
മത്തായി പള്ളിപ്രം കല്ലറയ്ക്കൽ കുടുംബത്തിൽ ഗീവറുഗീസിന്റെ
ഏകമകൾ മറിയം എന്ന കന്യകയെ വിവാഹം കഴിച്ചു
ദത്തവകാശിയായി കണ്ടനാട്ടു താമസിച്ചു. മാർത്തോമ്മാ ശ്ലീ
ഹാ മലയാളക്കരയിൽ മാർഗ്ഗമറിയിച്ച കൂട്ടത്തിൽ പള്ളിപ്രത്തു
ള്ള പ്ളാദത്താൽ, കല്ലറയ്ക്കൽ എന്നീ രണ്ടു ബ്രാഹ്മണ ഇല്ലങ്ങൾ
ക്രിസ്തുമതം വിശ്വസിച്ചിരുന്നു. അതിൽ കല്ലറയ്ക്കൽ ഇല്ലക്കാരനാ
യ വക്കി എന്നയാൾ കണ്ടനാട്ടു വന്നു താമസിക്കയും അവിടെ പുത്ത

ൻവീട്ടിൽനിന്നും കല്യാണം കഴിക്കുകയും ചെയ്തിരുന്നു. ടി വക്കിക്കു മൂന്നു പുത്രന്മാരുണ്ടായതിൽ ദ്വിതീയപുത്രനായ ഗീവറുഗീസിനു മറിയം എന്നു പേരായി ഒരു പുത്രീസന്താനമേ ഉണ്ടായുള്ളൂ. ടി മറിയത്തെയാണ് മേല്പറഞ്ഞ പള്ളത്തട്ടയിൽ മത്തായി വിവാഹം ചെയ്തിരുന്നത്. ഇങ്ങനെ അയാൾ മുളന്തുരുത്തി, കണ്ടനാട് എന്നീ രണ്ടു പള്ളികളിലെയും ഇടവകക്കാരനായിത്തീർന്നു. ഏറെ താമസിയാതെ, ടി മത്തായി മുളന്തുരുത്തിൽ സ്വകുടുംബം വകയായി ഭാഗവഴി സിദ്ധിച്ച ചാത്തുരുത്തിൽ പുരയിടത്തിലേക്കു താമസം മാറി. ടി മത്തായിക്കു കുര്യൻ, വക്കി, അയ്പോര, ഏലി, മറിയം എന്നിങ്ങനെ 5 സന്താനങ്ങൾ ഉണ്ടായതിൽ ഏറ്റവും ഇളയമകനായ അയ്പോരയാണ് നമ്മുടെ സ്മര്യപുരുഷൻ.

“അന്യഥാ ചിന്തിതം കാര്യം, ദൈവം അന്യത്ര ചിന്തയേൽ” എന്ന ആപ്തവാക്യം എത്രയും യഥാർത്ഥമാണെന്നതിനു കൊച്ചു തിരുമേനിയുടെ ബാല്യകാലത്തെ ഒരനുഭവം തികച്ചും പ്രസ്പഷ്ടീകരിക്കുന്നുണ്ട്. തിരുമേനി ശെമ്മാശ്ശനായിരിക്കുമ്പോൾ അദ്ദേഹത്തിനു വിവാഹാലോചനകൾ പലതു വരികയുണ്ടായി. ഒരാലോചന വന്നത് കരിങ്ങാശ്രയുള്ള ഒരവകാശി പെൺകുട്ടിയെക്കൊണ്ടായിരുന്നു. ഇത് സ്വപിതാവിനു മിക്കവാറും സമ്മതവുമായിരുന്നു. കണ്ടനാട്ടു പള്ളിയിലും മുളന്തുരുത്തി പള്ളിയിലും തനിക്കു ഇടവകത്വമുള്ളതിനാൽ ശെമ്മാശ്ശനെ കരിങ്ങാശ്രയുള്ള ഒരവകാശിപ്പെണ്ണിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചാൽ ശെമ്മാശ്ശനു ഭാവിയിൽ മൂന്ന് ഇടവകകളുടേയും വികാരിത്വവും തന്മൂലമുള്ള ആദായവും പറ്റിപ്പാൻ സംഗതിയാകുമല്ലോ എന്നാണ് പിതാവ് ദിവാസ്വപ്നം കണ്ടത്. എന്നാൽ സ്വർഗ്ഗീയ പിതാവിന്റെ ഹിതമോ മറിച്ചായിരുന്നു. അതെ—അദ്ദേഹം മലങ്കരസഭയുടെ ആരാധ്യനായ ഒരു വൈദികശ്രേഷ്ഠ മാമുനിയായി തീരുകതന്നെ ചെയ്തു.

x x x x x

ആ വന്ദ്യതിരുമേനിയെ കണ്ടിട്ടുള്ളവരത്രയും പറഞ്ഞുകേട്ടിട്ടുള്ള ഒരു പ്രത്യേക സംഗതി എന്റെ സ്മരണയിലുണ്ട്. അയത് അവിടുത്തെ ഭക്തിനിർഭരമായ മുഖചൈതന്യത്തിന് ആകസ്മികമായുണ്ടാകുന്ന ഒരു അനർഘശോഭയെപ്പറ്റിയത്രെ. വി. കുർബാനയ്ക്കായി മദ്ബഹായിലേക്കു പ്രവേശിക്കുന്ന ആ പുരോഹിതവരേണ്യൻ പടിഞ്ഞാട്ട് വാഴ്‌വു നൽകാൻ തിരിയുമ്പോൾ ആളിന്റെ പ്രകൃതവും പ്രതിഭയും വ്യത്യസ്ഥപ്പെട്ടുകഴിഞ്ഞു. തികച്ചും ദൈവികമായ ഒരു പ്രഭാപൂരം, ഒരുജ്ജ്വലതേജസ്സ്, ആ മുഖാരവിന്ദത്തിൽ പ്രസ്ഫുരിക്കയാണപ്പോൾ. ഈ പ്രകൃതവ്യത്യാസത്തിൽ ആളുകൾ അത്ഭുതപ്പെട്ടിട്ടുണ്ട്. അമ്പരന്നിട്ടുണ്ട്.

1902 തുലാമാസം 20-ാംനു മലങ്കരസഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ഘട്ടമാണ്. മലങ്കരസഭയുടെ ഭക്തതാരം, അഭിമാനസ്തംഭം, കണ്ണിലുണ്ണി, സകല ജനസമാരാധ്യനായ വൈദികമേധാവി---അന്നു പാതിരാനേരത്ത്—ദൈവംതമ്പുരാന്റെ സവിധത്തിൽ താൻ നിത്യവും മുട്ടുകുത്തുന്ന ആ പരിശുദ്ധ യാമത്തിൽ സ്വർഗ്ഗസ്ഥനായി. ഈ വാർത്ത കേട്ടവർ കേട്ടവർ ഞെട്ടി വാവിട്ടു കരഞ്ഞു. വൈദികഗണം ഒന്നടങ്കം കദനഭാരത്താൽ കണ്ണീർ വാർത്തു. തന്നെ പുത്രനിർവിശേഷം സ്നേഹിച്ചിരുന്ന വലിയ തിരുമേനി, (പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ്) ശോകമൂകനായി, ഇതികർത്തവ്യതാമൂഢനായി. അത്യന്തം സന്താപകരവും സംഭ്രമജനകവുമായ ഈ സംഭവം നടന്നിട്ട് ഇന്നേക്ക് 50 സംവത്സരം തികയുകയാണ്. അവിടുത്തെ ഭൗതികാവശിഷ്ടം പരുമല പള്ളിയുടെ സവിധത്തിൽ നിത്യവിശ്രമം കൊള്ളുന്നു. ആ പരിശുദ്ധന്റെ പരമാത്മാവു ആയിരമായിരങ്ങൾക്കുവേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ മദ്ധ്യസ്ഥപ്രാർത്ഥനയണച്ചു ഹാലേലൂയ്യാ പാടുകയുമാണ്.

---

# പിതൃസ്മരണ

## (മല്പാൻ കെ. ഇ. തോമസ് കത്തനാർ)

1. ‖ പാരിതെല്ലാം ഭരിക്കുന്ന ദൈവമെ,
പേരെഴും ഭവൽ ഭക്തന്റെ വാർത്തയെ
ചേരുംമട്ടു കഥിക്കുവാനേറ്റവും
പാരാതെന്നെ അനുഗ്രഹിക്കേണമേ.

2. ആശിച്ചാണമീ ഭക്തചരിതമി-
ന്നാശു ചൊൽവാൻ തുനിഞ്ഞോരെനിക്കിഹ
ഈശപുത്രനാമേശുദേവൻ കനി-
ഞ്ഞാശീർവ്വാദമരുളണം മേൽക്കുമേൽ.

3. കാരുണ്യാത്മാവായിടുന്ന ദൈവമെ,
പാരിൽ ഭാസിച്ച ഭക്തന്റെ വാർത്തയെ
പാരാതെ ചൊൽവാനഗ്നി തൻ നാവുപോൽ
ചേരണമെന്റെ ചിത്താംബുജത്തിൽ നീ

---

‖ രാമായണം 24: 2-ാം വൃത്തരീതി. പാനരീതിയിലും ചൊല്ലാം.

4. x കീർത്തനീയനാമേശുതൻ മാതാവേ,
ഓർത്തു ഭക്തന്റെ സൽഗുണഗണങ്ങൾ
ചേർത്തുകോർത്തൊരു മാല തീർത്തീടുവാൻ
പേർത്തുപേർത്തുമനുഗ്രഹിച്ചീടുക.

5. x എത്രയും ദൈവഭക്തനായനാഥ
മത്രവർത്തിച്ച മർത്ത്യന്റെ സൽകഥ
ചിത്രമോർത്താലതോതാനനുഗ്രഹം
പത്രോസും മമ പൗലൂസുമേകണം.

6. നിന്നടികളിലീശാ, നടന്നൊരു
വന്ദ്യനാമേശുനാഥനെ മാനിപ്പാൻ
വന്നവനിൻഡ്യാപാലകൻ മാർത്തോമ്മാ
ധന്യനേറ്റമനുഗ്രഹമേകണം.

7. ഭാഗ്യമൊത്ത പരുമലപ്പള്ളിയിൽ
യോഗ്യമാംവിധമെന്നും വിളങ്ങുന്ന
മാർഗ്രീഗോറിയോസാമത്തിരുമേനി
യാഗ്രഹം പോലനുഗ്രഹിച്ചീടണം.

8. ആയിരത്തൊടെഴുപത്തുമെട്ടുമ-
ങ്ങായ കൊല്ലം തുലാഖ്യമാം മാസത്തിൽ
തീയതി പതിനേഴിലാസൽഗുണൻ
പോയിതയ്യോ! പരലോകമെത്തുവാൻ.

9. സിദ്ധൻ ഭൂലോകവാസം വെടിഞ്ഞ നാൾ
ശ്രദ്ധയോടെ നമിച്ചു കർത്താവോടായ്
അത്രവന്നോർക്കുമേവർക്കുമായ് ചെയ്തോ-
നെത്രയും ദീർഘമദ്ധ്യസ്ഥയാചന

10. സ്വർഗ്ഗഭാഗ്യമാം പാദപച്ഛായയിൽ
നിർഗ്ഗമിച്ചോരു നല്ല തിരുമേനി
ഭാഗ്യമായതനുഭവിപ്പാനിഹ
പാർക്കുവോരെയനുഗ്രഹിക്കും ദൃഢം.

11. ചാരുശീലനാമത്തിരുമേനി തൻ
പേരിലാണ്ടേഴുമോർമ്മയാമുത്സവം
ചേരും മട്ടിഹഘോഷിപ്പാൻ നേർച്ചക്കാ=
രേറും ഭക്തിയോടെത്തുന്നു തദ്ദിശി.

---

x പരുമലപ്പള്ളി സ്ഥാപിക്കപ്പെട്ടതു ദൈവമാതാവിന്റെയും മാർ പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെയും നാമത്തിൽ ആകുന്നു.

12. ആണ്ടുതോറുമീയുത്സവമാദരം
പൂണ്ടുകൊണ്ടാടിമേളിപ്പാനാളുകൾ
വേണ്ടുവോളം വരുന്നുണ്ടൊരുത്തനും
വേണ്ടെന്നില്ലിതു വിസ്മയമോർക്കുകിൽ.

13. മോക്ഷമന്ദിരമെന്നു തന്നെയിതു
വീക്ഷിച്ചീടുന്നോരെല്ലാം വിധിച്ചിടും
പ്രേക്ഷകരിഹ ചക്ഷുസ്സടക്കാതെ
സൂക്ഷിച്ചുനോക്കുമത്യന്തവിസ്മയാൽ.

14. പൊക്കമേറീടും സ്വർഗ്ഗസിംഹാസന-
മിക്കണക്കല്ലേ കണ്ടതേശായയും
നീക്കമില്ലിതു തത്തുല്യം താനിഹ
നോക്കുന്നോർ കണ്ണിമയ്ക്കാതെ നോക്കിടും

15. ഉണ്ടല്ലോ മെഴുകിൻതിരിക്കാലുകൾ
രണ്ടു ഭാഗത്തും മദ്ധ്യേ കുരിശതും
പണ്ടു സീയോന്റെ സൗധത്തിൽ മേശമേൽ
കണ്ട കാഴ്ചയീ ത്രോണോസിൽ കാണുന്നു.

16. ഇത്ര മാഹാത്മ്യമുള്ളോരീ ത്രോണോസിൽ
സിദ്ധരർപ്പിക്കും കാഴ്ചകുർബാനയും
എത്ര കണ്ടാലും പിന്നെയും കാണണ-
മത്ര കാണായ്കിൽ പങ്കമില്ലാർക്കുമേ.

17. ഉത്തരദ്വാരത്തൂടെ ഗമിച്ചെന്നാൽ
തത്ര കാണാമാസ്സിദ്ധനെഴും കബർ
അട്ടിക്കിലേക്കു നിൽക്കുന്നോരാസ്ഥലം
ചിത്രാലംകൃതമെത്രയും ശോഭനം.

18. നിൽക്കും ഫോട്ടോ നിരീക്ഷിച്ചുവെങ്കിലോ
ചിക്കെന്നു കാൽക്കൽ വീണു നമിച്ചുടൻ
തൽക്കരങ്ങളാലേകുന്നനുഗ്രഹം
കൈക്കൊൾവാനേറ്റമാശിക്കുമേവരും.

19. വിത്തു ചീഞ്ഞതിൽനിന്നു മുളയുണ്ടായ്
സത്തോടൊത്തു ഫലിച്ചിടും പോലവെ
കർത്തൃദാസൻ തൻ കായം വെടിഞ്ഞിട്ടു
മെത്തുമോജസ്സിരട്ടിച്ചു സിദ്ധനായ്.

20. "ഈശനേഷ ഞാൻ നിന്റെ പിതാക്കൾക്കു
നാശമില്ലവർ ജീവിച്ചിരിക്കുന്നു.
നാശമുള്ളോർക്കു ഞാനീശനല്ലേ"വം
മോശയോടീശൻ കല്പിച്ചിട്ടുണ്ടല്ലോ.

21. ശുദ്ധിമാൻ ദൈവം ജീവിക്കും പോലവേ
ശുദ്ധിമാന്മാരുമങ്ങൊരുമിക്കുന്നു.
ശുദ്ധന്മാരിൽ വസിക്കുന്നു ദൈവം താൻ
ശുദ്ധന്മാരെ വസിപ്പിക്കും തന്നിലും.

22. "പ്രാർത്ഥനയാൽ മൃതർക്കെന്തഹോ? മൃതർ
പ്രാർത്ഥനയാൽ ഫലമെന്തു മർത്ത്യർക്കും?"
ഓർത്തുപോകരുതീവിധമല്ലവ-
മോർത്താൽ സിദ്ധരാം മർത്ത്യർക്കുണ്ടോ മൃതി?

23. സിദ്ധന്മാരുടെ സന്നിധൗ നിൽക്കുന്ന
സിദ്ധനാകും തിരുമേനി തന്നുടെ
ശുദ്ധമദ്ധ്യസ്ഥയാചനയ്ക്കുന്നമേ
സിദ്ധനുത്തരം സത്വരം കിട്ടുന്നു.

24. പാരം കഷ്ടപ്പെടുന്ന ജനങ്ങളും
ചാരത്തു ചെന്നു നേർന്നു നമിക്കുകിൽ
ഭാരമേറുന്ന ദുഃഖങ്ങളൊക്കെയും
പാരാതെ തീർത്തു പാലിക്കുമാമഹാൻ

25. മോറാൻ പത്രോസ് പാത്രിയർക്കീസിന്റെ
മാറാത്ത പ്രീതിയാർന്നിട്ടനന്തരം
ഏറിയഭക്തിവിശ്വാസഭാരത്താൽ
മോറാനിൽ നിന്നിരുപ്പട്ടം പ്രാപിച്ചു.

26. യാത്രചെയ്തങ്ങുറുശലേം പുക്കഹോ
ക്രിസ്തുതൻ കബറിങ്കൽ നമിച്ചഥ
ആർത്തമോദം മലബാറിലെത്തിച്ചേ-
ന്നാസ്ഥയോടേശു ദാസനും ശിഷ്യരും.

27. ഭൂമിയിൽ പാർത്ത കാലത്തുമേ നിജ-
നാമത്തിൽ നേർച്ച നേർന്നു നമിക്കുകിൽ
ഈ മഹാൻ തെങ്ങിൻ പേട്ടുഫലങ്ങളെ
സാമോദാൽ നീക്കിക്കാണിച്ചാൻ സൽഫലം.

28. മുന്നം മാലാഖപ്പോലെ ജീവിച്ചൊരീ
വന്ദ്യനിൽ ക്രിസ്ത്യരായവരൊക്കെയും
ധന്യമാം ദീപസ്തംഭത്തിലെന്ന പോ-
ലെന്നു വീക്ഷിച്ചു പാർത്തിരുന്നില്ലയോ?

29. കാറ്റും സിന്ധുവും കർത്തൻ ഭരിച്ചപോൾ
തോറ്റിടാതീ മഹാനും ഭരിച്ചല്ലോ.
ഏറ്റമാമോളം സ്ലീബാവരച്ചുടൻ
മാറ്റി വേമ്പനാടെന്നുള്ള കായലിൽ

30. തുമ്പമണ്ണിൽ വാസന്ത വരികയാ-
ളമ്പരന്നാരവിടത്തിലേവരും.
അൻപൊഴും തിരുമേനിചെന്നായതും
കമ്പമെന്ന്യേ നിവൃത്തി ശുശ്രൂഷയാൽ.

31. കൂടെ പാർത്തൊരു കോശിശെമ്മാശ്ശനാം
കൂടിവന്ന കഠിനജ്വരമെല്ലാം
പ്രൗഢനാം ദൈവഭക്തൻ നമസ്കാരാൽ
പാടേ മാററിനാനെത്രയുമത്ഭുതം.

32. ജസ്റ്റിസാം രായർ തൻ പത്നി രോഗത്തിൽ
പെട്ടു ഡോക്ടറും കൈവിട്ടനാളഹോ!
പെട്ടെന്നീയേശുഭക്തഭിഷഗ്വരൻ
തെറ്റെന്ന്യേ സുഖമാക്കിനാനായതും.

33. തെക്കോരില്ലത്തു സന്താനമില്ലാഞ്ഞു
ദുഃഖിച്ചായവർ സിദ്ധനോടർത്ഥിച്ചു.
തൃക്കൺപാർത്തുടൻ പ്രാർത്ഥിച്ചുരയ്ക്കയാൽ
നീക്കമില്ലാതെ ഉണ്ടായി സന്തതി.

34. ദുഷ്ടഭൂതങ്ങൾ ബാധിച്ച മർത്ത്യരീ
ശിഷ്ടനെ കാൺകിൽ തെറ്റിവിറച്ചിടും
ദൃഷ്ടികൊണ്ടീ മഹാനൊന്നു നോക്കിയാൽ
പെട്ടെന്നു വിട്ടുമാറിപ്പോം ഭൂതങ്ങൾ.

35. ശിഷ്ടൻ പാമ്പാക്കുടെയെത്തി വാണനാൾ
വൃഷ്ടിയില്ലാതെയദ്ദിക്കിലുള്ളവർ
കഷ്ടപ്പെട്ടീ മഹാന്റെ പാദാന്തികെ
പെട്ടെന്നു ചെന്നപേക്ഷിച്ചു സാദരം.

36. മൂന്നുനാൾ നോയ്മ്പു നോററിരുന്നീടേണം
മൂന്നാം നാളൊത്തുകൂടി നമിക്കണം
എന്നു കല്പിച്ചതാദരിക്കായ്കയാൽ
വന്ന വൃഷ്ടിയും മാറിപ്പോയില്ലയോ?

37. വന്ദ്യനായ് വാണ വല്യതിരുമേനി
തന്നുടെ വല്യജ്ജൂബിലി വേളയിൽ
വന്ന വർഷമീധന്യൻ നിവൃത്തിയ
തന്നു കണ്ടവരത്ഭുതാൽ കൂപ്പിനാർ.

38. എന്തെല്ലാം വന്നാലും സഹിപ്പാൻ കരുത്തലം
ചിന്തമീഭക്തൻ ജൂബിലിയാഘോഷത്തിൽ
ചന്തമററ വരാന്തയിൽ വാണഹോ
ഹന്ത കാണിച്ചു തന്നുടെ താഴ്മയെ.

39. കർത്താവെത്തിയ ഗ്രാമത്തിലെന്നപോലാ-
വൃത്തമോത്തമറായെന്നി ഭക്തർ
എത്തിച്ചേരുന്ന പള്ളിയിലാളുകൾ
ചിത്തമോദമൊടോടിയെത്തും പരം.

40. ഉദ്ധന്യനർപ്പിതം കുർബാന കണ്ടിടാൻ
ബദ്ധപ്പെട്ടിട്ടു മൂസാഹാരേവരും
ശുദ്ധപൂജയെപ്പുന്നാളിക്കുമ്പൊളീ
സിദ്ധൻെറ ദൃഷ്ടി സൂക്ഷ്മസമാനമാം.

41. ദൈവമന്ദിരേ പൂജിക്കുന്നേരത്തീ
ദൈവഭക്തമുഖപ്രഭ കാണുകിൽ
ദൈവസന്നിധൗ നിൽക്കുന്ന നല്ലൊരു
ദൈവദൂതനാണെന്നു തോന്നും നൂനം.

42. ധന്യമാകും നിരണവും തുമ്പമ-
ണ്ണെന്നിവയീ മഹാപള്ളിടവക
എന്നിരിക്കിലും സ്നേഹബന്ധത്തിനാൽ
മന്നിതെല്ലാമീ മാന്യനിടവക.

43. ചിത്രമീവന്ദ്യൻ ദീനത്തിലായപ്പോൾ
പുത്രരെക്കാളു മാദരവാന്നഹോ!
നിത്യമാത്മീയ പുത്രരായുള്ളവർ
കൃത്യമെന്നോർത്തു ചെയ്തു ശുശ്രൂഷകൾ.

44. വിശ്വമെല്ലാം ഭരിക്കുന്ന ദേവനാം
വിശ്വനായകൻ തൻെറ കൊടിക്കീഴിൽ
ആശ്രിതനായ പുണ്യപുരുഷനെ
ആശ്രയിച്ചിടുക വിശ്വാസത്തോടെന്നും.

45. ക്രൂരൊടാ ഭക്തൻ തൻെറ കബർ കണ്ടാൽ
മാറില്ലോകുവാനാക്കുമെളുതല്ല
മാറത്തു സ്ളീബാരൂപം വരച്ചുടൻ
മാറാതെനിന്നു ധ്യാനിക്കുമേവരും.

46. നേർച്ചയായിഹ കാശും പണങ്ങളും
വച്ചുഭക്ത്യാപവനും പൊൻരാശിയും
കാച്ചിമുക്കിയ സ്വർണ്ണപ്രതിമയും
കാഴ്ചവയ്ക്കുന്നു വെള്ളിരൂപങ്ങളും.

47. ചേലെഴും വെള്ളിക്കാസാമിന്നും പൊന്നിൻ
പീലാസ നല്ല ബ്രിട്ടൻവിളക്കുകൾ
ആലിലയുള്ള മുത്തുക്കുട കൊടി
വാല്യ,മെണ്ണ, നല്ലാദ്യഫലാദികൾ.

48. തന്നിലയമാമേർശലേം ഭണ്ഡാരം
തന്നിൽ വച്ച വിധവതൻ കാശുപോൽ
ചെന്നു നേർച്ചയർപ്പിക്കുന്ന മർത്ത്യരിൽ
വന്ദ്യൻ തൃക്കണ്ണു ചേർത്തെന്നും തുണയ്ക്കുന്നു.

49. ഉൾക്കടഭക്തിയോടെ നമിപ്പോരിൽ
തൃക്കടക്കണ്ണു ചേർക്കുമപ്പുണ്യവാൻ
ഭക്തൻ ധ്യാനിച്ചടുക്കുന്നതെത്രയോ
അക്കണക്കവനോടു മടുത്തിടും.

50. സർവ്വനായകഭക്തൻെറ ചാരത്തു
സർവ്വജാതിമതസ്ഥരും ചെല്ലുകിൽ
സർവ്വദുഃഖവും നീക്കിയനുഗ്രഹം
സർവ്വശക്തനാമേശു നൽകും ദൃഢം.

---

# പരുമലബാവാ പഴഞ്ഞിപ്പള്ളിയിൽ

**(സി. ഐ. ചാക്കോരു മാസ്റ്റർ)**

ആണ്ടും മാസവും തിട്ടമായി പറഞ്ഞുകൂടാ. പഴയന്മാർ പറഞ്ഞുകേട്ടതാണിതു. അന്നു് ഈ ലേഖകൻ ഭൂജാതനായിട്ടുണ്ടോയെന്നു തന്നെ സംശയമാണു്. അഥവാ ഉണ്ടെങ്കിൽതന്നെ നന്നേ കൊച്ചാണു്. പരുമലബാവാ (അക്കാലത്തുള്ളവർ അദ്ദേഹത്തെപ്പററി പറഞ്ഞിരുന്നതുപോലെ അന്നം തിന്നാത്ത മുനി) പഴഞ്ഞിപ്പള്ളിയിലേക്കെഴുന്നള്ളി. തിരുമേനി ഇവിടെവെച്ചു ചില പട്ടംകൊടുക്കൽ ശുശ്രൂഷകൾ നടത്തുകയുണ്ടായി. ഇവിടെ താമസിക്കുന്ന കാലത്തുണ്ടായ രണ്ടു മഹൽസംഭവങ്ങളാണു് ഈ ലേഖന സംഗ്രഹം.

പഴഞ്ഞി ഓർത്തഡോക്സ് പള്ളിപ്പറമ്പിൽ ഒരു വലിയ മാവുണ്ടായിരുന്നു. സാമാന്യം വലിയ വൃക്ഷമായിരുന്നതു്. കായ്ക്കുന്ന മാങ്ങായ്ക്കു കയ്യും കണക്കുമില്ല. ഒരേസമയത്തുതന്നെ പഴുത്തതും മൂത്തതും പച്ചയും കണ്ണിമാങ്ങായുമായി ധാരാളമുണ്ടായിരിക്കും. നല്ല രുചിയുള്ള മാങ്ങായുമാണു്. കഴിഞ്ഞ കൊടുങ്കാററുകാലത്താണു് ആ മാവു വീണതു്.

വെയിലാറി വിശ്രമിക്കാനായി മാവിൻചുവട്ടിൽ ഒരു കസേരയിൽ തിരുമേനി കാററുംകൊണ്ടുകിടക്കുന്നു. ഭക്തജനങ്ങൾ ചുററിലും നിന്നു. മാങ്ങായുടെ വിശേഷവും മാവിൻ തണൽമൂലം അമ്പതുനോമ്പിൽ ആഴ്ചതോറും കുർബാനാനന്തരം നടക്കുന്ന കഞ്ഞിപകർച്ചയ്ക്കുള്ള സൌകര്യവും പറയുന്നു. അതു മാങ്ങാക്കാലവുമാണു്. ഒരു മാമ്പഴം

കാറേററു താഴെ വീണു. അതു തിരുമേനിക്കു കൊടുപ്പാനായി ഒരാൾ ഓടിച്ചെന്നു എടുക്കുമ്പോഴേയ്ക്കു ഒരു പയ്യൻ ചെന്നു എടുക്കലും കടിക്കലും ഒന്നിച്ചുകഴിഞ്ഞു. ജനങ്ങൾ അവനെ ശാസിച്ചു. ഉടനെ തിരുമേനി അവരെ അമർത്തി ഇപ്രകാരം പറഞ്ഞു "നിങ്ങൾ അവനെ ശാസിക്കേണ്ട, പഴമല്ലെ, പിള്ളയല്ലെ, പള്ളിപ്പറമ്പല്ലെ, എനിക്കാവശ്യമെങ്കിൽ തമ്പുരാൻ ഇനിയും തരും."

ഇതുപറഞ്ഞു സ്വല്പം കഴിയുമ്പോഴേക്കു തിരുമേനിക്കു് എല്ലാത്തരം മാങ്ങകളുടെയും സാമ്പിൾ കാണാനോ എന്നു തോന്നുമാറു ഒരു ചില്ലി കൊമ്പു മുറിഞ്ഞു താഴെ വീണു. അതിൽ പഴുത്തതുമുതൽ കണ്ണിമാങ്ങ വരെയുള്ള പലതരം മാങ്ങാക്കുലകൾ ഉണ്ടായിരുന്നു. തിരുമേനി മാമ്പഴം ആസ്വദിക്കയും പച്ചമാങ്ങരുചിനോക്കുകയുംചെയ്തു. ജനങ്ങൾ സന്തോഷചിത്തരായി.

ഭക്തശിരോമണിയായ മുനിയുടെ വാർത്ത നാടെങ്ങും പരന്നു. ഒരു ദിവസം വന്ധ്യയായ ഒരു ശൂദ്രസ്ത്രീ തിരുമേനിയെ വന്നു കണ്ടു. അവൾ പ്രസവിച്ചിട്ടില്ലെന്നും ഒരു കുഞ്ഞിനെ കണ്ടു താലോലിച്ചു മരിച്ചുപോകണമെന്നു് അതിയായ ആഗ്രഹമുണ്ടെന്നും അതിനായി തിരുമേനി ഒന്നു അനുഗ്രഹിക്കണമെന്നും അപേക്ഷിച്ചു. ദൈവാത്മപ്രേരിതനായ തിരുമേനി പ്രാർത്ഥിപ്പാനായി മദ്ബഹായിൽ പ്രവേശിച്ചു. തിരശ്ശീലയും വലിച്ചു. അതു ദീർഘനേരത്തെ പ്രാർത്ഥനയായിരുന്നു. താഴെ കാത്തുനിൽക്കുന്നവർ മുഷിഞ്ഞു. ഏറെനേരംകഴിഞ്ഞു തിരുമേനി ഇറങ്ങിവന്നു, ശെമ്മാശനോടു ധൂപക്കുററിയിലെ ഒരു നുള്ളൽ ചാരം കൊണ്ടുവരാൻപറഞ്ഞു. അതു പ്രസ്തുത സ്ത്രീക്കു കൊടുത്തു അവളെ അനുഗ്രഹിച്ചു. ആ ചാരം കലക്കിക്കുടിക്കാനും തമ്പുരാൻ അനുഗ്രഹിക്കുമെന്നും കല്പിച്ചു! എന്തൊരതിശയം! വർഷം ഒന്നു കഴിഞ്ഞു. ഇക്കാഴ്ചം ആരോർത്തു? ഒരു ശൂദ്രസ്ത്രീ ഒരു ആൺകുഞ്ഞും വഴിപാടുമായി ഇതാ പള്ളിയുടെ പടിഞ്ഞാറെ ഭാഗത്തു് എത്തിയിരിക്കുന്നു. മുനി അനുഗ്രഹിച്ചു് അവൾക്കുണ്ടായ കുഞ്ഞാണതു്. കുഞ്ഞിനെ കാഴ്ചവെച്ചും വഴിപാടു അർപ്പിച്ചുംകൊണ്ടു കുതുഹലചിത്തയായ അവൾ സന്തോഷാശ്രു പൊഴിച്ചു മടങ്ങിപ്പോയി. പരുമല ബാവാ പരമഭക്തൻ. അദ്ദേഹത്തിന്റെ പേരിൽഇതിന്നടുത്ത കാട്ടകമ്പാൻ, കുന്നംകുളം,മരത്തങ്കോട്ടു് ആദിയായ പല സ്ഥലങ്ങളിലും പള്ളികളും ചാപ്പലുകളും ഉണ്ടു്.

"നീതിമാന്റെ ഓർമ്മ വാഴ്‌വിന്നാകുന്നു."

# പുരാതന മലങ്കരസഭയുടെ ആധുനിക പരിശുദ്ധൻ

(റവ. ഫാദർ ഐ. ദാനിയൽ, ഡി. ഡി.,
എഫ്. പി. എച്ച്. എസ്., ചെപ്പാട്)

ക്രിസ്തുസഭ ആദിമകാലം മുതലേ അതിലെ പരിശുദ്ധന്മാരെയും രക്തസാക്ഷികളെയും ആദരിച്ചുവരുന്നു. രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താകുന്നു. അതുകൊണ്ടു ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിനു ശ്രമിച്ചിട്ടുള്ള പരിശുദ്ധന്മാരെ ഓർക്കുന്നതു സഭയ്ക്കു ഒരു വലിയ പദവിയാണ്. അതനുസരിച്ചു പരുമലെ കബറടങ്ങിയിരിക്കുന്ന ആ പുണ്യപുരുഷനെ മലങ്കരസഭ ഒരു പരിശുദ്ധനായി പ്രഖ്യാപനം ചെയ്തതു് എത്രയും ഉചിതം തന്നെ. ആ പ്രഖ്യാപനം ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച വർഷം തന്നെ നടന്നതും അർത്ഥവത്താണ്. ഇൻഡ്യ പുരാതനകാലം മുതൽക്കേ പരിശുദ്ധന്മാരുടെയും മതങ്ങളുടെയും നാടെന്നു് അറിയപ്പെട്ടിട്ടുള്ളതാണ്. മററു രാജ്യങ്ങൾ ലൗകികസമ്പത്തു കൊണ്ടു് ഉയരാൻ ശ്രമിക്കുമ്പോൾ ഇൻഡ്യയ്ക്കു ആത്മീയസമ്പത്തു കൊണ്ടല്ലാതെ യഥാർത്ഥമായ ഉയർച്ച പ്രാപിക്കാൻ സാദ്ധ്യമല്ല.

ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കാൻ ശ്രമിച്ചപ്പോൾ മററു രാജ്യങ്ങളുടെ മേൽ ആധിപത്യമോഹം ഇൻഡ്യയ്ക്കില്ലായിരുന്നു എന്നും പ്രത്യുത ആത്മശക്തികൊണ്ടു രക്തരഹിതമായ യുദ്ധത്തിലേർപ്പെട്ടു സ്വാതന്ത്ര്യം നേടി എന്നുള്ളതു് ഇൻഡ്യയ്ക്കു് അഭിമാനകരമാകുന്നു എന്നും ഗാന്ധിജി പറയുകയുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ആത്മശക്തികൊണ്ടു സ്വാതന്ത്ര്യം പ്രാപിച്ച ഇൻഡ്യയ്ക്കു ദൈവനിയമങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഒരു ആത്മീകരാജ്യം കെട്ടിപ്പടുക്കണമെന്നുള്ളതായിരിക്കണം ആദർശമായിരിക്കേണ്ടതു്. അങ്ങനെയുള്ള ആദർശം ഫലപ്രാപ്തിയിലെത്തുന്നതിനു പരിശുദ്ധന്മാരുടെ ദൃഷ്ടാന്തങ്ങൾ പൊതുജനദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു് അത്യന്താപേക്ഷിതമാണ്. പരിശുദ്ധനായ പരുമല തിരുമേനിയുടെ ആ മഹനീയ ദൃഷ്ടാന്തം നമുക്കു ആത്മീകജീവിതത്തിനു പ്രചോദനം നൽകത്തക്കതാണ് എന്നുള്ളതിനു സംശയമില്ല. തിരുമനസ്സുകൊണ്ടു വിശ്വാസവീരനും സൽപ്രവൃത്തിനിരതനും ലോകത്തിൽ ജീവിച്ചവനെങ്കിലും ലൗകികനല്ലാതെ ദൈവികനായി ജീവിച്ച പരിശുദ്ധനുമത്രെ.

ഭാരതസന്യാസി എന്നുള്ള യഥാർത്ഥ പേരിനു ആ പരിശുദ്ധൻ തികച്ചും അർഹനാണ്. ദാരിദ്ര്യം, അനുസരണം, പാതിവ്രത്യം എന്നീ ത്രിവിധ സന്യാസിത്വചിട്ടകൾ പരിപൂർണ്ണമായി പാലിച്ചു്

അദ്ദേഹം വിശുദ്ധി പ്രാപിച്ചു. സ്വന്തമായി അദ്ദേഹത്തിനൊന്നുമില്ലായിരുന്നു. കുരിശേറ്റത്തു തന്റെ യജമാനനെ അദ്ദേഹം യഥാർത്ഥമായി അനുഗമിച്ചു. വിശ്വാസികൾ കൊടുക്കുന്നതു കൊണ്ടു അദ്ദേഹം ജീവിച്ചു. കൃത്യമായി നിഷ്ഠകൾ പാലിക്കുന്നതിൽ നിർബന്ധമുള്ളവനായിരുന്നു. ഏഴു യാമങ്ങളിലുമുള്ള നമസ്കാരങ്ങൾ കണിശമായി നിർവഹിച്ചുവന്നു. ഏകാന്തതയിൽ അർദ്ധരാത്രികളിലുള്ള തന്റെ പ്രാർത്ഥനാനാഴികകളും തന്റെ ക്രമങ്ങളുമുള്ളവർക്കും വലിയ ആത്മീയ ആനന്ദത്തെ ഉളവാക്കുന്നവയായിരുന്നു.



ഫാദർ ഐ. ദാനിയേൽ.

ഇരുപത്തിരണ്ടര വരെയും ഉപവാസിക്കുന്നതുള്ളതു സാധാരണമായി ചെയ്യുന്നു. ഭക്ഷണം പൂർണ്ണമായും ഉപേക്ഷിച്ചിരുന്നെങ്കിലും എത്ര ദിവസവും ഏറിയിരിക്കുന്നതിനുള്ള കഴിവു് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയശുശ്രൂഷകളും പ്രസംഗങ്ങളും ദൈവഭക്തിയും ധൈര്യവും ദൃഢവിശ്വാസവും പ്രചോദനപ്രദമായിരുന്നു. ഓർത്തഡോക്സ് വിശ്വാസം പാലിക്കുന്നതിലും സുവിശേഷപ്രഘോഷണത്തിലും അതീവതാല്പര്യം പ്രദർശിപ്പിച്ചു. അദ്ദേഹവുമായി സഹവസിച്ചിട്ടുള്ളവർക്കെല്ലാം അദ്ദേഹത്തിന്റെ ത്യാഗപരമായ സേവനങ്ങളെ അഭിനന്ദിപ്പാൻ സംഗതിയായിട്ടുണ്ടു്. മലങ്കരസഭാശാഖ വിദേശങ്ങളിലും സ്ഥാപിക്കുന്നതിനു് അദ്ദേഹം അതീവതാല്പര്യം പ്രദർശിപ്പിച്ചു. അമേരിക്കയിലെ ഓൾഡ് കാതോലിക്ക സഭയിലെ ജോസഫ് റെനിവിലാത്തി എന്ന പട്ടക്കാരനെ 1892—ൽ സിലോണിൽ വച്ചു തെയോഫിലോസ് എന്ന നാമത്തിൽ പട്ടം കൊടുക്കുന്നതിനു് അദ്ദേഹവും സംബന്ധിച്ചു. തദനന്തരം അമേരിക്കയിലെ "ഓർഡർ ഓഫ് ദി ക്രൗൺ ഓഫ് തോൺസ്" എന്ന സംഘത്തിൽ നിന്നും അദ്ദേഹത്തിനു ബഹുമതികൾ ലഭിക്കയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

തന്റെ സ്വന്തം കയ്യാൽ അനവധി പുറജാതികളെ അദ്ദേഹം മാമോദീസാ മുക്കിയിട്ടുണ്ടു്. അദ്ദേഹം സ്ഥാപിച്ച പുറജാതിമിഷ്യൻ വേല ഇപ്പോഴും തുടർന്നുകൊണ്ടേ ഇരിക്കുന്നു. മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും ക്ഷീണിതനായിരുന്നില്ല. അദ്ദേ

ഹത്തിന്റെ ഒരിടവകയിൽ മസൂരിരോഗം പിടിപെട്ട മനുഷ്യർ ഭയവിഹ്വലരായപ്പോൾ അദ്ദേഹം അവിടത്തെ പള്ളിയിൽ സന്നിഹിതനായിരുന്നു രോഗികൾക്കു വേണ്ട ശുശ്രൂഷകൾ ചെയ്കയും മരിച്ചവരെ അടക്കുകയും മററും ചെയ്കയുണ്ടായി. അദ്ദേഹത്തിന്റെ ശുശ്രൂഷാഫലമായി രക്ഷപെട്ട ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥന മൂലം അനവധി രോഗികൾ സൗഖ്യം പ്രാപിച്ചിട്ടുണ്ട്. മരണശേഷവും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത വലിയ പ്രയോജനപ്രദമെന്നു നേർച്ചകളുമായി പെരുനാളിനു കൂടുന്ന അനേകായിരം ഭക്തജനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഇൻഡ്യൻ ദേശീയസഭയെപ്പററി ചിന്തിക്കുമ്പോൾ ഇപ്രകാരമുള്ള പരിശുദ്ധനെ സംജാതമാക്കാൻ കഴിഞ്ഞ ആ ഓർത്തഡോക്സ് സഭ തന്നെ തീർച്ചയായും ദേശീയസഭയായി സ്വീകരിക്കപ്പെടേണ്ടതാണ്. ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥത എന്നാളും സഭയ്ക്കും ജനങ്ങൾക്കും കോട്ടയും അഭയസ്ഥാനവും ആണെന്നുള്ളതിനു സംശയമില്ല.

---

# ആത്മ ഭാഗ്യം

ഫാദർ വി. എം. ഗീവറുഗീസുപണിക്കർ

മർത്തമറിയം പള്ളി, മാന്നാർ.

(കേക)

ഏതൊരു സൂര്യരാശി സന്തതം പൊഴിയുന്ന
ശക്തിയാൽ പ്രപഞ്ചത്തിൻ ചക്രങ്ങൾ കറങ്ങുന്നു?
ഏതൊരു ദിവ്യേന്ദുവിൻ ശീതളകരങ്ങളാ-
ണാധിയിൽ പെട്ടും മർത്ത്യകൈരവമുണ്ടീടുന്നു?
ആരുവാനിരമ്പീടും വൻകടൽ തിരകൾക്കു
തീരമായ് ചെറുമണൽ സഞ്ചയമഹോ വച്ചു!
ആരുവാനബ്ധിയിൽ മുത്തൊളി സമാവിശി-
ക്കാറിതൾ പകലാക്കുമോമണിനിരചേർത്തു?
സുമധു, മണം, നേത്രമോഹനനിറം ഇക്കാ
നിർമ്മലകുസുമങ്ങളാരുവാൻ ചമച്ചിതോ?
ആരുവാൻ പ്രപഞ്ചത്തിൽ കണ്ടിടുമെല്ലാററിലും
ആ ദിവ്യകരകാന്തി പൊന്തിച്ചു കാട്ടുന്നഹോ!
അദ്ഭുതാശക്തി പ്രഭാഭൂഷിതചരിത്രനായ്
അക്ഷുണ്ണനിധി ശാന്തജീവിതധനാനന്ദൻ.

കണ്ണുനീർ തടാകമാം ഭൂമിയിലൊഴുകീട്ടും
കണ്ണുനീർ പുഴകളിൽ ചാടിയും കയറിയും
ക്ലേശമാം കുരിശിനാൽ ജീവിതം മഹത്താക്കി
ക്ലേശിച്ചു വസിച്ചോർക്ക് * ഉരുശാന്തിയുമാശ്വാസവും
സ്വർദ്ദാ പ്രദാനം ചെയ്യുമീമഹിതന്നിൽ വാണ-
സ്വർദ്ദസ്വാനന്ദസുന്ദരൻ തിരുമേനി,
ഇപ്പൊഴും, ദിവംഗതനെങ്കിലും വിളങ്ങുന്നു;
സ്വർപ്പുരസുരാഗമം മർത്ത്യന്നു മഹാജീവൻ.
പാപമൊന്നത്രേ കൂറി, പാർക്കിൽ താവകത്തെ
വേർപെടും നിലമൃത്യു വല്ലതുഭവ്യം തന്നെ.
മാനുഷജഡത്തിന്റെ ചിന്തയോ മൃതിയെന്നും
മനുഷ്യാത്മാവിൻ ചിന്ത ജീവനാണെന്നും ചൊൽവു.
ആത്മമാസനാതനസൗരഭമെഴും സ്വർഗ്ഗ—
സത്മനി ചേരും ചിന്താസുന്ദരമായിടുമ്പോൾ,
ഭൂവിലെ ക്ഷണികമാം ജീവിതസുഖം തേടി
ദ്യോവിലെ വാസം തള്ളിടുന്നവരോ നശിക്കുന്നു.
കേവലം വരാലൊന്നു മുട്ടിയാൽ മതിയല്ലോ
കേമമാമിസ്ഫടികസാധനം തകരുവാൻ
എന്നു സദാ ചിന്തിച്ചീശ്വരപദാനന്ദ-
തുന്ദിലമനസ്കനായ്, യുക്തനായ് വിളങ്ങിയും,
മാഞ്ഞുപോം നിഴൽപോലെ മാനുഷൻ ചിലപ്പോഴിൽ
മാഞ്ഞുപോമറിയാതെയെന്നും സദായോർത്തും,
ധന്യനായ് "പരമ" ഭൂമിയെത്തിരുവടി—
യൊന്നിനാൽ പുകൾപെറും പുണ്യഭൂവാക്കിത്തീർത്ത
ധന്യതാനികേതനം, ശാന്താത്മസനാതനൻ,
കന്യകാസുതദാസൻ, നായികനെങ്കിലോ
മർത്ത്യരെ ക്ഷണിക്കുന്നോനാശിഷമഴയേകി
നിത്യവും "ഗ്രിഗോറിയോസ്" താതനോ ജയിക്കുന്നു!
ഭൂവിലെ കലാവിദ്യാകോവിദനിരകളോ,
ദ്യോവിലെ ശ്രീയോലുന്ന കാഴ്ചയോ?
അല്ലഹോ! ക്ഷണിക്കുന്നു മർത്ത്യരെ പരുമലെ
നല്ലൊരു മഹാത്മാവിൻ ദിവ്യമാം സമാധിതാൻ
കുന്നുകൾ കുഴികളും ഘോരമാം കാന്താരവും
പാരിതിൽ സ്വർല്ലോകമാം, പാവനപദം ചേരിൽ
അപ്പുണ്യഭൂവിൽ ചെന്നാദരാതിശയമൊടും
സ്വർപ്പുരസമാനശ്രീ കാണ്മതാണ് "ഭാഗ്യം."

---

* ഉരു: വർദ്ധിച്ച.

# പരുമല കൊച്ചുതിരുമേനി

**പി. ജേക്കബ്ബ് കുര്യൻ, 23—9—1939.**

മലയാളത്തെ സുറിയാനിസഭയുടെ പുരാതനത്വവും വിശ്വാസനൈർമ്മല്യവും ആധുനിക ക്രൈസ്തവലോകത്തിൻെറ സവിശേഷമായ ശ്രദ്ധയ്ക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുണ്ട്. എന്നാൽ മറ്റുള്ള പുരാതന സഭകളിൽ എന്നവണ്ണം നമ്മുടെ സഭയിൽ ചരിത്രപ്രസിദ്ധന്മാരായ പുണ്യവാന്മാർ ഉണ്ടായിട്ടില്ല എന്നൊരാക്ഷേപം ചിലർ പുറപ്പെടുവിക്കുമ്പോൾ, നാം തലകുനിച്ചിരുന്നുപോകേണ്ടി വരുന്നു. പരമാർത്ഥം പറയുന്നപക്ഷം, ത്യാഗിവര്യന്മാരും പുണ്യാത്മാക്കളുമായ പല സിദ്ധന്മാർ നമ്മുടെ സഭയിലും ഉണ്ടായിട്ടുണ്ട്. പക്ഷെ, അവരുടെ ജീവിതവൃത്താന്തങ്ങളും, അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനമൂലം സിദ്ധിച്ചിട്ടുള്ള ഉപകാരങ്ങളും രേഖപ്പെടുത്തുന്ന ഗ്രന്ഥങ്ങളാകട്ടെ, ആ പുണ്യാത്മാക്കളെ അഭയം ചൊല്ലി പ്രാർത്ഥിക്കുന്ന പതിവാകട്ടെ നമുക്ക് ഇല്ലാത്തതു കൊണ്ടാണ് നമ്മുടെ സിദ്ധന്മാരെപ്പററി ലോകവും, നാം തന്നെയും അറിയാതെയിരിക്കുന്നത്. നമ്മുടെ മഹാന്മാരുടെ ചരിത്രകഥകൾ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിന് ആരും ഒരുമ്പെടുന്നില്ല. ആത്മകഥാകഥനം എഴുതുന്ന പതിവ് നമ്മുടെ ഇടയിൽ ഇനിയും നടപ്പിൽ വരേണ്ടതായിട്ടുമാണിരിക്കുന്നത്. ഈ വക കാരണങ്ങളാൽ ലോകത്തിനും, സമകാലീനന്മാർക്കും, ഭാവി തലമുറകൾക്കും അറിയപ്പെടാത്തവരായി പല മഹാന്മാരും സിദ്ധന്മാരും നമ്മുടെയിടയിൽ ജീവിച്ച് യവനികക്കുള്ളിൽ മറഞ്ഞുപോയിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം.



പരുമല കാലം ചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്, മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള സിദ്ധന്മാരുടെ കൂട്ടത്തിൽ പ്രഥമഗണനീയനാണ്. ആ തിരുമനസ്സിലെ ജീവിതവിശുദ്ധിയേയും താപസനിഷ്ഠയേയും, ആത്മശക്തിയേയും പററി

അദ്ദേഹത്തിന്റെ സമകാലീനന്മാരായ സർവ്വ ആളുകളും ഒന്നുപോലെ വാഴ്ത്തി വരുന്നു. നിർദ്ദോഷങ്ങളും ഭക്തിദ്യോതകങ്ങളുമായ അദ്ദേഹത്തിന്റെ കല്പനകളും ഗ്രന്ഥങ്ങളും ഇവയ്ക്കു് ഉത്തമ സാക്ഷ്യം വഹിക്കുന്നുണ്ടു്. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളും ശാപങ്ങളും എത്രമാത്രം ഫലവത്തുക്കളായിരുന്നുവെന്നുള്ളതിനെ അനുഭവസ്ഥലോകം ഒന്നുപോലെ സമ്മതിക്കുകയും ചെയ്യുന്നു. ഈ പുണ്യപുരുഷന്റെ നിർയ്യാണശേഷം അദ്ദേഹത്തിൽ ശരണപ്പെട്ടു പ്രാർത്ഥിക്കുന്ന വിശ്വാസികൾക്കു സിദ്ധിക്കുന്ന അനുഗ്രഹങ്ങളെപ്പറ്റിയുള്ള കേൾവി കേരളക്കരയൊട്ടുക്കും അതിനപ്പുറവും, വ്യാപിച്ചിട്ടുള്ളതും, ജാതിമത വ്യത്യാസം കൂടാതെ കേരളീയരായ സകലരേയും അദ്ദേഹത്തിന്റെ സമാധിസ്ഥാനത്തേക്കു് ആകർഷിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു.

പരുമല തിരുമേനി നമ്മുടെ പരിശുദ്ധൻ ആണു്. അദ്ദേഹത്തെ സ്മരിക്കുകയും അദ്ദേഹത്തിന്റെ പുണ്യചരിത്രം വായിക്കുകയും ചെയ്യുന്നതു് നമ്മുടെ എല്ലാ കുടുംബങ്ങൾക്കും അനുഗ്രഹപ്രദമായിരിക്കും നിശ്ചയം.

## 8. റാവുസാഹിബ് ഒ. എം. ചെറിയാൻ; 29-9-1939.



"പരുമല കൊച്ചുതിരുമേനി" എന്നതു കേരള സുറിയാനിക്കാരുടെ ഗൃഹങ്ങളിൽ ഇന്നും ഒരു വലിയ പേരാണു്. ആ തിരുമേനി ജീവിച്ചിരുന്ന കാലത്തു, ദൈവഭക്തി, പ്രാർത്ഥനാജീവിതം, ഏകാഗ്രത, സമുദായപ്രണയം, ആത്മത്യാഗം എന്ന വിഷയങ്ങളിൽ അനിതരസാധാരണമായ പ്രാമുഖ്യം സമ്പാദിച്ചിരുന്നു എന്നുള്ളതു് പ്രസിദ്ധമാണു്. സർവ്വ സഭകളിൽ പ്രാമുഖ്യം സ്വാധീനമായിരുന്ന വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തന്നെയും, ഈ തിരുമേനിയെ ഉള്ളഴിഞ്ഞു അനുസരിക്കുകയും, അനുസരിക്കാതിരിക്കുവാൻ ഭയപ്പെടുകയും ചെയ്തുപോന്നതായി കേട്ടിട്ടുണ്ടു്. മരണാനന്തരം ആ തിരുമേനിയിൽനിന്നു് ഭക്തന്മാർക്കു് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ അനേകങ്ങളും കേരളത്തിൽ പ്രസിദ്ധങ്ങളും തന്നെ. ദൈവസംബന്ധമായ


വിഷയങ്ങളിൽ ആയുസ്സിലും ആയുശ്ശേഷത്തിലും പ്രജകളെ ഇത്ര ആകർഷിച്ചിട്ടുള്ള ഒരു മഹാ പുരുഷൻ ആധുനിക കാലത്തിലാകട്ടെ, ചരിത്രകാലത്തിലാകട്ടെ കേരളത്തിൽ ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. നിരന്തരമായ ദൈവാനുഗ്രഹത്തിൽ ആയുസ്സ് കഴിഞ്ഞുകൂട്ടുന്ന വരെ മരണശേഷം 'സിദ്ധ'പദത്തിലേക്ക് ഉന്നമനം ചെയ്യുന്ന ഒരു രീതി, റോമൻ കത്തോലിക്ക സമുദായത്തിൽ ഇന്നും നടപ്പിലുണ്ട്. പൌരസ്ത്യസഭയിൽ അങ്ങനെ ഒരു രീതി ഇന്ന് ഇല്ലാത്തതിനാൽ മാത്രം—പരുമല കൊച്ചുതിരുമേനി—സിദ്ധൻ എന്ന നാമാർഹനായി വിധി ഉണ്ടാകാത്തതാണ് എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ കേരള ക്രൈസ്തവന്മാർ സർവ്വാശംസകളെക്കൊണ്ട് മംഗളാശംസ നൽകിയിരിക്കുന്ന ഈ തിരുമേനി മൂർദ്ധാഭിഷിക്തനായി ആയിരമായിരം ആളുകളുടെ മനസ്സാമ്രാജ്യത്തിൽ പല ദശവർഷങ്ങളായി സിംഹാസനാരൂഢനായി വാഴുന്നു.

കൊച്ചു തിരുമേനിയുടെ ആയുശ്ചരിത്രം വിഷയമായ ഒരു പുസ്തകം അനേകമനേകമാളുകൾ പ്രത്യാശാപൂർവ്വം പ്രതീക്ഷിരുന്നതും, ഉൽക്കണ്ഠാപൂർവ്വം പാരായണം ചെയ്യുന്നതും ആയിരിക്കും എന്നുള്ളതിനെക്കുറിച്ചു വാദം വേണ്ടാ. ഹൃദയത്തെ സ്പർശിക്കേണ്ട വിഷയം ഹൃദയത്തെ സ്പർശിക്കുന്ന ഭാഷയിൽ കൈവന്നാൽ എത്ര മഹത്തരമാണ്! കൊച്ചുതിരുമേനി മരണശേഷം വിതരണം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ അപേക്ഷിക്കപ്പെടുന്നതായാൽ വളരെ ലഭിക്കുമെന്നുള്ളതു സംശയിക്കപ്പെടേണ്ടതില്ല. തിരുമേനിയെക്കുറിച്ചുള്ള സംഭവങ്ങൾ ദൈവത്തെക്കുറിച്ചുള്ള ചിന്തകളെ ഉത്തേജിപ്പിക്കും എന്നുള്ളതിനാൽ പല പ്രകാരങ്ങളിൽ പ്രയോജനകരമാകും എന്നുള്ളതും ഇവിടെ പ്രത്യേകം സ്മരണീയമാണ്. കൊച്ചുതിരുമനസ്സിലെ പ്രാർത്ഥന ഇതു എഴുതുന്ന എനിക്കും, ഇതു വായിക്കുന്ന അനേകർക്കും കോട്ട ആയിരിക്കട്ടെ.

3. പ്രിൻസിപ്പാൾ എ. എം. വർക്കി—എം. ജി. എം. ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നപ്പോൾ.



Our Church was better for having him on earth. Our Church will be better for having him in Heaven. He measured up splendidly to a sanctity beyond the ordinary.



എം. എ. ചാക്കോ.

കഴിഞ്ഞ തലമുറയിലെ ഒരു സിംഹപുരുഷൻ.

1899-ാമാണ്ടു എടുക്കപ്പെട്ട ഒരു ഗ്രൂപ്പു ഫോട്ടോയിൽനിന്നു്.



ഇരിക്കുന്നവർ:— മാർ ഈവാനിയോസ്-മുറിമറ്റം, (പിന്നീടു മലങ്കര യിലെ പ്രഥമ പൗരസ്ത്യ കാതോലിക്കാ), മാർ അത്താനാസ്യോസ്-കടവിൽ, മാർ ദീവന്നാസ്യോസ് അഞ്ചാമൻ-പുലിക്കോട്ടിൽ, മാർ ഗ്രീഗോറിയോസ്-ചാത്തുരുത്തി.


നിൽക്കുന്നവർ:— മലങ്കര മല്പാൻ ഗീവറുഗീസ് കത്തനാർ-വട്ടശ്ശേരി (പിന്നീടു ദിവന്നാസ്യോസ് ആറാമൻ), പൗലൂസ് റമ്പാച്ചൻ-കല്ലാശ്ശേരി (ഇപ്പോഴത്തെ കാതോലിക്കാ ബാവാ), പൗലൂസ് റമ്പാച്ചൻ-കൊച്ചുപറമ്പിൽ (പിന്നീടു മാർ കുറിലോസ്), ഗീവറുഗീസു റമ്പാച്ചൻ-കാരുചിറ (പിന്നീടു് മലങ്കരയിലെ ദ്വിതീയ കാതോലിക്കാ), മലങ്കരമല്പാൻ കോനാട്ടു മാത്തൻ കത്തനാർ.



എപ്പിസ്കോപ്പൽ സുന്നഹദോസ്—1948.

1:2000 — വില അണ 14. — 20–10–1952.

## കാതോലിക്കേററ് കോളജ്, പത്തനംതിട്ട.



ഈ വിധത്തിൽ പൂർത്തിയാകുവാൻ തക്കവണ്ണം
എല്ലാവരും കരളും കയ്യും തുറന്ന് സഹായിപ്പിൻ.


# മലങ്കരസഭ

**മലങ്കരസഭവക ഏക മാസിക**

വരിസംഖ്യ പ്രതിവർഷം മൂന്നുരൂപാ.

അപേക്ഷിക്കേണ്ടും വിലാസം:

**മാനേജർ, മലങ്കരസഭാമാസിക, കോട്ടയം.**

“നമ്മുടെ സഭയുടെ വിശ്വാസോപദേശങ്ങൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ആയതിലേക്ക് “മലങ്കരസഭ” എന്ന പേരിൽ ഒരു മാസിക നമ്മുടെ കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതു എല്ലാ ഭവനങ്ങളിലും വരുത്തി വായിക്കുന്നതു പ്രയോജനകരമായിരിക്കും.” — വിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു്.


Printed at the Malayala Manorama Press, Kottayam.